# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2014
പുസ്തകം 3 ലക്കം 5
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ–ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എസ്. സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **എസ്.ആർ. പ്രവീൺ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ – പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം–695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3–ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം–1
**ഫോൺ: 0471-2517036**


മുഖക്കുറിപ്പ്

# മത്സ്യലഭ്യത – പ്രതിസന്ധികൾ സാധ്യതകൾ

മത്സ്യഭക്ഷണവിഭവങ്ങൾ മലയാളിയുടെ ദൗർബല്യമാണ്. ഒരുകാലത്ത് വളരെ സുലഭമായി വൈവിധ്യമാർന്ന മത്സ്യങ്ങൾ ഭക്ഷ്യവിഭവങ്ങളാക്കിയിരുന്നുനാം. ഭക്ഷണത്തിലെ അനിവാര്യതതന്നെയായിരുന്നു മലയാളിക്ക് മത്സ്യം. എന്നാൽ രുചികരവും വ്യത്യസ്തവുമായ നാടൻ മത്സ്യങ്ങളുടെ ലഭ്യത വളരെ കുറഞ്ഞിരിക്കുന്നു. രുചികരമായ പല ഇനങ്ങളും ഇന്ന് ലഭ്യമല്ല. അവ വംശനാശത്തിന്റെ പാതയിലാണ്. ഇതിനെക്കുറിച്ച് മത്സ്യത്തൊഴിലാളികൾ മാത്രമല്ല ഏവരും ആശങ്കാകുലരാണ്.

എഴുപതുകളുടെ അവസാനത്തോടെയാണ് മത്സ്യസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് നാം ചിന്തിച്ചുതുടങ്ങിയത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ദീർഘമായ സമരകാലഘട്ടം ഈ രംഗത്തെക്കുറിച്ച് പൊതുബോധവും ചിന്തയുമുണർത്തുവാൻ കാരണമായി. അതുവരെ അത് മത്സ്യത്തൊഴിലാളികളുടെ മാത്രം വിഷയമായിരുന്നു. 80 കളുടെ ആദ്യപകുതിയിൽ ട്രോളിങ് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സമരത്തെത്തുടർന്നാണ് മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ടതുണ്ടെന്ന ആവശ്യം കേരളത്തിലെ പൊതുചിന്തയുടെ ഭാഗമായത്.

ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ മത്സ്യങ്ങളുടെ പ്രജനന കാലമാണെന്നും ഈ കാലയളവിൽ കടലിന്റെ അടിത്തട്ടുവരെ ഉഴുതുമറിക്കുന്ന ട്രോളിങ് പോലുള്ള മത്സ്യബന്ധന രീതികൾ പാടില്ലെന്നും മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു. അതിന്റെ തുടർച്ചയാണ് ഇന്നും തുടരുന്ന ട്രോളിങ് നിരോധനം. ഒരു പരിധിവരെ മത്സ്യസമ്പത്തിന്റെ നിലനിൽപ്പിന് ഇത് പര്യാപ്തമായി.

കേരളത്തിലെ മറ്റേതു ഭക്ഷ്യവിഭവത്തിന്റെയും കാര്യത്തിൽ സ്വയംപര്യാപ്തമല്ലായെന്നതുപോലെ മത്സ്യത്തിന്റെ കാര്യത്തിലും നാം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ട്. ഏകദേശം നാലര ലക്ഷം ടൺ ആണ് നമ്മുടെ ഉപഭോഗം. എന്നാൽ 5.22 ലക്ഷം മെട്രിക് ടൺ മാത്രമേ കടലിൽനിന്നും പിടിക്കുവാൻ കഴിയുന്നുള്ളൂ. ഇതിൽ 1.66 ലക്ഷം മെട്രിക് ടൺ കഴിഞ്ഞവർഷത്തെ കണക്കനുസരിച്ച് കയറ്റുമതി ചെയ്യപ്പെട്ടു. ഇത് നമ്മുടെ മാത്രം പ്രതിസന്ധിയല്ല. മിക്ക രാജ്യങ്ങളും നേരിടുന്ന വെല്ലുവിളിയാണ്. അതിനെയൊക്കെ ശാസ്ത്രീയമായി പരിഹരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. നമുക്കും അത്തരത്തിലുള്ള ശ്രമങ്ങളിലൂടെ മാത്രമേ മത്സ്യ ലഭ്യതയുടെ അളവിനെ സംരക്ഷിക്കുവാൻ കഴിയൂ. ഇതോടൊപ്പം ഉൾനാടൻ മത്സ്യോത്പാദനം അഞ്ചു വർഷം കൊണ്ട് ഒരു ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 1.86 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നത് ഈ രംഗത്തു കൂടുതൽ പ്രതീക്ഷ നൽകുന്നു. *മത്സ്യസമൃദ്ധി* പദ്ധതി പോലെയുള്ളവയുടെ പ്രസക്തി ഇവിടെയാണ്.

ഈ ലക്കത്തിൽ ചർച്ച ചെയ്യുന്നത് കേരളത്തിലെ മത്സ്യമേഖല നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചാണ്. ഈ രംഗത്തെ പ്രഗത്ഭരായ വ്യക്തികൾതന്നെ അവരുടെ ആശങ്കകളും പ്രതീക്ഷകളും ലേഖനങ്ങളിൽ പങ്കുവെക്കുന്നുണ്ട്. ക്രിയാത്മകമായ ഇടപെടലുകളിലൂടെ മാത്രമേ വിദേശനാണ്യമുൾപ്പെടെ നേടിത്തരുന്ന മത്സ്യമേഖലയെ നമുക്ക് സംരക്ഷിച്ചു നിർത്താൻ കഴിയൂ. കടൽ അക്ഷയപാത്രമല്ലെന്ന ബോധ്യവും നമുക്കുണ്ടാകേണ്ടതുണ്ട്. ഒപ്പം ഉത്തരവാദിത്വ മത്സ്യബന്ധനവും ഉൾനാടൻ മത്സ്യക്കൃഷിയും കൂടുതൽ ഗൗരവത്തോടെ വീക്ഷിക്കപ്പെടുകയും വേണം. ■

**മിനി ആന്റണി**
ചീഫ് എഡിറ്റർ

# ജനപഥം

ജൂലൈ 2014






**6**
**യുദ്ധഭൂമിയുടെ വിഹ്വലതകളിൽനിന്ന് നാടിന്റെ തണലിലേക്ക്**

**28**
**ഫോട്ടോ ഫീച്ചർ**



**32**
**അതുല്യം, അനന്യം ഈ ദൃശ്യസാമ്രാജ്യം**
സുരേഷ് ശിവദാസ്



**34**
**കാതലുള്ള ധിക്കാരി**
രാജേഷ് കെ. എരുമേലി

8
**മത്സ്യത്തൊഴിലാളികളുടെ ഹൃദയത്തുടിപ്പിനൊപ്പം**
കെ. ബാബു
ഫിഷറീസ് മന്ത്രി

12
**ഉത്തരവാദിത്വപര മത്സ്യബന്ധനം സാധ്യമാക്കാൻ**
സി. രാമചന്ദ്രൻ

17
**കുറയുന്ന മത്സ്യസമ്പത്ത്**
സഞ്ജീവ ഘോഷ്

20
**സുസ്ഥിര മത്സ്യവികസനം എങ്ങനെ?**
ഡോ. കെ.എസ്. പുരുഷൻ

23
**താങ്ങും തണലുമായി മത്സ്യഫെഡ്**

25
**കരിമീൻ പെരുമ**
എസ്. സന്തോഷ്കുമാർ

30
**ഫിഷറീസ് സയൻസ് മികച്ച തൊഴിൽ സാധ്യതകൾ**
ജലീഷ് പീറ്റർ



കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, അമിത മത്സ്യബന്ധനം – ഇവയാണ് മലയാളിയുടെ പ്രിയപ്പെട്ട പല മീൻ ഇനങ്ങളും ഇല്ലാതാവുന്നതിന്റെ കാരണങ്ങളായി വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ഉത്തരവാദിത്വപര മത്സ്യബന്ധനം സാധ്യമായാലേ മത്സ്യസമ്പദ്ശോഷണം നേരിടാൻ നമുക്കാവൂ.



36
**അരണ്യശാന്തതയിലെ മംഗളാദേവി**
കവിതഭാമ

40
**പുണ്യം പൂത്തുലയുന്ന പെരുന്നാൾ ഓർമകൾ**
ടി.വി. അബ്ദുറഹിമാൻകുട്ടി

43
**ജ്വലിക്കുന്ന സ്മരണയിൽ ജാലിയൻവാലാബാഗ്**
ബി.എസ്. നിസാമുദ്ദീൻ

45 കേരള വാർത്തകൾ
48 ജില്ലകളിലൂടെ
51 സർക്കാർ ഉത്തരവുകൾ
52 പദപാഠം
53 പുസ്തക പരിചയം
54 കാലത്തിനൊപ്പം

മുഖചിത്രം വര : **വി.എസ്. പ്രകാശ്**







ഇറാഖിലെ സംഘർഷ മേഖലയിൽ നിന്ന് മോചിപ്പിച്ച 46 മലയാളി നേഴ്സുമാർ നാട്ടിൽ എത്തി. ഇറാഖിലെ ഇർബിൽ വിമാനത്താവളത്തിൽ നിന്നുള്ള എയർ ഇന്ത്യയുടെ എ.ഐ.160 പ്രത്യേകവിമാനത്തിലാണ് ഇവർ എത്തിയത്. 183 പേരാണ് വിമാനത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 46 നഴ്സുമാരാണ് കൊച്ചിയിൽ ഇറങ്ങിയത്.

മടങ്ങിയെത്തിയ നേഴ്സുമാരുടെ സംഗമം നോർക്ക സംഘടിപ്പിച്ചു. ഇറാഖിൽ നിന്ന് തിരിച്ചെത്താൻ ആഗ്രഹിക്കുന്ന മലയാളികൾക്ക് ആവശ്യമായ സഹായവും പിന്തുണയും സർക്കാർ നൽകുമെന്ന് നേഴ്സുമാരുടെ സംഗമത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

സ്വകാര്യ ആശുപത്രി ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് നഴ്സുമാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാനും സർക്കാർ നടപടി സ്വീകരിക്കും. ഇറാഖിൽനിന്ന് ലഭിക്കേണ്ട ശമ്പളകുടിശിക ഇന്ത്യൻ എംബസി വഴി ശേഖരിച്ച് നഴ്സുമാർക്ക് നൽകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. നേരത്തേ നാട്ടിലെത്തിയ പത്തു നഴ്സുമാർക്ക് വിമാനയാത്രാക്കൂലിയിനത്തിൽ ചെലവായതുക നോർക്ക നൽകും. ഇപ്പോൾ മടങ്ങിയെത്തിയ 46 പേർക്ക് നോർക്ക വൈസ് ചെയർമാനും വ്യവസായിയുമായ സി.കെ. മേനോൻ മൂന്ന് ലക്ഷം രൂപ വീതം നൽകുമെന്ന് അറിയിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. നോർക്ക മന്ത്രി കെ.സി. ജോസഫ് ആമുഖ പ്രസംഗം നടത്തി. പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ, മന്ത്രിമാരായ കെ.എം. മാണി, പി.കെ. കുഞ്ഞാലിക്കുട്ടി, പി.ജെ. ജോസഫ്, അടൂർ പ്രകാശ്, ജോസ് കെ. മാണി എം.പി. വിവിധ ആശുപത്രി ഗ്രൂപ്പുകളുടെ മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

കൊച്ചിയിൽ എത്തിയ നഴ്സുമാരെ സ്വീകരിക്കാൻ മുഖമന്ത്രി ഉമ്മൻചാണ്ടി ദൽഹിയിൽ നിന്ന് രാവിലെ 11 മണിയോടെ നെടുമ്പാശേരി രാജ്യാന്തര വിമാനത്താവളത്തിലെത്തിയിരുന്നു. മന്ത്രിമാരായ പി.ജെ. ജോസഫ്, വി.എസ്. ശിവകുമാർ, എം.പിമാരായ പി. രാജീവ്, ജോസ് കെ.മാണി, ഇന്നസെന്റ്, ആന്റോ ആന്റണി, എം.എൽ.എമാരായ അൻവർ സാദത്ത്, ജോസ് തെറ്റയിൽ, ജില്ല കളക്ടർ എം.ജി. രാജമാണിക്യം, മുൻ എം.പി കെ.പി. ധനപാലൻ, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് വി. മുരളീധരൻ തുടങ്ങി ഒട്ടേറെ പ്രമുഖരെത്തിയിരുന്നു. കേരള കേഡർ ഉദ്യോഗസ്ഥരായ കേരള ഹൗസ് റസിഡന്റ് കമ്മിഷണർ ഗ്യാനേഷ് കുമാർ, അസി.കമ്മിഷണർ രചന ഷാ എന്നിവർ സംഘത്തെ അനുഗമിച്ചിരുന്നു.

തിരികെയെത്തിയവർക്കെല്ലാം യാത്രയ്ക്കുള്ള സൗകര്യം ചെയ്തതിനൊപ്പം സഹായധനമായി 5000 രൂപയും നൽകി.

നഴ്സുമാർക്ക് നാട്ടിലേക്കു മടങ്ങുന്നതിനായി നോർക്ക വാഹനസൗകര്യം ആവ



# യുദ്ധഭൂമിയുടെ വിഹ്വലതകളിൽനിന്ന് നാടിന്റെ തണലിലേക്ക്

ശ്യപ്പെവർക്കെല്ലാം നല്കിയിരുന്നു. ഹൈദരാബാദിൽ ഇറങ്ങിയ അഞ്ചുപേരെ അവരവരുടെ വീടുകളിൽ എത്തിക്കുന്നതിനുള്ള സൗകര്യവും നഴ്സുമാരുടെ ബന്ധുക്കൾക്ക് താമസ, ഭക്ഷണ സൗകര്യവും ഒരുക്കിയിരുന്നു.

ആർക്കും ഒരു ബുദ്ധിമുട്ടും ഇല്ലാത്ത വിധം വിമാനത്താവളത്തിൽ ക്രമീകരണം നടത്താൻ നോർക്ക റൂട്ട്സ് പ്രവർത്തകർക്കായി. സി.ഇ.ഒ പി. സുദീപിന്റെ നേതൃത്വത്തിൽ ജനറൽ മാനേജർ ജോർജ് മാത്യു, സുരേന്ദ്രൻ പിള്ള, ഹരി പി. നായർ, നോർക്ക മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി കെ.സി. ബേബി എന്നിവരടങ്ങിയ അഞ്ചംഗ സംഘമാണ് വിമാനത്താവളത്തിൽ നോർക്ക പ്രവർത്തനം ഏകോപിപ്പിച്ചത്.



ഇറാഖിൽ നിന്ന് മടങ്ങിയെത്തിയ നേഴ്സുമാർക്കുവേണ്ടി ഒരുക്കിയ സത്കാരത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി മന്ത്രിമാരായ കെ.എം.മാണി, കെ.സി. ജോസഫ് തുടങ്ങിയവർ. കൂടുതൽ ചിത്രങ്ങൾ പേജ് 28-29.

■ കെ. ബാബു
ഫിഷറീസ് മന്ത്രി



മിഷൻ 676
കേരളം കുതിക്കുന്നു, ലോകത്തോടൊപ്പം

# മത്സ്യത്തൊഴിലാളികളുടെ ഹൃദയത്തുടിപ്പിനൊപ്പം

**സാമൂഹികപ്രതിബദ്ധത, വികസനം, സുരക്ഷ എന്നിവ മുഖമുദ്രയാക്കി ഫിഷറീസ് വകുപ്പിന് നവീന മുഖം നൽകാൻ സർക്കാരിന് കഴിഞ്ഞു**



മത്സ്യത്തൊഴിലാളികളുടെ തുടിപ്പറിഞ്ഞ അവരുടെ കണ്ണീരൊപ്പുന്ന, സുരക്ഷയൊരുക്കുന്ന ഒരു സർക്കാരാണിത്. കഴിഞ്ഞ കാലങ്ങളിൽ അവഗണനയുടെ അടിത്തട്ടിൽ കഴിഞ്ഞിരുന്ന മത്സ്യത്തൊഴിലാളികൾ ഇന്ന് ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. അധിക കേന്ദ്രസഹായത്തിനു പുറമേ എൻ.എഫ്.ഡി.ബി., നബാർഡ് എന്നീ ഫണ്ടിങ് ഏജൻസികളിൽ നിന്ന് ധനസഹായം വൻതോതിൽ ഈ മേഖലയിലേക്ക് കൊണ്ടുവരാനും ഈ കാലയളവിൽ കഴിഞ്ഞു. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ മൂന്ന് വർഷം പിന്നിടുമ്പോൾ, മത്സ്യത്തൊഴിലാളികൾക്ക് ഒട്ടേറെ ആനുകൂല്യങ്ങളും പുത്തൻ പ്രതീക്ഷകളും നൽകാൻ കഴിഞ്ഞു.

ചുരുങ്ങിയ കാലയളവിൽ മത്സ്യബന്ധന വകുപ്പുകളുടെ പ്രധാനപ്പെട്ട ഭരണനേട്ടങ്ങളുടെ രത്നച്ചുരുക്കമാണിത്. സുതാര്യമായ നിലപാടുകളും വികസന പദ്ധതികളും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിച്ച് ജനങ്ങളുടെ പ്രശ്നങ്ങളിൽ മനുഷ്യത്വപരമായ സമീപനം പുലർത്താൻ സാധിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു.

### മത്സ്യത്തൊഴിലാളികൾക്ക് 16, 573 സൗജന്യ വീടുകൾ

- മത്സ്യലഭ്യത കുറവായ പഞ്ഞമാസങ്ങളിൽ വരുമാന ലഭ്യത ഉറപ്പുവരുത്തുന്ന 'തണൽ' പദ്ധതിക്ക് തുടക്കമായി. 1350 രൂപ വീതം ഓരോ മത്സ്യത്തൊഴിലാളിക്കും പദ്ധതിയിലൂടെ നൽകി.
- മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദന വർധന ബോണസ് നൽകുവാൻ തീരുമാനിച്ചു.
- മത്സ്യത്തൊഴിലാളി പെൻഷൻ 300 രൂപയിൽ നിന്നും 600 രൂപയാക്കി വർദ്ധിപ്പിച്ചു. വിധവാ പെൻഷൻ 500 രൂപയാക്കി.
- ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിലൂടെ 4,73,552 മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം
- സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബയോമെട്രിക് കാർഡുകൾ.
- 42 മത്സ്യഗ്രാമങ്ങളിൽ 84 കോടി രൂപയുടെ സംയോജിത മത്സ്യഗ്രാമ പദ്ധതി.
- 75 കോടി രൂപയുടെ 39 ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ
- ഉൾനാടൻ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനായി മത്സ്യസമൃദ്ധി പദ്ധതി.
- മത്സ്യത്തൊഴിലാളികൾക്ക് 50 ശതമാനം സബ്സിഡിയോടെ 100 ഡീസൽ എഞ്ചിനുകൾ
- മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പന്ത്രണ്ടു കോടി രൂപയുടെ വിദ്യാഭ്യാസ ധനസഹായം
- തിരുവനന്തപുരത്ത് മുപ്പത് കോടി രൂപയുടെ ഫിഷ് നെറ്റ് ഫാക്ടറി.
- തീരദേശമേഖലയുടെ സമഗ്രവികസനത്തിന് തീരദേശവികസന കോർപറേഷൻ വഴി 71.69 കോടി രൂപ അനുവദിച്ചു.
- അണക്കെട്ടുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും മത്സ്യബന്ധനം നടത്തുന്നതിനും അനുമതി നൽകി.
- മീൻപിടിത്തത്തിനിടയിൽ മരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രീമിയത്തിൽ വർധനവില്ലാതെ 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചു.
- മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷുറൻസ് ക്ലെയിം മൂന്നു ലക്ഷം രൂപയിൽ നിന്നും അഞ്ചു ലക്ഷം രൂപയായി വർധിപ്പിച്ചു. വിവാഹ ധനസഹായം 1500 രൂപയിൽ നിന്നും 10,000 രൂപയാക്കി ഉയർത്തി. ആകസ്മിക മരണം സംഭവിച്ചാൽ നൽകുന്ന തുക 20,000 രൂപയിൽ നിന്നും 50,000 രൂപ



ചിത്രങ്ങൾ : ആർ. പ്രശാന്ത്, സി.എസ്. രവികുമാർ, ശങ്കരനാരായണൻ, ഐ&പി.ആർ.ഡി.

യാക്കി ഉയർത്തി. മരിച്ചവരുടെ ആശ്രിതർക്കുള്ള താത്കാലിക ധനസഹായം 15000 രൂപയാക്കി വർദ്ധിപ്പിച്ചു.

## അടിസ്ഥാന സൗകര്യ വികസനം

- ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവനരഹിതരായ 6573 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതിയ ഭവനങ്ങൾ നിർമിക്കുന്നതിനുള്ള ധനസഹായം നല്കി. ഇതിനായി 138.85 കോടി രൂപ ചെലവഴിച്ചു.
- തെരഞ്ഞെടുത്ത 2000 മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനു വേണ്ടി 10 കോടി രൂപ ചെലവഴിക്കുന്നു.
- തീരദേശ മത്സ്യ ഗ്രാമങ്ങളുടെ ശുചിത്വം ഉറപ്പു വരുത്തുന്നതിനായി 12,000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്വന്തമായി ശൗചാലയങ്ങൾ നിർമിക്കുന്നതിന് ധനസഹായം നല്കി. ഇതിനായി 23 കോടി രൂപ ചെലവഴിച്ചു
- മത്സ്യവിപണനം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി 33 ആധുനിക മത്സ്യ മാർക്കറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിർമിച്ചു വരുന്നു. ഇതിൽ നാല് മാർക്കറ്റുകളുടെ നിർമാണം പൂർത്തിയാക്കി. ഏഴു മാർക്കറ്റുകളുടെ നിർമാണം അന്തിമ ഘട്ടത്തിലാണ്. ഏകദേശം 62 കോടി രൂപ അടങ്കൽ തുകയാണ് വകയിരുത്തിയിരിക്കുന്നത്. 90 ശതമാനം എൻ.എഫ്.ഡി.ബി. ധനസഹായത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
- തീരദേശ മേഖലയുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 75.6 കോടി രൂപയുടെ 64 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവയിൽ അഞ്ച് എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞു.
- എല്ലാ മത്സ്യഗ്രാമങ്ങളേയും പൂർണതോതിൽ വൈദ്യുതീകരിക്കുന്നതിന്റെ ഭാഗമായി 21.39 കോടി രൂപയുടെ പദ്ധതികൾ 41 ഗ്രാമങ്ങളിൽ നടപ്പിലാക്കി വരുന്നു. ഇവയിൽ മൂന്ന് എണ്ണം പൂർത്തീകരിച്ചു.
- 17 മത്സ്യ ഗ്രാമങ്ങളിൽ 3.62 കോടി രൂപയുടെ പബ്ളിക് ടോയ്‌ലറ്റുകൾ മത്സ്യത്തൊഴിലാളികൾക്കായി സ്ഥാപിക്കുന്നതിനുളള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
- 24 മത്സ്യഗ്രാമങ്ങളിൽ 7.41 കോടി രൂപയുടെ ചെലവിൽ 24 ലൈബ്രറികൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിച്ചു.
- വൃത്തിയുള്ള സാഹചര്യത്തിൽ മത്സ്യലേലം ഉറപ്പു വരുത്തുന്നതിന് 14 ആധുനിക ഫിഷ് ലാന്റിങ് സെന്ററുകൾ സ്ഥാപിക്കാൻ 15.87 കോടി രൂപയുടെ അനുമതി നൽകി. ഇതിൽ മൂന്ന് എണ്ണം പൂർത്തീകരിച്ചു.
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 45 നെറ്റ് മെന്റിങ് യാർഡുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 15.81 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇവയിൽ 10 എണ്ണത്തിന്റെ നിർമാണം പൂർത്തിയാക്കി.
- സംസ്ഥാനത്തെ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി 25.16 കോടി രൂപ അനുവദിച്ചു.
- തീരദേശത്തെ മത്സ്യഗ്രാമങ്ങളിലെ 19 അംഗൻവാടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 3.18 കോടി രൂപ വകയിരുത്തിയിരിക്കുന്നു.
- ശക്തികുളങ്ങരയിൽ ഒരു കമ്മ്യൂണിറ്റി പീലിങ് ഷെഡ് 385 ലക്ഷം രൂപ ചെലവിൽ MPEDA യുടേയും സർക്കാരിന്റെയും ആഭിമുഖ്യത്തിൽ സ്ഥാപിച്ചു.
- വലിയതുറയിൽ 30 കോടി രൂപ ചെലവിലുള്ള നെറ്റ് ഫാക്ടറിയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- പൂവാറിൽ 63 ലക്ഷം രൂപ മുടക്കി സോളാർ ഫിഷ്ഡ്രൈയിങ് യൂണിറ്റ് സ്ഥാപിച്ചു.

തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് ഹാർബർ എഞ്ചിനീയറിങ് വകുപ്പു വഴി 158.65 കോടി രൂപയുടെയും തീരദേശ വികസന കോർപ്പറേഷൻ വഴി 21.31 കോടി രൂപയുടെ നിർമാണ പ്രവൃത്തികൾ ഏറ്റെടുത്തു.

## പരിശീലനം

- കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ഏകദേശം നാലു കോടി രൂപ ചെലവു വരുന്ന രണ്ട് ഫിഷറീസ് ട്രെയിനിങ് സെന്ററുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിക്കഴിഞ്ഞു.

## മത്സ്യകൃഷി വികസനം

- സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള വിവിധ ഹാച്ചറികളിലായി കഴിഞ്ഞ വർഷം 116.2 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളും 58 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളും ഉത്പാദിപ്പിച്ചു.
- ഏകദേശം 2800 ഹെക്ടർ പാഴ്ജലാശയത്തിൽ സംയോജിത മത്സ്യ-നെൽക്കൃഷി നടപ്പിലാക്കുക വഴി കഴിഞ്ഞ വർഷം 237 ടൺ ചെമ്മീൻ അധികമായി ഉത്പാദിപ്പിച്ചു.
- 10135 ഹെക്ടർ ജലപ്രദേശത്ത് മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കി. ഈ പദ്ധതി വഴി ആദ്യ വർഷം 25,807 മെട്രിക് ടൺ മത്സ്യവും രണ്ടാം വർഷം 36492 മെട്രിക് ടണ്ണും ഉൾപ്പെടെ ആകെ 62,299 മെട്രിക് ടൺ മത്സ്യ / ചെമ്മീൻ ഉത്പാദിപ്പിച്ചു. ഈ പദ്ധതിയിൽ നാളിതുവരെ



നെടുമങ്ങാട് ആധുനിക മത്സ്യമാർക്കറ്റിന്റെ നിർമാണോദ്ഘാടനം മന്ത്രി കെ. ബാബു നിർവഹിക്കുന്നു



**ആഴക്കടൽ മത്സ്യ ബന്ധന പദ്ധതി സംസ്ഥാനതല ഉദ്ഘാടനവും ഉപകരണ വിതരണവും പുതിയാപ്പ ഹാർബറിൽ മന്ത്രി കെ. ബാബു നിർവഹിക്കുന്നു**

918 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 65,178 കർഷകർ പങ്കെടുത്തു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി 74 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ പൊതു ജലാശയങ്ങളിൽ നിക്ഷേപിക്കുകയുണ്ടായി.

- ചെമ്മീൻ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി.
- അലങ്കാര മത്സ്യകൃഷി, അലങ്കാര മത്സ്യ വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി അലങ്കാരമത്സ്യങ്ങളുടെ രാജ്യാന്തര പ്രദർശനം എറണാകുളത്ത് മറൈൻഡ്രൈവിൽ സംഘടിപ്പിച്ചു.

## കടൽ മത്സ്യബന്ധന മേഖല

- കാസറഗോഡ്, മലപ്പുറം, തൃശൂർ, ആലപ്പുഴ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകൾ പുതുതായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ഉൾനാടൻ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനും, തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതും ലക്ഷ്യമിട്ടുകൊണ്ട് കീഴ്മാട് പഞ്ചായത്തിലെ പെരിയാറിന്റെ ചൊവ്വര കടവിലും, പായം പഞ്ചായത്തിലെ ഇരിട്ടിപ്പുഴയിലും, ആലപ്പുഴയിലെ പമ്പയാറിലും, മലപ്പുറം ചാലിയാറിലും, കാസർഗോഡ് നീലേശ്വരം പുഴയിലും മത്സ്യസാങ്ചറികൾ സ്ഥാപിച്ചു.
- ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന മൊട്ടാകെ 569 പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഏകദേശം 55,000/- രൂപ വില വരുന്ന ജി.എഫ്.എസ്, ഇൻസുലേറ്റഡ് ബോക്സ്, ലൈഫ് ജാക്കറ്റ്, കൃത്രിമ മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ സൗജന്യമായി നൽകി.

## മത്സ്യത്തൊഴിലാളി വിദ്യാർഥി ക്ഷേമം

- ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികളുടെ മെസ് അലവൻസ് 1200 രൂപയിൽ നിന്നും 1500 രൂപയായി വർധിപ്പിച്ചു.

പട്ടികജാതി വിദ്യാർഥികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ലഭ്യമാക്കുന്നതിന് പുതിയ വിദ്യാഭ്യാസാനുകൂല്യ മാർഗരേഖ പുറപ്പെടുവിച്ചു. ഇതനുസരിച്ച് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സർക്കാർ ക്വാട്ടയിൽ അഡ്മിഷൻ നേടുന്നവർക്കും, പാരലൽ കോളേജുകളിൽ പഠിക്കുന്നവർക്കും, വിദൂര വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്നവർക്കും, ഗവേഷണത്തിൽ ഏർപ്പെടുന്നവർക്കും എല്ലാ വിധ വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളി ക്ഷേമം

സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന 1,76,569 മത്സ്യത്തൊഴിലാളികൾക്കായി കഴിഞ്ഞ വർഷം 2041.51 ലക്ഷം രൂപ നൽകി.

- മത്സ്യബന്ധനത്തിനിടെ അപകടംമൂലം മരിച്ച 177 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 17 അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും മൂന്നു ലക്ഷം രൂപ വീതം ധനസഹായം കഴിഞ്ഞ വർഷം നൽകി.
- 26511 പിന്നാക്ക വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും 20,745 ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും മത്സ്യഫെഡ് മുഖേന മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ കഴിഞ്ഞ വർഷം അനുവദിച്ചു.
- കേന്ദ്ര സർക്കാരിന്റെ 75 ശതമാനം ധനസഹായത്തോടു കൂടി 'ഫ്രഷ് ഫിഷ് ടു ആൾ' പദ്ധതി നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം 52,000 രൂപ വില വരുന്ന 120 ഇരുചക്ര വാഹനങ്ങളും 1.93 ലക്ഷം രൂപ വില വരുന്ന 17 ആട്ടോറിക്ഷകളും ഒൻപതു ലക്ഷം രൂപ വില വരുന്ന ആറു ടണ്ണിന്റെ മൂന്ന് ഇൻസുലേറ്റഡ് ട്രക്കുകളും ആറു ലക്ഷം രൂപ വില വരുന്ന മൂന്നു ടണ്ണിന്റെ മൂന്ന് ഇൻസുലേറ്റഡ് ട്രക്കുകളും മത്സ്യ വിതരണത്തിനായി നൽകി.

## മത്സ്യത്തൊഴിലാളി വനിതാ ക്ഷേമം

- മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന 30,000 മത്സ്യത്തൊഴിലാളി വനിതകൾക്ക് 15,000 രൂപ വീതം പലിശരഹിത വായ്പ അനുവദിച്ചു.
- മത്സ്യോത്പാദനം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പു വരുത്തുന്നതിന് മറ്റ് മേഖലകളിലെ ജീവനോപാധി പ്രവർത്തനങ്ങളിൽ നിന്നും കൂടി വരുമാനം ഉറപ്പു വരുത്തുന്നതിന് തീരമൈത്രി പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ 10,332 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും 206 മത്സ്യത്തൊഴിലാളി സ്ത്രീ ഗ്രൂപ്പുകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് ധനസഹായവും നൽകി. ആയിരത്തോളം വനിതാ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധന സഹായം നൽകി. 200 ഗ്രൂപ്പുകൾക്ക് മെച്ചപ്പെട്ട സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിനാവശ്യമായ പരിശീലനം നൽകി. ഈ പദ്ധതിക്കായി ആകെ 13 കോടി രൂപ ചെലവഴിച്ചു.

ഫിഷിങ് ഹാർബറുകളിൽ തങ്ങുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സുരക്ഷയ്ക്കായി നാലു സ്ഥലങ്ങളിൽ വുമൺ ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ നീണ്ടകരയിലെ നിർമാണം പൂർത്തീകരിച്ചു. ■

■ സി. രാമചന്ദ്രൻ

# ഉത്തരവാദിത്വപര മത്സ്യബന്ധനം സാധ്യമാക്കാൻ



സമുദ്രമത്സ്യ ആവാസവ്യവസ്ഥ എന്നത് കടലെന്ന അതിസങ്കീർണമായ ഒരു ബൃഹത് ആവാസവ്യവസ്ഥയിൽ നിന്ന് മനുഷ്യ ബുദ്ധികൊണ്ട് മാറ്റിപ്പരിഗണിക്കുന്ന ഒരു ആശയനിർമിതിയാണ്. അതുകൊണ്ടു തന്നെ അതിന്റെ രോഗാവസ്ഥ വെളിവാക്കുന്ന 'അമിത മത്സ്യബന്ധനം' എന്ന പ്രതിഭാസവും ഒരുപരിധിവരെ മനുഷ്യ കേന്ദ്രീകൃതമായ ആശയമാണ്.

ഭാഷയിൽ ഓരോപദവും ജനിക്കുന്നത് അത് പ്രതിനിധീകരിക്കുന്ന വസ്തുവിന്റെയോ അവസ്ഥയുടെയോ നാമകരണമായിട്ടാണ്. ഇംഗ്ലീഷ് ഭാഷയിൽ ഓവർ ഫിഷിങ് എന്ന പദം ആദ്യമായി പ്രത്യക്ഷപ്പെടുന്നത് 1850 ലാണ്. ഇംഗ്ലണ്ടിലെ 'വിക്ക്' എന്ന തീരദേശഗ്രാമത്തിൽ ജീവിച്ചിരുന്ന ജോൺ ക്ലെഗ്ഹോൺ എന്ന വ്യക്തിയാണ് അവിടത്തെ ഹെറിങ് മത്സ്യത്തിന്റെ ശോഷണം ശ്രദ്ധയിൽപ്പെട്ടപ്പോൾ ഇങ്ങനെയൊരു സംശയം ഒരു പ്രസിദ്ധീകരണത്തിലൂടെ ഉയർത്തിയത്. കടൽ ഒരു അക്ഷയപാത്രമാണെന്നു വിശ്വസിച്ച് ഉപജീവനം നടത്തിയിരുന്ന മീൻപിടുത്തക്കാർക്ക് ഈ ആശയം ഒട്ടുംതന്നെ ഇഷ്ടപ്പെട്ടില്ല. അവർ അയാളെ ജീവിതാവസാനംവരെ ഒറ്റപ്പെടുത്തി. പിന്നീട് 1877 ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ നോർമെൻ ലോയ്ക്കർ 'നേച്ചർ' എന്ന ലോകപ്രസിദ്ധ ശാസ്ത്രജേർണലിൽ എഴുതിയ ലേഖനത്തിലൂടെ ഈ പദം പ്രയോഗിച്ചതോടെ ശാസ്ത്രജ്ഞരുടെ ഇടയിൽ അമിത മത്സ്യബന്ധനം എന്ന ആശയം ചർച്ചാവിഷയമായി. ചർച്ച ഇപ്പോഴും തുടരുന്നു.

എന്താണ് അമിത മത്സ്യബന്ധനം? കേൾക്കുമ്പോൾ വിശദീകരിക്കുവാൻ ബുദ്ധിമുട്ടില്ല എന്ന് തോന്നിയേക്കാം. എന്നാൽ വിശദീകരിച്ചുതുടങ്ങുമ്പോഴാണ് ഇതൊരു കീറാമുട്ടിയാണോയെന്നു സംശയം ഉടലെടുക്കുക. ഒരു സമുദ്ര മത്സ്യ സഞ്ചയത്തിന്റെ പരമാവധി സുസ്ഥിരവിളവ് (MSY Maximum sustainable yield) തരാനുള്ള കഴിവിനെ അതിലംഘിച്ച് സാമ്പത്തികവും ജൈവികവുമായ നഷ്ടമുണ്ടാക്കുന്നതരത്തിൽ മത്സ്യബന്ധനം രൂക്ഷമാക്കുന്നതിനെ അമിത മത്സ്യബന്ധനം എന്ന് വിളിക്കാം. അടിവരയിട്ട പദങ്ങൾ ശ്രദ്ധിക്കുക. ഇവ അർഥമാക്കുന്ന വിശദാംശങ്ങളിലാണ് സങ്കീർണത. ഈ ലേഖനത്തിൽ അതിന് ഇടമില്ല. പ്രധാനകാര്യം അളന്നെടുത്ത് കൃത്യമായി തിട്ടപ്പെടുത്താൻ രീതിശാസ്ത്രപരവും സത്താശാസ്ത്രപരവുമായ ഒരുപാട് ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ് ഇവ എന്നതാണ്. ഏക സ്പീഷിസ് അടിസ്ഥാനത്തിൽ ഏറെക്കുറെ സംഗതമായ ഈ ആശയം ആയിരത്തിലധികം സ്പീഷിസുകൾ വാഴുന്ന നമ്മുടെ കടലുകളിൽ എണ്ണതീർന്ന വിളക്കുപോലെയാണ് പ്രവർത്തിക്കുക. എന്നാൽ ഇത് വിഭവപരിമാണ നിർണ യത്തെ അടിസ്ഥാനമാക്കിയുള്ള സമുദ്രമത്സ്യശാസ്ത്രത്തിന്റെ (ഓർക്കുക ശാസ്ത്രകരന്റെ അല്ല) ലോകമൊട്ടാകെ അംഗീകരിച്ചിട്ടുള്ള ഒരു ബലഹീനതയാണ്. അതുകൊണ്ടാണ് 'മുൻകരുതൽ സമീപനമെന്ന അടിസ്ഥാന ദർശനത്തിൽ കെട്ടിപ്പൊക്കിയ ഉത്തരവാദിത്വപരമായ മത്സ്യബന്ധന പെരുമാറ്റച്ചട്ടം ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഭക്ഷ്യ കാർഷിക സംഘടന 1995 ൽ പുറത്തിറക്കിയത്. (ചട്ടത്തിന്റെ പൂർണരൂപത്തിലുള്ള മലയാള പരിഭാഷ ഈ ലേഖകൻ തയാ




റാക്കി 2002 ൽ പ്രസിദ്ധീകരിച്ചതിന്റെ കോപ്പി കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ നിന്നോ കത്ത് മുഖേന ആവശ്യപ്പെട്ടോ ലഭിക്കും). 180 ൽപ്പരം രാഷ്ട്രങ്ങൾ ഇതിനകം അംഗീകരിച്ച് സ്വമേധയാ നടപ്പാക്കേണ്ട ഈ ചട്ടത്തിൽ ഇന്ത്യയും ഒപ്പുവെച്ച് അംഗീകരിച്ചിട്ടുള്ളതാണ്.

## ചില വിദേശ അനുഭവങ്ങൾ

ഈ ചട്ടം മാർഗനിർദേശങ്ങൾ മാത്രമാണ്. സ്വമേധയാ നടപ്പാക്കേണ്ട ഒന്നായതിനാൽ ചട്ടലംഘനം ഒരു കോടതിവിഷയമല്ല. അകത്തുനിന്ന് സ്വയം തുറക്കേണ്ട ഒരു പൂട്ടുപോലെയാണത്. ഒരു പൊതുസ്വത്തായ കടലിലെ മത്സ്യം പിടിക്കുവാൻ ആർക്കും അധികാരമുള്ളതുപോലെ അതിന്റെ സുസ്ഥിരത ഉറപ്പാക്കുവാനുള്ള ബാധ്യത/ഉത്തരവാദിത്വം കൂടി അവരിൽ നിക്ഷിപ്തമാണ് എന്നതാണ് ചട്ടത്തിന്റെ മറ്റൊരു അടിസ്ഥാനതത്വം.

മുൻകരുതൽ സമീപനം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്? പിടിച്ചാലും പിടിച്ചാലും തീരാത്ത ഒരു അക്ഷയപാത്രമല്ല, മറിച്ച് പിടിച്ചു, പിടിച്ച് തീർക്കാവുന്ന ഒന്നാണ് സമുദ്രമത്സ്യവിഭവങ്ങൾ എന്ന് ലോകത്തിന്റെ പലഭാഗത്തും ഇതിനകം അരങ്ങേറിയ മത്സ്യവിഭവത്തകർച്ചയുടെ ദുരനുഭവങ്ങൾ പരക്കെ ബോധ്യമാക്കുന്നു.

മത്സ്യജൈവവൈവിധ്യം കുറഞ്ഞ ശൈത്യമേഖലാ കടലുകളിലാണ് ഇത്തരം തകർച്ചകൾ പ്രത്യക്ഷപ്പെട്ടത്. ഉദാഹരണത്തിന് 1990 കളോടെ അമ്പേ നിലംപരിശായി ഇതുവരെയും മീൻ പിടുത്തം തുടരാനാകാത്ത കാനഡയിലെ കോഡ് എന്ന മത്സ്യശേഖരത്തിന്റെ കാര്യം നമുക്ക് ഓർക്കാം. സമുദ്രമത്സ്യശാസ്ത്രത്തിന്റെ പിൻബലത്തോടെ അവിടത്തെ സർക്കാർ പരിപാലനം നടത്തിയതാണ് കനേഡിയൻ കോഡ് എന്ന് ഓർക്കുക. ഒരു വർഷം പിടിച്ചെടുക്കാവുന്ന പരമാവധി സുസ്ഥിര വിളവ് ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധന ശക്തി ക്രമീകരിച്ചുകൊണ്ടുള്ള ഒരു ഏർപ്പാടായിരുന്നു അത്. എന്നിട്ടുമെന്തെ കോഡ് സഞ്ചയം തകർന്നു? കാരണങ്ങൾ പലതാണ്. ശാസ്ത്രീയ നിഗമനങ്ങളുടെ അനിശ്ചിതത്വം സുലഭ്യതയുടെ മായക്കാഴ്ച, നിർദേശിക്കപ്പെട്ട പരമാവധി വിളവ് എന്ന ലക്ഷ്മണ രേഖ മറികടക്കാതെ മത്സ്യബന്ധനം നടക്കുന്നുവോ എന്ന് ഉറപ്പാക്കുന്നതിൽ വന്ന രാഷ്ട്രീയ ഇച്ഛാശക്തിയുടെ പരാജയം, കാലാവസ്ഥാ വ്യതിയാനം ഇങ്ങനെ കാരണങ്ങൾ പലതും പറയുന്നുവെങ്കിലും 35000 വരുന്ന ഒരു മീനാളസമുദായം ഛിന്നഭിന്നമായിപ്പോയി എന്നതാണ് ദുഃഖസത്യം. 1994 ൽ കാനഡ സർക്കാർ നടപ്പാക്കിയ പൂർണ നിരോധനം കൊണ്ട് മീൻപിടുത്തം നടത്തുവാൻ പാകത്തിൽ കോഡുമീനുകളുടെ സഞ്ചയം പുനർജീവിപ്പിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

ഇത്തരം പതനങ്ങൾ നമ്മുടെ കടലിൽ സംഭവ്യമാണോ? നമ്മൾ സ്വയം ചോദിക്കേണ്ടതുണ്ട്. ഇതുവരെ അങ്ങനെയൊന്ന് സംഭവിച്ചിട്ടില്ല എന്നതാണ് ആദ്യത്തെ കാര്യം. നേരത്തെ കിട്ടിയിരുന്ന ചിലയിനം മത്സ്യങ്ങൾ ഇപ്പോൾ കിട്ടുന്നില്ല എന്നത് മീൻപിടിത്തക്കാരുടെ അനുഭവസാക്ഷ്യമാണ്. ദേശീയമായി 80 ഓളം വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങൾ നാം പിടിച്ചെടുക്കുന്നതുകൊണ്ടും വർഷം മുഴുവനുള്ള മീൻ പിടുത്തത്തിന്റെ കണക്ക് നോക്കുമ്പോൾ ചെലവിനുശേഷം മോശമല്ലാത്ത നീക്കിയിരുപ്പ് ലഭിക്കുന്ന രീതിയിൽ മീനിന്റെ വില തുടർന്നുപോകുന്നതിനാലും അത്തരം ശോഷണങ്ങൾ നമ്മളെ അലട്ടുന്നില്ല. എന്നാൽ കടൽ നമ്മോട് ശ്രദ്ധിക്കൂ... ശ്രദ്ധിക്കൂ.. എന്നു പറഞ്ഞുതുടങ്ങുന്നതായി വേണം അതിനെ കാണാൻ, കാരണം ഒന്നിന് മറ്റൊന്നിനോടുള്ള പാരസ്പര്യത്തിൽ ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട് പ്രകൃതി സമ്മാനിച്ച ജൈവവൈവിധ്യ സ്ഥിരതയാണ് നമ്മുടെ മത്സ്യസമ്പത്ത്. അതോടൊപ്പം കാണേണ്ട മറ്റു കാര്യങ്ങളുമുണ്ട്. പിടിച്ചുകൊണ്ടിരിക്കുന്ന മീനുകളുടെ ശരാശരി വലിപ്പത്തിൽ കുറവുണ്ടോ, കിട്ടുന്നതിൽ കൂടുതലും പൂർണ വളർച്ചയെത്താത്ത മീനുകളാണോ, പിടിച്ചെടുക്കുന്ന മീനുകളുടെ ഇനങ്ങളിൽ വ്യത്യാസമുണ്ടോ, മീൻ കൂട്ടങ്ങളെ കണ്ടെത്താൻ



പറ്റുന്ന സമയത്തിൽ സാരമായ വ്യത്യാസമുണ്ടോ, കിട്ടുന്ന മൊത്തം ലഭ്യതയിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നുണ്ടോ തുടങ്ങിയ നിരവധി ലക്ഷണങ്ങൾ സമഗ്രമായി അപഗ്രഥിച്ചാലേ രോഗനിർണയം നടത്താനാകൂ.


തിരികെ കൊണ്ടുവരാനാവാത്തവിധത്തിലുള്ള ആതുരാവസ്ഥയിലേക്ക് ഇത്തരം ലക്ഷണങ്ങൾ പോകുന്നുവോ (കാര്യങ്ങൾ കൈവിട്ടു പോകുന്നുവോ) എന്ന ആശയം വന്നാൽ സമുദ്രമത്സ്യശാസ്ത്രത്തിന്റെ പിൻബലമുള്ള നടപടികൾക്ക് കാത്തിരിക്കാതെ വേണ്ട മുൻകരുതലുകൾ സ്വയം എടുക്കുന്നതാണ് ബുദ്ധിയെന്നു പറഞ്ഞു വെക്കലാണ് മുൻകരുതൽ സമീപനം. പിന്നീട് പശ്ചാത്തപിക്കാതെ ഇപ്പോൾ രക്ഷ ഉറപ്പുവരുത്തുക. നോക്കൂ, ഈ സമീപനത്തിലെ ഭവ്യത. കടലെന്ന അതിസങ്കീർണതയുടെ സ്വയം പുനരുജ്ജീവനശക്തിക്കു മുന്നിൽ ശിരസ്സ് നമിക്കുന്ന സാമാന്യബുദ്ധിമാത്രമാണിത്.

മീൻ പിടിത്തം നടത്തുമ്പോൾ നാം കാൺമത് മീനോ, കടലോ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. മീനെന്നു തന്നെയാണ് ഉത്തരം. കടലിന്റെ അമിത മത്സ്യ ബന്ധനോന്മുഖമായ സങ്കീർണതകൾ പൂർണമായി മനസ്സിലാക്കിയ ഒരുവൻപോലും മീൻപിടിത്തം നടത്തുമ്പോൾ ശ്രദ്ധിക്കുന്നത്/ലക്ഷ്യമിടുന്നത് മീൻ മാത്രമാണ്. എനിക്കിത് അനുഭവമുള്ളതാണ് (കഥയിൽ പാഞ്ചാലിയെ നേടുന്നത് യുധിഷ്ഠിരനല്ല, കിളിക്കണ്ണു മാത്രം കണ്ട അർജുനനാണ് എന്ന് ഓർക്കുക). അപ്പോൾ ഉപജീവനാർഥം കടലിൽ മീൻ പിടിക്കുന്ന ഒരാൾക്ക് കടലെന്ന സമഗ്രതയറിഞ്ഞ് മീൻപിടിക്കുകയെന്നത് അസാധ്യമായ കാര്യം തന്നെയെന്ന് വ്യക്തം.


## മത്സ്യപരിപാലനത്തിന്റെ അടിസ്ഥാന ശിലകൾ

വ്യക്തിപരമായി ഓരോ മീനാളനും (മീൻപിടിത്തക്കാരൻ എന്നതിനേക്കാൾ എനിക്കിഷ്ടം ഈ പുതിയ പദമാണ്. തൊഴിലാളി, മുതലാളി എന്നതുപോലെ മീൻ ആളുന്നവൻ മീനാളൻ) എങ്ങനെ എവിടെ പിടിക്കണം എന്ന കാര്യത്തിൽ അപാരമായ പാണ്ഡിത്യവും കഴിവും ആത്മവിശ്വാസവും പാരസ്പര്യം കൊണ്ടോ അനുഭവജ്ഞാനം കൊണ്ടോ കൈമുതലായവനാണ്. കടലുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന അവർതന്നെയാണ് യഥാർഥ ശാസ്ത്രജ്ഞർ. അപ്പോൾ കടലിന്റെ അവസ്ഥ അറിഞ്ഞുകൊണ്ട്, എങ്ങനെ, എവിടെ, എന്ന ചോദ്യം മാറ്റി, എത്ര പിടിച്ചെടുക്കാം എന്ന ചോദ്യത്തിനുത്തരം പറയുവാൻ അവർ തന്നെയല്ലേ യോഗ്യർ?

“എത്ര പിടിച്ചെടുക്കാം” എന്ന ചോദ്യത്തിന്റെ അടിസ്ഥാനം 'എത്രയുണ്ട്' എന്ന മറുചോദ്യമാണ്. യഥാർഥത്തിൽ ഈ രണ്ടു ചോദ്യങ്ങളാണ് ലോകത്തെവിടെയുമുള്ള മത്സ്യപരിപാലനത്തിന്റെ (Fisheries Management) അടിസ്ഥാന ശിലകൾ. ഇതിന്റെ ഉത്തരം കാണുവാനാണ് ഭരണകൂടങ്ങൾ (വികസിതരാഷ്ട്രങ്ങളിൽ) സ്വകാര്യവത്കരിച്ചുതുടങ്ങിയ ശാസ്ത്രീയ ഗവേഷണങ്ങൾക്ക് പണം മുടക്കുന്നത്. ഇവിടെ നമുക്ക് മറ്റൊരു ചോദ്യം ഉന്നയിക്കേണ്ടതുണ്ട്. എങ്ങനെ എവിടെ എന്ന ചോദ്യത്തിൽ നിന്ന്, എത്ര എന്ന ചോദ്യത്തിലേക്ക് വരുവാൻ വേണ്ട സാഹചര്യം ഇവിടെ ഉണ്ടോ എന്നതാണ് ആ ചോദ്യം. ഇതിലേക്ക് വഴി തുറക്കുവാൻ മത്സ്യബന്ധനത്തെ ചരിത്രപരമായി വീക്ഷിക്കണം. അതിന് സഹായിക്കുന്ന ഒരു ചിത്രം കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.




വികസിത രാജ്യങ്ങൾ




ഇൻഡ്യ

മേൽഭാഗത്തുള്ള ആദ്യ ചിത്രത്തിൽ വികസിത രാഷ്ട്രങ്ങളിൽ വന്ന പ്രധാനപ്പെട്ട സാങ്കേതികവിദ്യാപരമായ മാറ്റങ്ങളും

അവർ നേരിട്ട പ്രശ്നങ്ങൾക്ക് എടുത്ത പരിഹാര സമീപനങ്ങളുമാണ് കാലബന്ധിയായി കൊടുത്തിരിക്കുന്നത്. പൂർണമായി വിശദീകരിക്കുവാൻ ഇവിടെ സ്ഥലപരിമിതിയുള്ളതിനാൽ നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട സംഗതി വ്യക്തമാക്കാം. വികസിത രാഷ്ട്രങ്ങൾക്ക് 'എങ്ങനെ'യെന്ന ചോദ്യത്തിൽ നിന്ന് 'എത്ര' എന്ന ചോദ്യത്തിലേക്ക് വ്യവസായവിപ്ലവം നടന്ന 1850 കളിൽ തന്നെ എത്തേണ്ടിവന്നു എന്ന കാര്യമാണത്. ആ ചുവടുമാറ്റത്തിന് വഴിവെച്ചതും ഫിഷറീസ് ശാസ്ത്രത്തിന് തുടക്കം കുറിച്ചതും വിഭവതകർച്ചയെന്ന പ്രതിസന്ധിയാണ്. ഇത് നമ്മുടെ രാജ്യത്ത് എങ്ങനെ വായിച്ചെടുക്കാം എന്നതാണ് രണ്ടാമത്തെ ചിത്രം. നമ്മൾ ഏതാണ്ട് അങ്ങനെയൊരു ചുവടുമാറ്റത്തിന് കളമൊരുക്കിത്തുടങ്ങിയിട്ടില്ലേ എന്ന് ന്യായമായും സംശയിക്കാം. ഈ അനുമാനത്തിന്റെ നിശ്ചിതത്വത്തെപ്പറ്റി നമുക്കു വേണമെങ്കിൽ വാഗ്വാദം നടത്താം. നിശ്ചിതത്വം എന്നത് നിലവിലുള്ള സാഹചര്യത്തിൽ തികച്ചും അപ്രാപ്യമായ/അന്യമായ ഒരു മേഖലയിൽ അത്തരം വ്യായാമങ്ങൾ നടത്തുന്നത് സമയം ചെലവഴിക്കാൻ പറ്റിയ മാർഗമായേ കാണാനാകൂ. വിശദമാക്കാം. മീൻ പിടിക്കുന്ന ഓരോരുത്തർക്കും അവർക്കു കിട്ടുന്ന മീനുകളുടെ അളവിനെപ്പറ്റി കൃത്യമായ കണക്കുകളുണ്ട്. രണ്ടു ലക്ഷത്തോളം വരുന്ന മീൻ പിടുത്തക്കാരുടെ കൈവശമുള്ള ഈ കണക്ക് ഒന്നിച്ചുകിട്ടിയാൽ മാത്രമേ ഒരു വർഷത്തിന്റെ (ഒരു സീസണിന്റെ) അവസാനം കടലിൽ സംഭവിച്ചത് എന്താണെന്ന് കൃത്യമായി മനസ്സിലാക്കാനാകൂ. ഈ 'പെരും ചിത്രം' ഇപ്പോൾ ലഭ്യമല്ല. കാരണം ലളിതമാണ്. ആരും കൊടുക്കുന്നില്ല. കണക്കില്ലാത്തതല്ല. ഇനി അഥവാ അത് ലഭ്യമാക്കിയെന്നു വെക്കുക. ചികിത്സ ഫലപ്രദമാകണമെന്നില്ല. അത് പരിശോധിക്കാം.

## അഞ്ചു ചികിത്സാവിധികൾ

അമിത മത്സ്യബന്ധനത്തിന് ചികിത്സാവിധികൾ ലോകത്തെവിടെയും അഞ്ചു വിഭാഗത്തിൽപ്പെട്ടവ മാത്രമാണ്. 1) മീനിന്റെ അളവിനെ അടിസ്ഥാനമാക്കി 2) മത്സ്യബന്ധന ശക്തിയെ അടിസ്ഥാനമാക്കി 3) സമയം അടിസ്ഥാനമാക്കി 4) ദൂരപരിധി അടിസ്ഥാനമാക്കി 5) സാങ്കേതിക കാര്യങ്ങളെ അടിസ്ഥാനമാക്കി. ഈ മരുന്നുകൾ ഒറ്റയ്ക്കോ മിശ്രിതരൂപത്തിലോ രോഗത്തിന്റെ കാഠിന്യമനുസരിച്ച് സേവിക്കാം. ഇതിൽ ഏറ്റവും കൂടുതൽ ശാസ്ത്രീയമായ പിൻബലം ആവശ്യമായതാണ് ഒന്നാമത്തെ വിഭാഗം. രോഗം മൂർഛിച്ച വികസിത രാഷ്ട്രങ്ങളിൽ മാത്രമാണിപ്പോൾ ഇത് നടപ്പിലാക്കിയിരിക്കുന്നത്. ഒരു വർഷം പിടിച്ചെടുക്കാവുന്ന പരമാവധി സുസ്ഥിരവിളവ് കണ്ടെത്തിയതിനുശേഷം കേക്ക് മുറിച്ച് വീതിക്കുന്നതുപോലെ ഓരോ മത്സ്യബന്ധന യാനത്തിനും ക്വോട്ടാ വീതിച്ച് നൽകി, അത് ലംഘിക്കുന്നുവോ എന്ന് ശക്തമായി നിരീക്ഷിച്ച് നടപടികളെടുക്കുന്ന വളരെ ചെലവേറിയ സംവിധാനമാണത് (ഓർക്കുക ഇഷ്ടം പോലെ മീനുണ്ടെങ്കിൽ ഇത്തരം റേഷൻ സമ്പ്രദായം ആവശ്യമില്ലല്ലോ). അപ്പോൾ വളരെ പരിതാപകരമാണ് അവരുടെ അവസ്ഥയെന്ന് മനസ്സിലാക്കാം. അവർക്കാണ് നാം നമ്മുടെ മീൻ കയറ്റുമതിവഴി നൽകുന്നത് എന്നും ഓർക്കണം. പകരം നമ്മൾ ഇറക്കുമതിചെയ്യുന്നത് അവരുടെ പരിഹാരങ്ങളും സമീപനങ്ങളുമാണെന്നതും ഓർക്കുക.

രണ്ടാമത്തെ വിഭാഗം ലക്ഷ്യമിടുന്നത് മത്സ്യബന്ധനശക്തിയുടെ യുക്തിപരമായ വിന്യാസമാണ്. ബോട്ടുകളുടെ/വള്ളങ്ങളുടെ എണ്ണം, യന്ത്രങ്ങളുടെ കുതിരശക്തി, എക്കോസൗണ്ടർ തുടങ്ങിയ ഉപകരണങ്ങൾ, സംഭരണശേഷി എന്നിവയെ അടിസ്ഥാനമാക്കി, സാമ്പത്തികമായ നഷ്ടം വരാത്ത വിധത്തിൽ മത്സ്യബന്ധന ശക്തിയെ ക്രമീകരിക്കുക (ഉദാ: ലൈസൻസിങ്). പക്ഷെ ഇതിന്റെ അടിസ്ഥാനം 'എത്രയുണ്ട്' എന്ന ചോദ്യത്തിന്റെ ഉത്തരമല്ലേ?

മൂന്നും നാലും നമുക്ക് കുറേക്കൂടി പരിചിതമാണ്. ഇവിടെ 20 വർഷമായി നടക്കുന്ന ട്രോളിങ് നിരോധനം ഉദാഹരണം. മത്സ്യബന്ധനം നിർത്തിവെക്കുന്നതാണ് പുനരുജ്ജീവനത്തിന്റെ ഏറ്റവും ഫലപ്രദമായ മാർഗം എന്നത് സാമാന്യയുക്തി മാത്രമാണ്. ഇത് തെളിയിക്കപ്പെട്ടത് രണ്ടാം ലോകമഹായുദ്ധകാലത്താണ്. യുദ്ധം കാരണം മീൻ പിടിത്തം അസാധ്യമായി. യുദ്ധത്തിനുശേഷം മീൻ പിടിച്ചപ്പോൾ മുൻപത്തേതിനേക്കാൾ കൂടുതൽ കിട്ടി. എണ്ണത്തിൽ മാത്രമല്ല വലിപ്പത്തിലും വർധനവ്. മത്സ്യബന്ധനത്തിലെ മഹാപരീക്ഷണം (Great fishing experiment) എന്നറിയപ്പെടുന്നു. കൃത്യമായ കണക്കുകൾ ശേഖരിച്ച് പഠിക്കുന്നതിൽ നമ്മേക്കാൾ ശ്രദ്ധാലുക്കളായ അവർ ഈ പരീക്ഷണത്തിൽ നിന്നും മത്സ്യത്തിന്റെ വളർച്ചാനിരക്കുമായി ബന്ധപ്പെട്ട വിലപ്പെട്ട മറ്റു നിഗമനങ്ങളിലുമെത്തി. മത്സ്യബന്ധനം മൂലമുള്ള മീൻ ഹത്യാനിരക്കും പ്രകൃത്യാ കടലിൽ സംഭവിക്കുന്ന മീൻ മരണനിരക്കും അവയുടെ സ്വാഭാവിക വളർച്ചാനിരക്കും കൃത്യമായുണ്ടെങ്കിൽ മാത്രമേ മൊത്തം പിടിച്ചെടുക്കാവുന്നതിന്റെ പരിധി കൃത്യമായി നിർണയിക്കാനാകൂ എന്നതായിരുന്നു അവയിൽ ഏറ്റവും പ്രധാനം. കടലിലെ പ്രത്യേക ഭാഗങ്ങളിൽ മത്രം പൂർണ നിരോധനം നടത്തി വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ പോലെ സംരക്ഷിച്ചു നിർത്തുന്ന സമീപനവും ഇത്തരത്തിലുള്ളതാണ്. വലയുടെയും വലക്കണ്ണികളുടെയും വലിപ്പം, ഇനം എന്നിവ ക്രമീകരിച്ചുകൊണ്ട് നിയന്ത്രണം സാധിക്കുന്നതാണ് സാങ്കേതിക സമീപനം. ഓരോ സമീപനത്തിനും



> പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ കൃത്യമായ കണക്കുകൾ കുറേക്കൂടി വ്യക്തമായ, സമഗ്രമായ ചിത്രം നമുക്കുണ്ടാക്കുവാൻ കഴിയും. വരുമാനം കണ്ടുപിടിച്ച് സർക്കാരിന് നികുതി അടക്കേണ്ടിവരുന്ന സാഹചര്യം വന്നേക്കില്ലേ എന്ന ഭയപ്പാട് മാറ്റി കണക്കുകൾ നൽകിയാൽ മാത്രമേ അമിത മത്സ്യബന്ധനം നടക്കുന്നുവോ എന്ന അടിസ്ഥാന ചോദ്യത്തിന് ഉത്തരം കണ്ടെത്താനാവൂ

പ്രായോഗികമായ പലതരം പരിമിതികളുണ്ട്.

നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികം മൂന്നും നാലുമാണ് എന്നാണ് എന്റെ അഭിപ്രായം. ഇതിന്റെ ഏറ്റവും വലിയ നേട്ടം ചെലവ് കുറവാണ് എന്നതാണ്. മീനാളരുടെ സഹകരണം മാത്രം മതി ഇത് നടപ്പിലാക്കുവാൻ. മത്സ്യബന്ധനം നിർത്തിവെക്കണോ വേണ്ടയോ എന്നത് തീരുമാനിക്കുവാനുള്ള പൂർണമായ ഉത്തരവാദിത്വം മീനാളന്റേതാണ്. എല്ലാവരുടെയും സ്വത്തായ കടലിലെ മത്സ്യസമ്പത്ത് നിലനിർത്തേണ്ടത് എല്ലാവരുടെയും ബാധ്യതയല്ലേ എന്ന ചോദ്യം ന്യായമാണ്. പിടിച്ചെടുക്കുന്നതുവരെ എല്ലാവരുടെയും പിടിച്ചെടുത്താൽ അത് മീനാളന്റെയും എന്ന മറുവാദവുമുണ്ട്. പൊതു സ്വത്ത് എന്നതിൽ നിന്നും വ്യക്തിഗത സ്വത്ത് എന്ന സ്വകാര്യവത്കരണത്തിലേക്ക് വരുമ്പോൾ ആരാണ് മീനാളൻ? ആരല്ല? ഭരണകൂടവും പൊതുസമൂഹവുമായി അവന്റെ ബന്ധം എന്താകണം? എന്നീ വിഷയങ്ങൾ ചർച്ച ചെയ്യേണ്ടിവരുന്നു.

നിയമപരമായി പൊതുസ്വത്തായി തുടരുന്നിടത്തോളം നിയന്ത്രണങ്ങളോടെയുള്ള മത്സ്യബന്ധന സമീപനം അവയില്ലാത്ത ഒന്നിനേക്കാൾ സുരക്ഷിതമാണ് എന്ന കാര്യത്തിൽ സമവായമുണ്ടാവണം. വിലയിലെ വർധന മൂലവും പിടിച്ചെടുത്തുകൊണ്ടുവരുന്ന എന്തിനും വിലകിട്ടുന്നുവെന്ന അവസ്ഥയും മൊത്തത്തിലുള്ള ക്യാച്ചിൽ വർധന വരുത്തും. ഈ സമൃദ്ധി ഇഷ്ടംപോലെ പിടിക്കാം എന്ന 'മായക്കാഴ്ച'യാണോ അതോ യാഥാർഥ്യമാണോയെന്ന് തിരിച്ചറിയുന്നത് ദുഷ്കരമാണ്. ക്യാച്ച് കുറയുമ്പോൾ വില കൂടുകയും കൂടുതൽ പിടിക്കുവാൻ അത് പ്രേരിപ്പിക്കുകയും ചെയ്യുമ്പോൾ ആപത്കരമായ ദുർഘട ഗർത്തത്തിലേക്കാണ് അത് നമ്മെ നയിക്കുക. ചെലവ് കഴിഞ്ഞ് നീക്കിയിരിപ്പിൽ വരുന്ന വാർഷിക മാറ്റങ്ങൾ നമ്മൾ ശ്രദ്ധിച്ചേ മതിയാകൂ.

സമുദ്രമത്സ്യശാസ്ത്രത്തിന്റെ പരിമിതിയെപ്പറ്റി പൂർണ ബോധ്യമുള്ള ആൾ എന്ന നിലയിൽത്തന്നെ പറയട്ടെ രോഗിയുടെ സഹകരണമില്ലാതെ രോഗനിർണയം നടത്തുവാൻ ഡോക്ടർക്കാകില്ല. രോഗം എന്താണെന്ന് സ്വയം നിർണയിക്കുവാൻ കഴിവുണ്ടെങ്കിൽ ഡോക്ടറുടെ ആവശ്യവുമില്ല. സ്വയം നിർണയിച്ച് പരിഹാരം നടപ്പിലാക്കാൻ കഴിവില്ലായെങ്കിൽ ഡോക്ടറെ സമീപിക്കുക തന്നെയാണ് അഭികാമ്യം. (വ്യാജ ഡോക്ടർ ആകരുതെന്നു മാത്രം). ഡോക്ടർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കൃത്യമായി കൊടുക്കുന്നില്ലായെങ്കിൽ കൃത്യമായ ചികിത്സ അസാധ്യം. എല്ലാറ്റിനുമുപരി രോഗനിർണയമാണ് പ്രധാനം. അതിനായി വ്യക്തിഗതമായ 'ഖണ്ഡ'ചിത്രത്തിൽ നിന്നും സമഷ്ടിയുടെ 'അഖണ്ഡ' ചിത്രത്തിലേക്കെത്തുവാൻ മീനാളനെ പ്രേരിപ്പിക്കുകയാണ് ഭരണകൂടത്തിന്റെ സാമൂഹിക, രാഷ്ട്രീയ, ശാസ്ത്രപരമായ പുതിയകാല ഉത്തരവാദിത്വം. ഒറ്റയ്ക്കു പാടുന്ന പൂങ്കുയിലുകളാകാതെ കൂട്ടമായി പാടാൻ മീനാളർ തയാറായാൽ രോഗനിർണയവും ചികിത്സാവിധിയും സമീപനവും അവർക്കുതന്നെ സാധ്യമാകും. 'നമ്മുടെ കടൽ, നമ്മുടെ മീൻ, നമ്മുടെ ജീവിതം, നമ്മുടെ ഭാവി' ഇതാകണം നമ്മുടെ മുദ്രാവാക്യം.

## മീനാളരുടെ ഒരുമ

കേവലമായ മീൻ സമൃദ്ധിയെന്ന കാല്പനികതയല്ല നാം ലക്ഷ്യമിടേണ്ടത്. യുക്തിയും ബുദ്ധിയുമുപയോഗിച്ച് സാങ്കേതികവിദ്യകളോടും ശാസ്ത്രീയതയോടും മുഖം തിരിക്കാതെ വിട്ടുവീഴ്ചകൾക്ക് തയാറായി തീരക്കടലിന്റെ പരിപാലനത്തിന് മീനാളർ ഒന്നിക്കുമ്പോൾ പുറം കടലിലെ കള്ളന്മാരെ തുരത്താൻ നമുക്കാകും. 1980 കളുടെ അവസാനം ഈ മേഖലയിൽ നിലനിന്നിരുന്ന ശാസ്ത്രസാങ്കേതിക സാമൂഹികസാമ്പത്തിക സാഹചര്യങ്ങളല്ല ഇപ്പോൾ നിലവിലുള്ളതെന്ന് അപഗ്രഥനാത്മകമായി മനസ്സിലാക്കി വിവിധ വിഭാഗങ്ങളിൽപ്പെട്ട നമ്മുടെ മീനാളന്മാർ പരസ്പരം നടത്തുന്ന പഴിചാരൽ കളി അവസാനിപ്പിച്ച് സ്വന്തം ഉത്തരവാദിത്വങ്ങളിലേക്കും പരസ്പരം ആശയവിനിമയം നടത്താനുള്ള സാധ്യതകളിലേക്കും കൂടുതൽ ശ്രദ്ധിക്കുന്നതല്ലേ ആശാസ്യം? മത്സ്യബന്ധന നിരോധന കാലയളവിൽ നമ്മുടെ സമുദ്രമത്സ്യമേഖല സംരക്ഷിച്ചു നിർത്തേണ്ട ബാധ്യത ഭരണകൂടം നിർവഹിക്കണമെന്ന കാര്യം അവിതർക്കിതമാണ്. ഉപഗ്രഹസാങ്കേതികവിദ്യകൾ വഴി അത് എളുപ്പത്തിൽ സാധിക്കാവുന്നതേയുള്ളു. 200 മീറ്ററിൽ കൂടുതൽ ആഴത്തിൽ പോയി മത്സ്യബന്ധനം നടത്താനുള്ള നമ്മുടെ ശേഷി വർധിപ്പിക്കുക എന്നതാണ് മുഖ്യ ലക്ഷ്യം. പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ കൃത്യമായ കണക്കുകൾ കുറേക്കൂടി വ്യക്തമായ, സമഗ്രമായ ചിത്രം നമുക്കുണ്ടാക്കുവാൻ കഴിയും. വരുമാനം കണ്ടുപിടിച്ച് സർക്കാരിന് നികുതി അടക്കേണ്ടിവരുന്ന സാഹചര്യം വന്നേക്കില്ലേ എന്ന ഭയപ്പാട് മാറ്റി കണക്കുകൾ നൽകിയാൽ മാത്രമേ അമിത മത്സ്യബന്ധനം നടക്കുന്നുവോ എന്ന അടിസ്ഥാന ചോദ്യത്തിന് ഉത്തരം കണ്ടെത്തിയും, ആസൂത്രിതമായ രീതിയിൽ, പാഴ്ചെലവുകൾ പരമാവധി കുറച്ചും സുസ്ഥിരത ഉറപ്പുവരുത്തിയുമുള്ള മത്സ്യബന്ധന തന്ത്രങ്ങൾ ആവിഷ്കരിക്കാനാകൂ. കൂടാതെ നമ്മുടെ സാഹചര്യങ്ങൾക്ക് അനുഗുണമായ പരിഹാരങ്ങൾ കൂടുതൽ കൃത്യതയോടെ കണ്ടുപിടിക്കുവാൻ സഹായിക്കുന്ന നമ്മുടെ തനതായ ഒരു ശാസ്ത്രസമീപനത്തിന്റെ പിറവിയിലേക്ക് ഇത് വഴിതിരിക്കുകയും ചെയ്യും. ഇറക്കുമതി ചെയ്യപ്പെട്ട ധാരണകളും അവർപോലും തള്ളിപ്പറഞ്ഞ മാതൃകകളും ശാസ്ത്രലോകം കൈവെടിയേണ്ട സമയമായിരിക്കുന്നു. അതേപോലെ മത്സ്യബന്ധനത്തിന്റെ സാങ്കേതികവും സാമ്പത്തികവും സംഖ്യാശാസ്ത്രപരവുമായ കാര്യങ്ങളിൽ കൂറേക്കൂടി സുതാര്യത കൊണ്ടുവരുവാൻ മീനാളസമൂഹവും തയാറാകണം. അടുത്ത അഞ്ചു വർഷത്തേക്ക് ആവശ്യമായ ഒരു മീൻ കൊയ്ത്ത് തന്ത്രവും പദ്ധതിയും ദീർഘകാല ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുവാനും നടപ്പിലാക്കുവാനും വേണ്ട ശാസ്ത്രീയപരവും രാഷ്ട്രീയപരവുമായ പ്രാപ്തി നമുക്കുണ്ട് എന്ന തിരിച്ചറിവാണ് ആദ്യം വേണ്ടത്. വിഭവശോഷണത്തിന്റെ തോത് കൃത്യമായി മനസ്സിലാക്കി ഒരു മുൻകരുതൽ സമീപനത്തിലേക്ക് ചുവടുമാറി സാമൂഹിക, സാമ്പത്തിക ശാസ്ത്രപരമായ അടവു നയങ്ങൾ കാലേക്കൂട്ടി സമവായത്തോടെ കൈക്കൊണ്ടാൽ വികസിത രാഷ്ട്രങ്ങൾ അനുഭവിക്കുന്ന തരത്തിലുള്ള വിഭവത്തകർച്ചയിൽ നിന്നും ജൈവശാസ്ത്രപരമായ 'അറ്റകൈ' പ്രയോഗങ്ങളിൽ നിന്നും നമുക്ക് രക്ഷനേടാം.

ലോക ഭക്ഷ്യകാർഷിക സംഘടനയുടെ ചട്ടത്തിന് 2015 ൽ 20 വയസ് തികയുകയാണ്. മറ്റു പല കാര്യങ്ങളിലും ലോകത്തിന് മാതൃകകൾ സംഭാവനചെയ്ത നമുക്ക് പുതിയൊരു 'കേരളാ മോഡൽ ഫിഷറീസ് മാനേജ്മെന്റ്' ലോകത്തിന് കാഴ്ചവെക്കാനാകും. സംസ്ഥാനഭരണകൂടവും ഗവേഷണ സ്ഥാപനങ്ങളും സർവോപരി മീനാളരും ഒരുമിച്ച് പ്രവർത്തിച്ചാൽ ഉത്തരവാദിത്വപര മത്സ്യബന്ധനം നടപ്പാക്കുന്ന ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം എന്ന ഖ്യാതി 2015 ൽ നമുക്ക് കൈവരിക്കാവുന്നതേയുള്ളൂ.

*കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ*
*പ്രിൻസിപ്പൽ സയന്റിസ്റ്റാണ് ലേഖകൻ*

■ സഞ്ജീവ ഘോഷ്

# കുറയുന്ന മത്സ്യസമ്പത്ത്



590 കിലോമീറ്റർ ദൈർഘ്യമുള്ള കേരളത്തിന്റെ കടൽത്തീരത്തുനിന്നും കടലിലേക്ക് ചരിഞ്ഞ് ഇറങ്ങികിടക്കുന്ന ഭൂപ്രദേശമായ ഭൂഖണ്ഡ സോപാനത്തിന് (continental shelf) 39139 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. കേരളത്തിന്റെ ഭൂപ്രദേശത്തേക്കാൾ (38863 ചതുരശ്ര കിലോമീറ്റർ) വിസ്തൃതമായ ഈ പ്രദേശത്തെ അറബിക്കടൽ ഭാഗമാണ് ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ കടലിൽ ഏറ്റവും മത്സ്യസമൃദ്ധം. കടൽക്കരയിൽ നിന്നും 12 നാവികമൈൽ (22 കിലോമീറ്റർ) ദൂരം വരെയുള്ള കടൽ പ്രദേശം (territorial sea) സംസ്ഥാനത്തിനു മാത്രം മത്സ്യബന്ധനാവകാശമുള്ള കടലതിർത്തി പ്രദേശമാണ്. 13,000 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ കടൽ പ്രദേശത്തെ മത്സ്യമേഖലാപരിപാലനത്തിനുള്ള പൂർണ അവകാശം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

മത്സ്യോത്പാദനക്ഷമത കൂടിയ കേരളത്തിന്റെ തീരക്കടലിൽ നിന്നും ഭക്ഷ്യയോഗ്യമായതും വാണിജ്യപ്രാധാന്യമുള്ളതുമായ 200 ലധികം ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങളും 50 ൽ അധികം ഇനങ്ങളിൽപ്പെട്ട മത്സ്യസമാനമായ മത്സ്യേതര ജീവികളും ലഭിക്കുന്നുണ്ട്. പ്രതിവർഷം 6.5 ലക്ഷം ടണ്ണോളം മത്സ്യം കേരളത്തിന്റെ കടലിൽ നിന്നും പിടിച്ചെടുക്കുന്നു. കേരളത്തിൽ കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന 25 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളുണ്ട്. കടൽത്തീരനിവാസികളായ ഇവരുടെ കുടുംബങ്ങളിൽപ്പെട്ട 8.5 ലക്ഷത്തോളം ആളുകൾ കടൽ മത്സ്യബന്ധനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം കഴിക്കുന്നവരാണ്. കടൽത്തീരത്തെ 222 മത്സ്യഗ്രാമങ്ങളിലാണ് ഇവർ അധിവസിക്കുന്നത്. (പട്ടിക 1)

## മലയാളിയുടെ മീൻപ്രിയം

മത്സ്യോപഭോഗത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ മറ്റേതു സംസ്ഥാനങ്ങളെ അപേക്ഷിച്ചും ഏറ്റവും മുന്നിലുള്ളത് കേരളമാണ്. ഇന്ത്യയിൽ മത്സ്യോപഭോക്താക്കളുടെ ആളോഹരി വാർഷിക മത്സ്യോപഭോഗം ശരാശരി 13.5 കിലോഗ്രാം ആയിരിക്കെ കേരളത്തിലേത് 23 കിലോഗ്രാം ആണ്. കേരളത്തിന്റെ കടലിൽ നിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ പകുതിയോളം വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുകയാണ്. വാണിജ്യപ്രാധാന്യമുള്ള മുന്തിയ ഇനം മത്സ്യങ്ങളും മത്സ്യേതര ജീവികളും ഏതാണ്ട് പൂർണമായും കയറ്റുമതി കമ്പോളങ്ങളിലേക്കാണ് പോകുന്നത്. കേരളത്തിലെ മത്സ്യോപഭോക്താക്കൾക്കാവശ്യമായത്ര മത്സ്യം കേരളത്തിന്റെ കടലിൽ നിന്നും ലഭിക്കുന്നില്ല. അതിനായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്.

കേരളത്തിലെ ആഭ്യന്തര മത്സ്യോപഭോഗം പ്രതിവർഷം ഏകദേശം 4.5 ലക്ഷം ടണ്ണിലധികമാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിനായി 2.5 ലക്ഷം ടണ്ണോളം മത്സ്യം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്നുണ്ട്. തമിഴ്നാട്, പോണ്ടിച്ചേരി, കർണാടക, ഗോവ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് കൂടുതൽ പച്ച മത്സ്യം കേരളത്തിലെത്തുന്നത്. (ചൈനയിൽ നിന്ന് ശീതീകരിച്ചമത്സ്യവും ഇപ്പോൾ കേരളത്തിലെത്തുന്നുണ്ട്). കേരളത്തിൽ നിന്ന് ആഭ്യന്തരോപഭോഗസാധ്യതയുള്ള ഒരു ലക്ഷം ടണ്ണോളം മത്സ്യം കാലിത്തീറ്റ, കോഴിത്തീറ്റ, പട്ടിത്തീറ്റ, മത്സ്യവളം, മത്സ്യ എണ്ണ, കീടനാശിനി തുടങ്ങിയവ ഉണ്ടാക്കുന്നതിനുള്ള വ്യാവസായികാവശ്യങ്ങൾക്കായി മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നുണ്ട്.

മുകളിൽ വിവരിച്ച രീതിയിൽ ഭക്ഷ്യ-വ്യാവസായിക-തൊഴിൽ മേഖലകളിൽ വളരെ പ്രാധാന്യമുള്ളതും കേരളത്തിന്റെ സമ്പദ്ഘടനയിൽ അഞ്ചു ശതമാനത്തിലധികം സംഭാവന നൽകുന്നതുമായ മത്സ്യമേഖലയുടെ നിലനിൽപ് ഇന്ന് വൻ പ്രതിസന്ധിയിലാണ്. പ്രകൃതിദത്ത മത്സ്യസമ്പ

**പട്ടിക 1**
**തീരദേശ കടൽ മത്സ്യത്തൊഴിലാളി ജനസംഖ്യ**

| ക്രമ നമ്പർ | ജില്ല | കടൽത്തീര ദൈർഘ്യം കി.മീ. | മത്സ്യത്തൊ-ഴിലാളി ഗ്രാമം എണ്ണം | മത്സ്യത്തൊഴിലാളി ജനസംഖ്യ | |
|---|---|---|---|---|---|
| | | | | ജില്ലയിൽ | ഒരു കിലോമീറ്ററിന് |
| 1. | തിരുവനന്തപുരം | 78 | 42 | 1,77,488 | 2275 |
| 2. | കൊല്ലം | 37 | 27 | 99,891 | 2700 |
| 3. | ആലപ്പുഴ | 82 | 30 | 1,18,558 | 1446 |
| 4. | എറണാകുളം | 46 | 21 | 77,177 | 1678 |
| 5. | തൃശൂർ | 54 | 18 | 74,261 | 1375 |
| 6. | മലപ്പുറം | 70 | 23 | 85,170 | 1217 |
| 7. | കോഴിക്കോട് | 71 | 34 | 1,05,108 | 1480 |
| 8. | കണ്ണൂർ | 82 | 11 | 59,369 | 724 |
| 9. | കാസർകോട് | 70 | 16 | 46,565 | 665 |
| | മൊത്തം | 590 | 222 | 8,43,587 | 1430 |

ദ്മേഖല നേരിടുന്ന തകർച്ചയും മത്സ്യലഭ്യതയിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവുമാണ് ഈ പ്രതിസന്ധിയുടെ മുഖ്യകാരണങ്ങൾ.

മത്സ്യോത്പാദനത്തിന്റെ കാര്യത്തിൽ കേരളത്തിലെ ഉൾനാടൻ മത്സ്യബന്ധനമേഖലയും കടൽ മത്സ്യബന്ധന മേഖലയും ഗുരുതരമായ തകർച്ച നേരിടുകയാണ്. ഉൾനാടൻ മത്സ്യമേഖലയുടെ മുഖ്യ മത്സ്യസമ്പദ് ശേഖരങ്ങളായ 44 നദികളും ഒൻപതു തടാകങ്ങളും 53 ജലസംഭരണികളും 852 ചിറകളും ആയിരക്കണക്കുള്ള കുളങ്ങളും എല്ലാം ഗുരുതരമായ സമ്പദ്ശോഷണം പ്രകടമാക്കുന്നു. പ്രതിവർഷം ലഭിച്ചുകൊണ്ടിരുന്ന പ്രകൃതിദത്ത ശുദ്ധജല മത്സ്യസമ്പത്തിന്റെ 70 ശതമാനത്തിലധികം നഷ്ടപ്പെട്ടുകഴിഞ്ഞു. ശുദ്ധജലമത്സ്യ ഇനങ്ങളിൽ ഭക്ഷ്യ പ്രാധാന്യമുള്ള 20 ൽ അധികം ഇനങ്ങൾ ഇന്നു ലഭ്യമല്ലാതായിരിക്കുന്നു. പത്തോളം ശുദ്ധജല മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചിരിക്കുന്നു. ഇന്ന് ലഭ്യമാകുന്നവയിൽ വാണിജ്യപ്രാധാന്യമുള്ള മത്സ്യങ്ങളുടെയെല്ലാം ലഭ്യതഗണ്യമായി കുറഞ്ഞിരിക്കുന്നു.

ഓരുജല മത്സ്യ ലഭ്യതയുടെ കാര്യത്തിലും വൻ തകർച്ചയാണ്. കേരളത്തിലെ ചെറുതും വലുതുമായ 52 കായലുകളിൽ നിന്നും 82 അഴി-പൊഴി പ്രദേശങ്ങളിൽ നിന്നും ആയിരക്കണക്കിന് ഹെക്ടർ വിസ്തൃതിയുള്ള ഓരുജലപ്പാടങ്ങളിൽ (പൊക്കാളിപ്പാടങ്ങളുൾപ്പെടെ) നിന്നുമുള്ള മത്സ്യലഭ്യത മൊത്തത്തിൽ 60 ശതമാനത്തോളം നഷ്ടപ്പെട്ടുകഴിഞ്ഞു എന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നു. ഓരുജല മത്സ്യഇനങ്ങളിൽ പ്രാമുഖ്യമുള്ള പല ഇനം മത്സ്യങ്ങളും ഇന്നു ലഭ്യമല്ലാതായിരിക്കുന്നു.

ഉൾനാടൻ ജലാശയങ്ങൾ ധാരാളമായി മണ്ണിട്ടുനികത്തിയതുമൂലം ജലാശയങ്ങളുടെ വിസ്തൃതിയിലും അമിത ജലചൂഷണം മൂലവും മണൽ വാരൽമൂലവും ആഴത്തിലും വലിയ കുറവുണ്ടായിട്ടുണ്ട്. ജലാശയ തീരപ്രകൃതിയിലും ജലപരിസ്ഥിതിയിലുമുണ്ടായ മാറ്റങ്ങൾ, ജലമലിനീകരണം മൂലം ജലത്തിന്റെ ഗുണമേന്മയിലുണ്ടായ തകർച്ച, തീരവനങ്ങളുടെയും പൊന്തക്കാടുകളുടെയും കണ്ടലുകളുടെയും വ്യാപകമായ നശീകരണം, ആശാസ്യമല്ലാത്ത മത്സ്യബന്ധന രീതികൾ, അമിതമത്സ്യബന്ധനം, അനധികൃതമായ മത്സ്യബന്ധനം ജലാശയങ്ങളിലെ കയ്യേറ്റങ്ങൾ, നിർമാണ പ്രവർത്തനങ്ങൾ തുടങ്ങിയ നിരവധി കാരണങ്ങളാണ് ഉൾനാടൻ മത്സ്യസമ്പദ്ശോഷണത്തിന് നിദാനമായിട്ടുള്ളത്.

മത്സ്യസമ്പദ്ശോഷണം ഏറ്റവും ഗുരുതരമായിരിക്കുന്നത് കടൽ മത്സ്യമേഖലയിലാണ്. 'വിതയ്ക്കാതെ കൊയ്യുവാൻ' ഇന്നും ലഭ്യമായ ഒരേയൊരു പ്രകൃതിവിഭവമാണ് 'കടൽ മത്സ്യസമ്പത്ത്. അമിതമായ മത്സ്യബന്ധനവും ആശാസ്യമല്ലാത്ത മത്സ്യബന്ധന രീതികളുടെ അമിതോപയോഗവും വർധിച്ചുകൊണ്ടിരിക്കുന്ന കടൽ ജലമലിനീകരണവും മൂലം ഈ അമൂല്യ മത്സ്യസമ്പത്ത് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

## മീൻ വൈവിധ്യം കുറയുന്നുവോ?

കടൽ മത്സ്യസമ്പദ്ശോഷണത്തിന്റെയും കടൽ സ്ഥിതിതകർച്ചയുടെയും പ്രത്യക്ഷ ലക്ഷണങ്ങൾ ധാരാളമുണ്ട്. ചിലത് ചൂണ്ടിക്കാട്ടാനാകും.

- ധാരാളമായി ലഭിച്ചിരുന്ന നല്ല ഇനം



കടൽ മത്സ്യങ്ങളിൽ പലതിന്റെയും ലഭ്യത ഗണ്യമായി കുറഞ്ഞിരിക്കുന്നു (ഉദാ: നെമ്മീൻ, ആവോലി, പരവ, കലവ, വറ്റ, കിളിമീൻ മുതലായവ)

- മുൻകാലങ്ങളിൽ ലഭിച്ചിരുന്ന ചില യിനം മത്സ്യങ്ങൾ ഇന്നു ലഭ്യമല്ലാതായിരിക്കുന്നു (ഊളി സ്രാവ്, തേഡ്, തെരണ്ടി, ചെമ്പല്ലി, കോര, വരണ്ട മുതലായവ). പലതിനും വംശനാശം സംഭവിച്ചിരിക്കുന്നു.
- തീരക്കടൽ മത്സ്യലഭ്യത കുറഞ്ഞപ്പോൾ ചില ആഴക്കടൽ മത്സ്യങ്ങൾ തീരക്കടലിലേക്ക് വരുന്നു.
- കേരളത്തിന്റെ തീരക്കടലിൽ കൂട്ടമായി കണ്ടിരുന്നതും പിടിച്ചെടുത്തിരുന്നതുമായ പല മത്സ്യങ്ങളും തീരംവിട്ട് മറ്റു ഭാഗങ്ങളിലേക്കും മറ്റു സംസ്ഥാനങ്ങളിലെ കടൽഭാഗങ്ങളിലേക്കും ദേശാടനം നടത്തി മാറിപ്പോകുന്നു.
- മിക്കയിനം കടൽ മത്സ്യങ്ങളുടെയും രുചിയിലും ഗുണത്തിലും ഗണ്യമായ മാറ്റം വന്നിരിക്കുന്നായി ഉപഭോക്താക്കളും ശാസ്ത്രജ്ഞന്മാരും ഒരുപോലെ അഭിപ്രായപ്പെടുന്നു.
- ഇപ്പോൾ ലഭിക്കുന്ന മിക്കയിനം മത്സ്യങ്ങളുടെയും സ്വാഭാവിക വളർച്ച മുരടിച്ചിരിക്കുന്നു. വളർച്ചയെത്തിയ പല യിനം മത്സ്യങ്ങളുടെയും വലുപ്പം മുൻകാലത്തേക്കാൾ കുറഞ്ഞിരിക്കുന്നു.
- പ്രായംകുറഞ്ഞ മത്സ്യങ്ങളെ (ചെറുമത്സ്യങ്ങളെ ഉൾപ്പെടെ) ധാരാളമായി പിടിച്ചെടുക്കുന്നു. മത്സ്യോത്പാദന പ്രക്രിയ തടസ്സപ്പെടുന്നു.
- വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളുടെയും മറ്റു ജലജീവികളുടെയും എണ്ണം വർധിച്ചുവരുന്നതായി ശാസ്ത്രീയപഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. മത്സ്യങ്ങളുടെ ഭക്ഷണശൃംഖല തകർന്നിരിക്കുന്നു.
- കടലിനടിയിലെ സ്വാഭാവികപാരുകളും പവിഴപ്പുറ്റുകളും വ്യാപകമായി നശിച്ചുകൊണ്ടിരിക്കുന്നു.
- കടൽ ചിപ്പികളുടെയും ശംഖുകളുടെയും ലഭ്യതകുറഞ്ഞിരിക്കുന്നു.
- കടലിലെ അലങ്കാരമത്സ്യങ്ങളും അലങ്കാരജലജീവികളും കൂട്ടമായി നശിച്ചുകൊണ്ടിരിക്കുന്നു.
- പരമ്പരാഗത മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന പല മത്സ്യത്തൊഴിലാളികളും മത്സ്യബന്ധനത്തൊഴിൽ ഉപേക്ഷിക്കുവാൻ നിർബന്ധിതരായിരിക്കുന്നു.

ഇത്തരം അവസ്ഥാവിശേഷങ്ങൾക്കുപരി കടൽ മത്സ്യസമ്പദ്ശോഷണത്തിനുകാരണമാകുന്ന ചില പ്രകൃതിദത്ത പ്രതിഭാസങ്ങൾ വേറെയുണ്ട്. അവയിൽ പലതും മനുഷ്യനിയന്ത്രണത്തിൽ ഒതുങ്ങാത്തതായി മാറിയിരിക്കുന്നു. തീരപരിസ്ഥിതിയിലും കടൽ ജലസ്ഥിതിയിലും ഉണ്ടായിട്ടുള്ള (മനുഷ്യർ ഉണ്ടാക്കിയിട്ടുള്ള) വലിയ അപചയങ്ങളാണ് കടൽ മത്സ്യസമ്പദ്നാശത്തിനു വഴിതെളിച്ചത്. 'ആഗോളതാപനം' കേരളത്തിന്റെ കടലിനെയും ബാധിച്ചിട്ടുണ്ട്. കടൽ ജലത്തിന്റെ ഊഷ്മാവിലുണ്ടായ വർധന, കടൽനീരൊഴുക്കുകളുടെ ഗതിവിഗതികളിലെ മാറ്റങ്ങൾ, കടൽ ജലനിരപ്പിലുണ്ടായ മാറ്റം, തിരമാലകളുടെ വേഗതയിലും ശക്തിയിലും ദിശയിലുമുണ്ടായ മാറ്റങ്ങൾ തുടങ്ങിയവയൊക്കെ 'കടൽ സ്ഥിതി'യിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.



കഴിഞ്ഞ കുറേ വർഷങ്ങളായി കണ്ടുവരുന്ന കാലാവസ്ഥാ വ്യതിയാനം ഗുരുതരമായ പ്രത്യാഘാതങ്ങളാണ് കടൽ മത്സ്യസമ്പത്തിന്റെ നിലനില്പിനേൽപ്പിച്ചിട്ടുള്ളത്. കേരള കടൽത്തീരങ്ങളിലെ തീരവനങ്ങളുടെ പൂർണമായ നശീകരണവും അഴി-പൊഴിമുഖങ്ങളിലെ കണ്ടൽ വനനശീകരണവും കടൽത്തീര പരിസ്ഥിതിയിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ, കടൽ ജലമലിനീകരണം എന്നിവ കടൽജലത്തിന്റെ ജൈവപരിസ്ഥിതിക്കും, ജൈവവൈവിധ്യത്തിനും വളരെയധികം കോട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആത്യന്തികമായി ഈ പ്രക്രിയകളെല്ലാം കൂടി കടലിന്റെ ജൈവാവാസവ്യവസ്ഥയെ നിലനിർത്തുന്ന കടൽസ്ഥിതിയെ തകർക്കുകയാണ് ചെയ്യുന്നത്.

കേരളത്തിന്റെ തീരക്കടൽ പരിസ്ഥിതിക്കുണ്ടായ തകർച്ച പൂർണമായി പരിഹരിക്കുവാൻ നമുക്കു കഴിഞ്ഞെന്നുവരില്ല. എന്നാൽ പ്രകൃതിദത്തമായ 'അക്ഷയഖനി'യായി നിലനിർത്താവുന്ന മത്സ്യസമ്പത്തിന്റെ തകർച്ച ഇനിയുമുണ്ടാകാതെ പരിരക്ഷിക്കുവാനും അത് സ്ഥായിയായി പരിപാലിക്കുവാനും നമുക്കു കഴിയും.

കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളിലെയും തീരക്കടലിലെയും മത്സ്യസമ്പത്തിന്റെ തകർച്ചയുടെ കാരണങ്ങളും അവ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളേക്കുറിച്ചും പ്രകൃതിദത്ത മത്സ്യസമ്പത്ത് നിലനിർത്തുന്നതിനവലംബിക്കേണ്ട പരിപാലന പരിപാടികളേക്കുറിച്ചും, മത്സ്യോത്പാദനം വർധിപ്പിക്കുവാൻ സ്വീകരിക്കേണ്ട പ്രത്യേക പദ്ധതികളെക്കുറിച്ചും അവയുടെ ഭരണാവശ്യകതകളെക്കുറിച്ചും നിയമനിർമാണാവശ്യകതകളെക്കുറിച്ചും ഒക്കെ വിശദമായ പഠനങ്ങൾ നടത്തിയ ധാരാളം വിദഗ്ധ സമിതി റിപ്പോർട്ടുകൾ നിലവിലുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി സർക്കാർ നിയോഗിച്ച ഈ വിദഗ്ധ സമിതികളുടെ പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ കേരളത്തിലെ മത്സ്യസമ്പത്ത് സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് പദ്ധതികളും നിയമനിർമാണങ്ങളും ആവിഷ്കരിച്ച് നടപ്പാക്കുകയാണ് വേണ്ടത്.

മത്സ്യസമ്പദ്ശോഷണത്തിലൂടെ കേരളത്തിന്റെ മത്സ്യമേഖല നേരിടുന്ന തകർച്ചയുടെ ആദ്യ ഇരകളാകുന്നത് മത്സ്യത്തൊഴിലാളികളും മത്സ്യോപഭോക്താക്കളുമാണ്. മത്സ്യമേഖലയ്ക്കുണ്ടാകുന്ന ഈ ആഘാതം കേരളത്തിന്റെ മാത്രമല്ല ഇന്ത്യയുടെ തന്നെ സമ്പദ്ഘടനയേയും പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. ■

*മുൻ ഫിഷറീസ് അഡീഷണൽ ഡയറക്ടറാണ് ലേഖകൻ*

കവർസ്റ്റോറി

■ ഡോ. കെ.എസ്. പുരുഷൻ

# സുസ്ഥിര മത്സ്യവികസനം എങ്ങനെ?



കല്പാന്തകാലമായി കേരളത്തെ വലയം ചെയ്തുകിടക്കുന്ന ലക്ഷദ്വീപ് കടലും ആഴിയും കായലും ജലാശയവും തോടും വയലും വെള്ളക്കെട്ടും പുഴയും നദിയുമൊക്കെ പ്രകൃതിരമണീയതയ്ക്കു ഹരം പകരുന്ന ജീവസ്സുറ്റ ജലസ്രോതസ്സുകളാണ്. കൂടാതെ, അവയൊക്കെ മത്സ്യസമ്പന്നതയ്ക്ക് അനുഗുണമായ ആവാസവ്യവസ്ഥ ഉറപ്പാക്കി പ്രകൃതിദത്ത ഉത്പാദനത്തിന്റെ ഉറവിടങ്ങളായി വർത്തിക്കുകയും ചെയ്യുന്നു. അവയിൽ വിളസമൃദ്ധിക്ക് സവിശേഷമായി മാറ്റുകൂട്ടുന്ന കടൽ-കായൽ-നദി തീരങ്ങളൊക്കെ വളരെ ഫലഭൂയിഷ്ഠവും ഉത്കൃഷ്ടവുമായ ഭൂമികയായി നിലകൊള്ളുന്നതിനാൽ ഏറെ ജനനിബിഡവുമാണ്. സാധാരണഗതിയിൽ വൈവിധ്യമാർന്നതരം വിഭവോത്പാദനം സാർവത്രികമായി നിർവഹിക്കപ്പെടുന്നുണ്ടെങ്കിലും ചിലയിടങ്ങളൊക്കെ ഒടുങ്ങാത്ത അലോസരങ്ങളാൽ പലപ്പോഴും മുഖരിതമാണ്. പ്രസ്തുത പശ്ചാത്തലത്തിൽ, അസ്വസ്ഥത മിക്കപ്പോഴും നടമാടുന്ന തീരദേശവും മത്സ്യമേഖലയും നേരിടുന്ന ക്ലേശകരമായ പ്രശ്നങ്ങൾ വേർതിരിച്ചറിഞ്ഞ് പരിഹരിക്കേണ്ടത് സുസ്ഥിരവികസനത്തിന് അത്യന്താപേക്ഷിതമാണ്.

## ലോലമായ പരിസ്ഥിതി/ ആവാസവ്യവസ്ഥ

കഴിഞ്ഞ രണ്ടു മൂന്നു പതിറ്റാണ്ടായി നാട്ടിലെമ്പാടും ആസൂത്രണവിദഗ്ധരും ഭരണകാര്യവിശാരദന്മാരും പൊതുസമൂഹവും സഗൗരവം ചർച്ചചെയ്തുപോകുന്ന ശ്രദ്ധേയ വിഷയങ്ങളാണ് തീരദേശവും മത്സ്യമേഖലയും. കരയും കടലും അന്തരീക്ഷവും സമന്വയിക്കുന്ന അതിലോലമായ പരിസ്ഥിതി നിലകൊള്ളുന്ന പ്രദേശമാണവ.

കേരളത്തെ സംബന്ധിച്ചിടത്തോളം പശ്ചിമതീരത്ത് അറബിക്കടലും എതിർദിശയിൽ ഒരു ശൃംഖലപോലെ കെട്ടുപിണഞ്ഞുകിടക്കുന്ന വ്യത്യസ്ത ഗുണമഹിമയുള്ള പലതരം ജലാശയങ്ങളും അതിർത്തി പങ്കിടുന്ന സവിശേഷത തീരദേശത്തിനുണ്ട്. ഇതിൽ ഉദ്ദേശ്യം 590 കിലോമീറ്റർ നീളത്തിൽ കിടക്കുന്ന കടലോരം സചേതന പ്രകൃതിയിലെ തികവുറ്റ ആവാസകേന്ദ്രമാണ്. ചുരുക്കത്തിൽ അറബിക്കടലിന്റെ സാമീപ്യവും വിശ്വപ്രസിദ്ധതടാകങ്ങളും 41 നദികളും മറ്റുത്കൃഷ്ട ജലസ്രോതസ്സുകളും പരസ്പര സമ്പർക്കം പുലർത്തുന്ന വിശിഷ്ട ഭൂമികയായ തീരപ്രദേശം ഏറെ ഫലഭൂയിഷ്ഠവും കാർഷിക മേഖലയിൽ ഗണ്യമായ സംഭാവനകൾ അർപ്പിക്കുകയും ചെയ്യുന്ന പ്രകൃതിദത്ത ഉത്പാദനത്തിന്റെ ഉറവിടമാണ്. മാത്രവുമല്ല, തണ്ണീർത്തടങ്ങളും ചതുപ്പുകളും കണ്ടൽക്കാടുകളും സമ്പന്നമാക്കുന്ന പ്രസ്തുത പ്രദേശം വിലമതിക്കാനാവാത്ത മറ്റനവധി ധർമങ്ങളും സേവനങ്ങളും നിർവഹിക്കുന്നുണ്ട്.

സാധാരണഗതിയിൽ തെങ്ങും പൊക്കാളി/ വിരിപ്പു നെല്ലും മത്സ്യവും കൊണ്ട് അനുഗൃഹീതമായ പ്രദേശം വിളസമൃദ്ധിയിൽ മികവുപുലർത്തുന്നു. ഒരുപക്ഷേ, ഇക്കാരണങ്ങളാലാവാം വളരെ പണ്ടുമുതൽ മൊത്തം ജനസംഖ്യയുടെ 30-40 ശതമാനം പേർ ചേക്കേറുന്ന മനുഷ്യാവാസപ്രദേശമായി അവ രൂപാന്തരപ്പെട്ടത്. ഇതരപ്രദേശങ്ങളിൽ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 819 ആണെങ്കിൽ തീരപ്രദേശങ്ങളിൽ അത് മൂന്നുനാല് ഇരട്ടിയിലധികമാണ്.

> 2012-13 വർഷം 8.39 ലക്ഷം ടൺ മത്സ്യം കേരളത്തിൽ ഉത്പാദിപ്പിച്ചത് വർഷകാല റെക്കോർഡാണ്. എന്നിട്ടും പ്രതിദിനം 3000 ടൺ ഉപഭോഗിക്കുന്ന വർധിച്ച ആവശ്യം നിറവേറ്റാൻ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന സ്ഥിതി നിലനിൽക്കുന്നു. അങ്ങനെയിരിക്കെ കേരളത്തിലെ മത്സ്യോത്പാദനം 2013-14 ൽ 6.71 ലക്ഷം ടണ്ണായി ചുരുങ്ങിയെന്നത് നിനച്ചിരിക്കാതെ അനുഭവപ്പെട്ട യാഥാർഥ്യമാണ്

കടുത്ത വേനലിൽ ഭൂഗർഭത്തിലൂടെ അഞ്ചു പി.പി.റ്റിയിൽ കുറയാത്ത ഉപ്പ് സാന്ദ്രതയുള്ള വെള്ളം വേലിയേറ്റത്തിലൂടെ എത്തപ്പെടുന്ന സ്ഥലങ്ങളൊക്കെ തീരദേശത്തിന്റെ പട്ടികയിൽപ്പെടുന്നുണ്ടെന്നാണ് ഇപ്പോഴത്തെ നിഗമനം. അപ്രകാരത്തിൽ കേരളത്തിന്റെ മൊത്തം ഭൂപ്രകൃതിയുടെ 15-20 ശതമാനം തീരദേശമാണെന്നത് തികഞ്ഞ യാഥാർഥ്യബോധത്തോടെ ഉൾക്കൊള്ളേണ്ട കാര്യമാണ്.

കാലവർഷത്തിന്റെ മൂർധന്യത്തിൽ, ശക്തമായ കാറ്റും മഴയും തിരമാലകളും തീരക്കടലിൽ പ്രകമ്പനം കൊള്ളിക്കുന്നതിനെ തുടർന്ന് ചിലയിടങ്ങളിൽ ചാകര എന്ന പ്രതിഭാസം സംജാതമാകാറുണ്ട്. ചുറ്റുപാടും കൂറ്റൻ തിരമാലകൾ ആർത്തിരമ്പുമ്പോൾ ചാകര പ്രദേശം ശാന്തവും ഫലഭൂയിഷ്ഠവുമായി വർത്തിക്കുന്നു. അനന്തരഫലമായി മത്സ്യ സമൃദ്ധിയാൽ തീരദേശം പുളകിതമാകുന്ന സന്ദർഭങ്ങൾ ദർശിക്കാനാവും. സീസണിൽ ഏറ്റവും അധികം വ്യത്യസ്തതരം മത്സ്യങ്ങൾ കരഗതമാകുന്നതുകൊണ്ട് മീൻകച്ചവടവും വാണിഭവും തകൃതിയിലായിരിക്കും. പലതരം വേല ചെയ്യുന്നവർ ഒത്തൊരുമിക്കുന്നതുകൊണ്ട് സംഗതികളൊക്കെ ആകപ്പാടെ ഉത്സാഹത്തിമിർപ്പിലായിരിക്കും. അനുഗുണമാകുന്ന സീസണിൽ സാമൂഹിക-സാമ്പത്തിക പുരോഗതി ആർജിക്കാൻ മത്സ്യത്തൊഴിലാളികൾ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന മറ്റു പ്രതിഭാസം മേഖലയിൽ വേറെയില്ല.



## തീരസംരക്ഷണം നൂതനരീതികൾ

കടലാക്രമണത്തിൽ നിന്നും കരയെ സംരക്ഷിക്കാൻ 70–75 ശതമാനം തീരത്തും കരിങ്കൽ ഉപയോഗിച്ച് കടൽ ഭിത്തിയും പുലിമുട്ടും നിർമിച്ചിട്ടുണ്ടെങ്കിലും ശാശ്വത പരിഹാരമുണ്ടായിട്ടില്ല. കടലിൽ കല്ലിടലല്ല, കണ്ടൽക്കാടുകളാൽ നിബിഡമായ ജൈവ വേലി ഉൾപ്പെടെയുള്ള മറ്റു മാർഗങ്ങൾ അവലംബിക്കലാണ് അഭികാമ്യമെന്ന വാദവും ബലപ്പെടുന്നുണ്ട്. കൂടാതെ ടയറും പ്ലാസ്റ്റിക്കും ഉപയോഗിച്ച് തീരക്കടലിൽ ബ്രേക്ക് വാട്ടർ സംവിധാനം ഒരുക്കുന്നതും തിരമാലകളുടെ കരയിലോട്ടുള്ള പ്രഹരത്തെ മെരുക്കാൻ കൂടുതൽ ഫലപ്രദവും ആദായകരവുമാണെന്ന് പരീക്ഷണാർഥം തെളിഞ്ഞിട്ടുണ്ട്. ഇടവപ്പാതിയോടനുബന്ധിച്ച് രണ്ടു മൂന്ന് ആഴ്ചക്കാലം വർഷം തോറും ചിലയിടങ്ങളിൽ ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണം തരണം ചെയ്യാനും കഷ്ടനഷ്ടങ്ങൾ പേറുന്ന തീരദേശ ജനതയെ അതിന്റെ കെടുതികളിൽ നിന്നും കരകയറ്റാനും അതാതിടങ്ങളുടെ ഭൂമിശാസ്ത്രപരമായ കിടപ്പും നീരൊഴുക്കിന്റെ ഗതിവിഗതികളും തിരമാലകളുടെ ആക്കവും കരയൊലിപ്പിന്റെ തോതും പരമ്പരാഗത അറിവുകളും പരിഗണിച്ചുള്ള ശാസ്ത്ര–സാങ്കേതിക സമീപനം അവലംബിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും.

## തീരദേശം നേരിടുന്ന ഭീഷണികൾ

ഭൗതിക പ്രകൃതിയിലെ നിറസാന്നിധ്യമായ തണ്ണീർത്തടങ്ങളും വയലുകളും കണ്ണുംപൂട്ടി നികത്തി മറ്റെടുപ്പുകളാക്കി മാറ്റുന്ന പ്രവണത എവിടെയും കാണപ്പെടുന്നു. ഗതിമാറി കുതിക്കുന്നതും വികലവുമായ വികസനത്തിന്റെ ഉപോത്പന്നങ്ങളായ കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം, മലിനീകരണം എന്നിവ ഉളവാക്കുന്ന വിത്തുകൾ സകലസീമകളും ഉല്ലംഘിച്ച് മുന്നേറുകയാണ്.

ക്രമാതീതമായി പെരുകുന്ന ഹരിതഗൃഹവാതങ്ങളായ $CO_2$, $CO$, $NO_2$, $CH_4$, $O_3$, $H_20$ (നീരാവി) എന്നിവ സൃഷ്ടിക്കുന്ന താപവർധനവിൽ കടൽ ജലനിരപ്പ് ക്രമംവിട്ട തോതിൽ ഉയരുന്നതും ഉൾപ്രദേശത്തേക്ക് ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റവും നിനച്ചിരിക്കാതെ വന്നെത്തുന്ന കൊടുങ്കാറ്റും പേമാരിയുമൊക്കെ സൃഷ്ടിക്കുന്ന കെടുതികൾ ഏറ്റവും കൂടുതൽ നാശംവിതയ്ക്കുന്നത് തീരദേശത്താണ്. ഇക്കാര്യങ്ങളൊക്കെ അന്താരാഷ്ട്രവേദിയിൽ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും ആശാസ്യമായ പോംവഴികൾ ഇനിയും ഉരുത്തിരിഞ്ഞിട്ടില്ല.

വികസിതരാജ്യങ്ങളുടെ അമിതമായ തോതിലുള്ള ഊർജോപഭോഗവും ഹരിതഗൃഹവാതകങ്ങൾ പുറംതള്ളലും തീരദേശവാസികളായ പാവപ്പെട്ടവരുടെ ജീവിതം കൂടുതൽ ദുരിതപൂർണമാക്കുന്നുണ്ട്. സമുദ്രജലനിരപ്പ് ചെറിയതോതിലാണെങ്കിലും അനവരതം ഉയർന്നുകൊണ്ടിരിക്കുന്നു എന്ന വാർത്ത അവരിൽ അങ്കലാപ്പുണർത്തുന്നു. കെടുതികളിൽ നിന്നും കരകയറാനും മോചനത്തിനുവേണ്ടിയുള്ള മാർഗങ്ങൾ ആരായാനും അശ്രാന്തപരിശ്രമം തുടരേണ്ടിയിരിക്കുന്നു.

## സമഗ്ര മത്സ്യവികസന പദ്ധതി

സംസ്ഥാന ജനസംഖ്യയുടെ ഉദ്ദേശ്യം മൂന്നു ശതമാനം പേർ വിവിധ തൊഴിലിനും ഉപജീവനത്തിനും ആശ്രയിക്കുന്ന മേഖലയാണിത്. ഇതിൽ മത്സ്യത്തൊഴിലാളികളും അനുബന്ധതൊഴിലാളികളും ആശ്രിതരും കൂടി ഉദ്ദേശ്യം 12 ലക്ഷം പേരുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ജനതതിയുടെ പോഷകാഹാര ഭക്ഷ്യസുരക്ഷ ഉറപ്പാക്കി ഗ്രാമീണ സമ്പദ്ഘടനയ്ക്ക് മുതൽക്കൂട്ടുന്ന മത്സ്യമേഖല ഗണ്യമായ തോതിൽ വിദേശ നാണ്യവും നേടിത്തരുന്നുണ്ട്.

മിതശീതോഷ്ണ കാലാവസ്ഥയും വളക്കൂറും ഫലഭൂയിഷ്ഠിയും കൊണ്ട് സമ്പന്നമായ തീരക്കടൽ മികച്ച മത്സ്യോത്പാദന സ്രോതസ്സാണ്. പുറംകടലിൽ നിന്നും ആഴക്കടലിൽ നിന്നും സാമാന്യമായ തോതിൽ മത്സ്യം പിടിച്ചെടുക്കുന്നുണ്ട്. 800 ലധികം തരം മത്സ്യം ദൈനംദിനം കരയ്ക്കണയുന്നതിനാൽ 200 ൽപ്പരം ഇനങ്ങൾ ഭക്ഷ്യയോഗ്യമാണ്. അയല, ചാള, കൊഴുവ, നത്തോലി, നെയ്മീൻ എന്നിവയും കാര, നാരൻ, കരിക്കാടി, തെള്ളി എന്നീ ചെമ്മീനും ഏറ്റവും ശ്രദ്ധേയമായ ഇനങ്ങളാണ്. 2012–13 വർഷം 8.39 ലക്ഷം ടൺ മത്സ്യം കേരളത്തിൽ ഉത്പാദിപ്പിച്ചത് വർഷകാല റെക്കോർഡാണ്. എന്നിട്ടും പ്രതിദിനം 3000 ടൺ ഉപഭോഗിക്കുന്ന വർധിച്ച ആവശ്യം നിറവേറ്റാൻ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന സ്ഥിതി നിലനിൽക്കുന്നു. അങ്ങനെയിരിക്കെ കേരളത്തിലെ മത്സ്യോത്പാദനം 2013 –14 ൽ 6.71 ലക്ഷം ടണ്ണായി ചുരുങ്ങിയെന്നത് നിനച്ചിരിക്കാതെ അനുഭവപ്പെട്ട യാഥാർഥ്യമാണ്. ഇവിടെ, സുസ്ഥിര മത്സ്യോത്പാദനം ആർജിച്ചും പോഷകാഹാരഭക്ഷ്യസുരക്ഷ ഉറപ്പാക്കിയും നഷ്ടപ്രതാപം വീണ്ടെടുക്കാൻ ഉചിതവും ഫലപ്രദവും ആശാസ്യവുമായ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

ലക്ഷദ്വീപ് കടലുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെടുന്ന അനേകം കായലുകളും പൊയിലുകളും നദീമുഖങ്ങളും വയലുകളും മറ്റ് ജലാശയങ്ങളും കേരളത്തിലുണ്ട്. ഇവയ്ക്കൊക്കെ സമ്മിശ്രണം ചെയ്തുണ്ടാകുന്ന പ്രത്യേക ഓരുജല പരിസ്ഥിതിയിൽ നിന്നും സ്വാദിഷ്ടമായ നിരവധിതരം മത്സ്യ–ചെമ്മീനുകളും കക്കയും മറ്റും ഉത്പാദിപ്പിക്കപ്പെടുന്നു. എന്നാൽ ജലാശയത്തിന്റെ വ്യാപ്തിക്കനുസരിച്ചുള്ള ഉത്പാദന മികവ് ആർജിക്കാൻ കഴിഞ്ഞിട്ടില്ല. സമഗ്രമത്സ്യവികസന പദ്ധതിയിലൂടെ ഉൾനാടൻ മത്സ്യോത്പാദനം ഇപ്പോഴത്തെ 1.25 ലക്ഷം ടണ്ണിൽ നിന്നും രണ്ടു ലക്ഷം ടണ്ണായി വർധിപ്പിക്കാൻ ഫിഷറീസ് വകുപ്പ് കിണഞ്ഞ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.



## നേരിടുന്ന പ്രതിസന്ധി

വർധിച്ചുവരുന്ന ജലമലിനീകരണവും രോഗഗ്രസ്തമായ അവസ്ഥയും ഉൾനാടൻ മത്സ്യോത്പാദനത്തിൽ പ്രശ്നങ്ങളും ഉത്പാദന നാശവും വരുത്തുന്നുണ്ട്. അമിതമായ തോതിൽ മാലിന്യങ്ങളും വിസർജ്യങ്ങളും മറ്റു പാഴ്‌വസ്തുക്കളും ജലാശയങ്ങളിലേക്ക് പുറന്തള്ളുന്നതു മൂലം സംജാതമാകുന്ന അതിപോഷകത്വം പായലുകളും കളകളും അനാരോഗ്യകരമായി പെരുകാൻ ഇടയാക്കുന്നു. ഇത് ജലാശയത്തിന്റെ സംവഹനശേഷിയും സന്തുലിതാവസ്ഥയും പലപ്പോഴും താറുമാറാക്കുന്നു. ജൈവവൈവിധ്യസംരക്ഷണത്തിനും മത്സ്യോത്പാദനത്തിനും ഇതുവരുത്തുന്ന വിന നിസ്സാരമല്ല. അതുപോലെ തന്നെ അത്ഭുതകരമായ തോതിൽ പെരുകിക്കൊണ്ടിരിക്കുന്ന ഉപദ്രവകാരികളായ ജീവികളുടെയും കടൽചൊറിയുടെയും വ്യാപനം അക്ഷരാർഥത്തിൽ കായൽ മത്സ്യബന്ധനത്തെ മുരടിപ്പിച്ചിട്ടുണ്ട്. ടൂറിസം-ഹൗസ് ബോട്ടുകൾ പെരുകുന്നതും മറ്റും അതിന്റെ ആക്കം കൂട്ടുമെന്ന ആശങ്കയും അസ്ഥാനത്തല്ല.

സ്ഥിതിവിവരക്കണക്കുകളനുസരിച്ച് മത്സ്യോത്പാദനം ക്രമാനുഗതമായി മുന്നേറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ചൂണ്ടിക്കാണിക്കപ്പെടുന്നതെങ്കിലും ഉത്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്ന പ്രവണത കാണുന്നുണ്ടെന്നാണ് അഭിജ്ഞമതം. ചെലവാക്കുന്ന ഊർജത്തിന് ആനുപാതികമായി പുകൾപെറ്റ മത്സ്യസമ്പന്ന പ്രദേശത്തുനിന്നുപോലും ഉദ്ദേശിച്ചത്ര മീൻ നിശ്ചിതസമയത്തിനകം കിട്ടാത്ത അവസ്ഥയാണ് രണ്ടു പതിറ്റാണ്ടായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്.

## അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം

നിരോധിച്ചിട്ടുള്ളതും അല്ലാത്തതുമായ രീതികളും അനവധി ബന്ധനോപാധികളും കൂടുതൽ കുതിരശക്തിയിൽ പ്രവർത്തിക്കുന്ന യാനങ്ങളും ട്രോളറുകളും മറ്റും യാതൊരു തത്വദീക്ഷയുമില്ലാതെ രാപ്പകൽ പ്രവർത്തിപ്പിച്ച് വിവേചനരഹിതമായി മത്സ്യസമ്പത്ത് അപ്പാടെ കാർന്നെടുക്കുന്ന സമീപനമാണ് ഏവരും അനുവർത്തിക്കുന്നത്. കൂടാതെ, കടൽ മണൽ, പുഴമണൽ ഖനനങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വേറെയുമുണ്ട്.

പ്രജനന കാലത്തുപോലും തള്ള മത്സ്യങ്ങളെയും വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങളെയും വേണ്ടവിധം പരിപാലിക്കേണ്ടതാണെങ്കിലും സ്വാർഥലാഭത്തിനുവേണ്ടി നടത്തുന്ന കുത്സിത ശ്രമങ്ങൾ മത്സ്യപ്രജനനത്തെയും മത്സ്യവംശങ്ങളെയും ഒടുക്കുകയാണ്.

## ഉത്തരവാദിത്വ മത്സ്യബന്ധനം എന്ത്?

പരിസ്ഥിതിക്കനുസൃതമായ ഉത്തരവാദിത്വമത്സ്യബന്ധന രീതി അനുവർത്തിക്കേണ്ടതിന്റെ പ്രാധാന്യം അന്താരാഷ്ട്ര കാർഷികസംഘടന 1995 ൽ തന്നെ ഒരു ചാർട്ടറിലൂടെ ആഹ്വാനം ചെയ്തിട്ടുണ്ട്. മത്സ്യബന്ധന സമീപനത്തിൽ ഉചിതമായ മാറ്റംവരുത്തിയും സംഗതികൾ ഗൗരവപൂർവം വീക്ഷിച്ചും കൈകാര്യം ചെയ്തില്ലെങ്കിൽ മത്സ്യസമ്പത്ത് ആസന്നഭാവിയിൽ കൂമ്പടഞ്ഞുപോകുമെന്ന് 2008 ൽ ഐക്യരാഷ്ട്ര സംഘടനയും ആവർത്തിച്ച് ഓർമിപ്പിച്ചിട്ടുണ്ട്.

സുസ്ഥിര മത്സ്യോത്പാദനത്തിന് അനുഗുണമായേക്കാവുന്ന അനവധി കാര്യങ്ങളിലൊന്നാണ് കാലവർഷസമയത്തെ 47 ദിവസമുള്ള ട്രോളിങ് നിരോധനം. കഴിഞ്ഞ 26 വർഷമായി ഇത് കർശനമായി ബാധകമാക്കിയിട്ടുണ്ട്. ഇന്ത്യൻ കടലുകളിൽ വിദേശ കപ്പലുകളുടെ ട്രോളിങ് നിരോധിച്ചും ചെറുസുഷിരമുള്ള വലകൾ ഒഴിവാക്കിയും വലയുടെയും നൗകയുടെയും വലുപ്പവും എണ്ണവും കുറച്ചും കുതിരശക്തികൂടിയ യന്ത്രങ്ങൾ മിതമായ തോതിൽ മാത്രമുപയോഗിച്ചും ആവാസവ്യവസ്ഥയ്ക്കനുസൃതമായി മത്സ്യബന്ധനം അനുവർത്തിച്ചും മുന്നേറേണ്ടുന്നത് മത്സ്യോത്പാദനത്തിന്റെ സുസ്ഥിരഭദ്രതയ്ക്ക് അത്യന്താപേക്ഷിതമാണ്.

കാലാവസ്ഥാവ്യതിയാനവും കടലിലെ ഊഷ്മാവ് വർധിക്കുന്നതും മൂലം ചില പ്രത്യേകതരം മത്സ്യങ്ങളുടെ വിടവാങ്ങലും തിരോധാനവും സംഭവിക്കും. അപ്പോൾ ഭക്ഷ്യ-സുരക്ഷയ്ക്കും സാമ്പത്തിക പുരോഗതിക്കും നേരെ ഉണ്ടായേക്കാവുന്ന പ്രതിസന്ധികൾ സമർഥമായി തരണം ചെയ്യാൻ കരുതലുകളുണ്ടാവണം.

പോഷകാഹാര ഭക്ഷ്യ സുരക്ഷ പ്രദാനം ചെയ്യുന്നതിൽ നിർലോഭമായ പങ്കുവഹിക്കുന്ന കേരളത്തിന്റെ സവിശേഷ നീന്തുമത്സ്യങ്ങളായ അയല, ചാള, നത്തോലി, നെയ്മീൻ എന്നിവ അന്തരീക്ഷ താപനം മൂലം ചൂടുകുറഞ്ഞ വിദൂര പ്രദേശങ്ങളിലേക്ക് പലായനം ചെയ്താൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധിയിൽ തൊഴിലും ഭക്ഷ്യസുരക്ഷയും സാമ്പത്തിക ഭദ്രതയും അവതാളത്തിലാകും എന്നകാര്യത്തിൽ സംശയിക്കേണ്ടതില്ല. തൊഴിലിനും ആഹാരത്തിനും കടലമ്മയെ ഉറ്റനോക്കുന്ന മത്സ്യത്തൊഴിലാളികൾ അതുമൂലം അനുഭവിക്കേണ്ടിവരുന്ന ഗതികേടുകൾ ഊഹിക്കാവുന്നതിലുപരിയായിരിക്കും.

ആകപ്പാടെ പരതുമ്പോൾ ജലാശയങ്ങളും തീരക്കടലും കുപ്പത്തൊട്ടികളല്ലെന്നും പ്രകൃതിദത്ത ഉത്പാദനത്തിന്റെ ഉറവിടങ്ങളാണെന്നുമുള്ള തിരിച്ചറിവ് ശരിയായ ബോധവത്കരണത്തിലൂടെ ജനങ്ങളിൽ ഉണർത്തണം. സർക്കാരും സന്നദ്ധ സംഘടനകളും പൗരബോധമുള്ള ജനങ്ങളും ഒത്തൊരുമിക്കേണ്ടതാണ്. ■

*കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയിൽ എമിനൻസ് പ്രഫസറാണ് ലേഖകൻ*

# താങ്ങും തണലുമായി മത്സ്യഫെഡ്

**മത്സ്യത്തൊഴിലാളികൾക്ക് ചൂഷണമുക്തമായ ജീവിതം ഉറപ്പാക്കാൻ നിരവധി പദ്ധതികളിലൂടെ മത്സ്യഫെഡിന് കഴിയുന്നു**

1984 ലാണ് മത്സ്യഫെഡ് അഥവാ കേരള സംസ്ഥാന സഹകരണ മത്സ്യവികസന സഹകരണ ഫെഡറേഷൻ, കേരള സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടത്. ഉത്പാദന മേഖലയിലും, വിപണന രംഗത്തുമെല്ലാം അളവില്ലാത്ത ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽ നിന്ന് മുക്തരാക്കുന്നതിനാണ് മത്സ്യഫെഡ് രൂപീകരിച്ചത്. 1988 ൽ പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്യിച്ചതോടെ ഈ സ്ഥാപനം മത്സ്യസംഘങ്ങളുടെ കേന്ദ്ര (അപ്പെക്സ്) സംഘമായി മാറി. ഇപ്പോൾ 666 കടലോര, ഉൾനാടൻ, വനിതാ സംഘങ്ങൾ അംഗങ്ങളായിട്ടുള്ള ഏഷ്യയിലെ തന്നെ ഏറ്റവും വലിയ അപ്പെക്സ് സഹകരണ സ്ഥാപനമാണ് മത്സ്യഫെഡ്.

ഉത്പാദന ഉപകരണങ്ങളായ വഞ്ചി, വല, എഞ്ചിൻ എന്നിവയുടെ ഉടമസ്ഥത ഈ മേഖലയിൽ അടിമ-ഉടമ സമ്പ്രദായത്തിന് തുടക്കം കുറിച്ചു. മുൻ തലമുറയിൽപ്പെട്ടവരിൽ ആരെങ്കിലും വാങ്ങിയിരിക്കാവുന്ന കടത്തിന്റെ പേരിൽ ഉടമസ്ഥന്റെ വള്ളത്തിൽ തന്നെ പണിക്കു പോകാൻ തൊഴിലാളികൾ നിർബന്ധിതരായിരുന്നു. മത്സ്യഫെഡിന്റെ ആദ്യത്തെ ദൗത്യം തന്നെ മത്സ്യത്തൊഴിലാളികളെ തൊഴിലുപകരണങ്ങളുടെ ഉടമസ്ഥരാക്കുകയെന്നതായിരുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പുകൾ ഉണ്ടാക്കി അത്തരം ഗ്രൂപ്പുകൾക്ക് ഉപകരണങ്ങൾക്കുള്ള വായ്പ ലഭ്യമാക്കി. ഇപ്രകാരം കോടിക്കണക്കിന് രൂപയുടെ വായ്പയാണ് എൻ.സി.ഡി.സി.യുടെ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തത്. അനൗപചാരിക പലിശ നിരക്ക് 36 ശതമാനത്തിനും 60 ശതമാനത്തിനും ഇടയിൽ നിലനിന്നിരുന്ന ഈ മേഖലയിൽ 22 1/2 ശതമാനം സബ്സിഡിയോടു കൂടി, 10 നും 12 നുമിടയിൽ പലിശ നിരക്കിലാണ്. ഏതാണ്ട് 1300 കോടി രൂപ മത്സ്യഫെഡ് വിതരണം ചെയ്തത്.

മത്സ്യബന്ധനം ഒരു ദുഷ്ക്കരമായ തൊഴിലാണ്. ഓരോ മത്സ്യബന്ധന സീസണ് മുൻപും ഉപകരണങ്ങൾക്ക് മാറ്റമോ, അറ്റകുറ്റപ്പണികളോ വേണ്ടി വരും. ഇതിനുള്ള വായ്പയും സംഘങ്ങൾ വഴി വിതരണം ചെയ്തു വരുന്നുണ്ട്.

## ചൂഷണം അവസാനിപ്പിച്ചു

വളരെ വേഗം കേടുവന്നു പോകുന്ന ഉത്പന്നമാണല്ലോ മത്സ്യം. മാത്രമല്ല, ഉത്പന്നത്തിന്റെ അളവിലും, ഗുണത്തിലുമൊന്നും മത്സ്യത്തൊഴിലാളികൾക്ക് യാതൊരു നിയന്ത്രണവുമില്ല. വിതക്കാതെ കൊയ്യുന്ന ലോകത്തിലെ ഒരേയൊരു കർഷകനാണവൻ. ഉത്പന്നത്തിനു മേലുള്ള നിയന്ത്രണമില്ലായ്മ ചൂഷണത്തിന് വലിയ കാരണമാകുന്നു. ന്യായമുക്തമായ രീതിയിലുള്ള ഒരു വില്പന രീതിയല്ല കടലോരത്ത് നിലനിന്നിരുന്നത്. ഉപകരണത്തിന് പണം മുടക്കിയവരോ, അല്ലെങ്കിൽ കടപ്പുറത്തെ മധ്യവർത്തികളോ തൂക്കത്തിലും വിലയിലുമൊക്കെ മത്സ്യത്തൊഴിലാളികളെ കബളിപ്പിക്കുമായിരുന്നു. അതുകൊണ്ടു തന്നെ മത്സ്യത്തൊഴിലാളിയുടെ ഉത്പന്നത്തിന് ന്യായമായ വില ഉറപ്പു വരുത്തലായിരുന്നു മത്സ്യഫെഡിന്റെ അടുത്ത ദൗത്യം. മീൻ അടുപ്പിക്കൽ കേന്ദ്രങ്ങളിൽ (ലാന്റിങ് സെന്റർ) സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ മത്സ്യലേലം സംഘടിപ്പിച്ചാണ് മത്സ്യഫെഡ് ഇത് സാധിച്ചെടുത്തത്. ഏതു വസ്തുവും വിൽക്കുന്നതിന് ലേലം പോലെ ന്യായമായ മറ്റൊരു രീതിയുമില്ല. ഇന്ന് കേരളത്തിലെ മിക്ക ലാന്റിങ് സെന്ററുകളിലും ലേലക്കാരായി മത്സ്യസംഘങ്ങളുടെ പ്രതിനിധികൾ ഉണ്ട്. മത്സ്യത്തിന് ന്യായവില ഉറപ്പാക്കുക മാത്രമല്ല, ലേലക്കമ്മിഷൻ ഗണ്യമായി കുറയ്ക്കാനും മത്സ്യഫെഡിന് കഴിഞ്ഞു.

ഇപ്രകാരം മത്സ്യമേഖലയിൽ ഇടപെടുന്നതിന് മത്സ്യഫെഡിന്റെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രവർത്തന മൂലധനം, വിപണിയിൽ ഇടപെടുന്നതിനുള്ള മറ്റ് സഹായങ്ങൾ എന്നിവ മത്സ്യഫെഡ് ചെയ്തു



**മത്സ്യഫെഡിന്റെ ഫിഷ്നെറ്റിങ് ഫാക്ടറിയുടെ ശിലാസ്ഥാപനം തിരുവനന്തപുരം മുട്ടത്തറയിൽ മുഖ്യമന്ത്രി നിർവഹിക്കുന്നു**

വരുന്നു. മേഖലയിൽ നിലനിൽക്കുന്ന അവസ്ഥയെ കുറിച്ചുള്ള ബോധവത്കരണം മത്സ്യത്തൊഴിലാളികൾക്കും സംഘങ്ങൾക്കുമെല്ലാം നൽകി വരുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന വല, എഞ്ചിൻ തുടങ്ങിയവയുടെ വിലയിലും വൻ ചൂഷണമാണ് നടന്നിരുന്നത്.

മത്സ്യഫെഡിന്റെ ഉടമസ്ഥതയിൽ എറണാകുളത്തും കണ്ണൂരും വലനിർമ്മാണശാലകൾ പ്രവർത്തനമാരംഭിച്ചതോടെ, നല്ല ഗുണനിലവാരമുള്ള വലകൾ ന്യായമായ വിലയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് നൽകാനുള്ള സാഹചര്യം ഉണ്ടായി. ഒരു പുതിയ വലനിർമാണശാല തിരുവനന്തപുരത്തും ആരംഭിക്കാൻ പോകുകയാണ്. ഇതോടെ വലയുടെ വിപണിയുടെ 70 ശതമാനമെങ്കിലും മത്സ്യഫെഡിന്റെ നിയന്ത്രണത്തിലാകും.

മത്സ്യത്തൊഴിലാളികൾ തങ്ങളുടെ വഞ്ചികളിൽ ഘടിപ്പിച്ചിരിക്കുന്ന എഞ്ചിനുകൾ ജപ്പാൻ നിർമ്മിതങ്ങളായ സുസുക്കി, യമഹ എന്നിവയാണ്. ഇതിന്റെ വിപണനം പരിപൂർണ്ണമായും സ്വകാര്യ വ്യക്തികളാണ് നിർവ്വഹിച്ചിരുന്നത്. എഞ്ചിനുകളുടെ വിലയിലും വിൽപ്പനാനന്തര സേവനത്തിലുമൊക്കെ വൻലാഭം ഈടാക്കുകയും ചെയ്തിരുന്നു. എന്നാൽ മത്സ്യഫെഡ് ജപ്പാനിലുള്ള സുസുക്കി കമ്പനിയിൽ നിന്ന് എഞ്ചിനുകൾ നേരിട്ട് ഇറക്കുമതി ചെയ്യാൻ തുടങ്ങി. അതിനു ശേഷം വിലനിർണ്ണയത്തിൽ സുതാര്യത ഉണ്ടാക്കാനും കഴിഞ്ഞു. എഞ്ചിനുകൾ റിപ്പയർ ചെയ്യുന്നതിന് എല്ലാ ജില്ലകളിലും സർവ്വീസ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്.

മത്സ്യഫെഡിന്റെ പ്രവർത്തനങ്ങളെല്ലാം അംഗസംഘങ്ങൾ വഴിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ എല്ലാ ആവശ്യങ്ങൾക്കും സമീപിക്കാവുന്ന മാതൃകാ ആശ്രയ സ്ഥാപനമായി മത്സ്യസംഘങ്ങളെ വളർത്തിക്കൊണ്ടു വരികയാണ് മത്സ്യഫെഡിന്റെ ലക്ഷ്യം. ഈ ദിശയിൽ മത്സ്യഫെഡ് കുറേ മുന്നോട്ട് പോയിട്ടുണ്ട്.

## സ്ത്രീകൾക്ക് സാമ്പത്തിക സ്വാശ്രയത്വം

മത്സ്യത്തൊഴിലാളി വനിതകൾക്കായും മത്സ്യഫെഡ് ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനമാണ് സമൂഹത്തിന്റെ പരിഷ്കൃതാവസ്ഥയുടെ ചൂണ്ടുപലകയെന്ന് പറയാറുണ്ട്. സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം കൊടുക്കുക, അവരുടെ നേതൃത്വ പാടവം വർദ്ധിപ്പിക്കുക, സൂക്ഷ്മസംരംഭങ്ങൾ ഏറ്റെടുത്ത് നടത്താൻ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളോടെ മത്സ്യഫെഡ് സ്വയംസഹായ ഗ്രൂപ്പുകളുടെ രൂപീകരണം 6 വർഷങ്ങൾക്കു മുൻപേ തുടങ്ങി കഴിഞ്ഞു.




സംഘങ്ങളിൽ നാമമാത്രമായ അംഗത്വമെങ്കിലുമുള്ള 10 മുതൽ 20 വരെ സ്ത്രീകൾക്ക് എസ്.എച്ച്.ജി.കൾ രൂപീകരിച്ച് സംഘത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി മൈക്രോഫിനാൻസ് ലോണുകളായി ഒരംഗത്തിന് 15000 രൂപ വരെ 18 / 24 മാസത്തിൽ തിരിച്ചടക്കാവുന്ന രീതിയിൽ നൽകി വരുന്നു. മത്സ്യഫെഡിന്റെ അംഗസംഘങ്ങളിലെല്ലാമായി ഇപ്പോൾ 15000ത്തിലധികം എസ്.എച്ച്.ജി.കൾ പ്രവർത്തിച്ചു വരുന്നു. ഇവരുടെ കൂട്ടായ സമ്പാദ്യം ഇപ്പോൾ 75 കോടി രൂപ വരും. ഈ വായ്പയുടെ പലിശ വെറും 6 ശതമാനമാണ്. ഇതിനു വേണ്ട തുക എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളാണ് മത്സ്യഫെഡിന് നൽകുന്നത്. മൈക്രോഫിനാൻസ് വായ്പയായി 200 കോടിയോളം രൂപ മത്സ്യഫെഡ് വിതരണം ചെയ്തിട്ടുണ്ട്. 100 ശതമാനത്തിനടുത്ത് തിരിച്ചടവ് ഉണ്ടെന്നുള്ളത് ഈ പദ്ധതിയുടെ എടുത്തു പറയേണ്ട സവിശേഷതയാണ്.

കേരളത്തിലെ മത്സ്യവിപണനത്തിൽ വലിയൊരു പങ്ക് വഹിക്കുന്നത് സ്ത്രീകളാണ്. വീടുകളിൽ തലച്ചുമടായി മീൻ വിൽക്കുന്ന സ്ത്രീകൾ ഒരു സാധാരണ കാഴ്ചയാണ്. ഇവർ അനുഭവിക്കുന്ന ചൂഷണം പക്ഷെ ആരും മനസ്സിലാക്കാറില്ല. കേരളത്തിൽ ഈ വിധത്തിൽ മത്സ്യവിപണനം നടത്തുന്ന 20,000ൽ അധികം സ്ത്രീകളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രവർത്തന മൂലധനം ഇവർ കണ്ടെത്തുന്നത് അമിതമായ പലിശയ്ക്ക് കടമെടുത്താണ്. ഇവരെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുന്നതിനാണ് കേരള സർക്കാർ മത്സ്യഫെഡ് വഴി പലിശരഹിത വായ്പാ പദ്ധതി ആവിഷ്ക്കരിച്ചത്. ഈ പദ്ധതി പ്രകാരം മത്സ്യവിപണനം നടത്തുന്ന സംഘാംഗങ്ങളായ സ്ത്രീകൾക്ക് ഘട്ടം ഘട്ടമായി ഒരു വർഷത്തിനുള്ളിൽ തിരിച്ചടക്കുമെന്ന വ്യവസ്ഥയിൽ 15,000 രൂപ വരെ പലിശയില്ലാതെ നൽകി വരുന്നു. ഈ പദ്ധതിക്കാവശ്യമായ തുക എൻ.ബി.സി.എഫ്.ഡി.സി.യാണ് നൽകുന്നത്. പലിശഭാരം വഹിക്കുന്നത് കേരള സർക്കാരാണ്. നടത്തിപ്പ് മത്സ്യഫെഡും.

ഇതുകൂടാതെ, എസ്.എച്ച്.ജി.കൾക്ക് മറ്റ് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും മത്സ്യഫെഡ് വായ്പകൾ നൽകി വരുന്നു. മാത്രമല്ല സംരംഭകത്വത്തെക്കുറിച്ചും, വിപണന തന്ത്രങ്ങളെ കുറിച്ചുമെല്ലാം പരിശീലനം കൊടുക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ, സാംസ്ക്കാരിക, കായിക രംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രോത്സാഹന അവാർഡുകൾ നൽകി വരുന്നുണ്ട്.

ആരോഗ്യ, ടൂറിസം മേഖലകളിലും മത്സ്യഫെഡ് പ്രവർത്തനം നടത്തി വരുന്നുണ്ട്. ചെമ്മീൻ തൊണ്ടിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന കൈറ്റോൺ എന്ന ഗുളിക, അമിത മേദസ്സിനെ ചെറുക്കുന്നതിനും, കൊളസ്ട്രോൾ കുറക്കുന്നതിനും ഉതകുന്നതാണ്. യാതൊരു പാർശ്വ ഫലങ്ങളുമില്ലാത്ത ഒരു ഫുഡ് സപ്ലിമെന്റ് ആണിത്.

മത്സ്യഫെഡിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ, പാലായ്ക്കരി എന്നീ ഫാമുകളിൽ മത്സ്യം വളർത്തലും വിൽപ്പനയും കൂടാതെ, ടൂറിസം പരിപാടിയും നടക്കുന്നുണ്ട്. ഫാമിൽ ബോട്ടിങ്ങിനും, ചൂണ്ടയിടാനും, മത്സ്യവിഭവങ്ങൾ കൂട്ടി കഴിക്കാനുമെല്ലാമുള്ള സൗകര്യം അവിടെ ഒരുക്കിയിട്ടുണ്ട്.

അപകടം നിഴൽ പോലെ പിന്തുടരുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷയും പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് ഏർപ്പെടുത്തിയിട്ടുണ്ട്. അപകട മരണത്തിൽ പെടുന്നവരുടെ ആശ്രിതർക്ക് 2013 ഏപ്രിൽ ഒന്നു മുതൽ അഞ്ചു ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുന്നു. സംഘാംഗങ്ങൾ നിശ്ചിത തുകയടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകേണ്ടതുണ്ട്. ഭാഗികമായ അവശതകൾക്കും, അപകടത്തിന്റെ തോതനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതാണ്. ■

■ എസ്. സന്തോഷ്കുമാർ



# കരിമീൻ പെരുമ

**വിദേശനാണ്യം നേടിത്തരുന്നതിൽ മുൻപന്തിയിലാണ് സംസ്ഥാന മത്സ്യമായി പ്രഖ്യാപിക്കപ്പെട്ട കരിമീൻ. രുചിവൈവിധ്യമേറിയ കരിമീൻ പ്രജനനത്തിലെ ചില കൗതുകങ്ങൾ**

ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കൊച്ചു കേരളത്തിലേക്ക് ഏറെ വിദേശികളെ എത്തിക്കുന്നതിൽ എന്നും അനൗദ്യോഗിക അമ്പാസഡറായി കണക്കാക്കുന്ന മത്സ്യമാണ് കരിമീൻ. വംശനാശഭീഷണി നേരിടുന്നതും അലങ്കാരമത്സ്യവിപണിയും ഏറെ പ്രാധാന്യമുള്ള ഈ മത്സ്യത്തെ 2010 വർഷത്തിൽ നമ്മുടെ സംസ്ഥാന മത്സ്യമായി പ്രഖ്യാപിക്കപ്പെട്ടു. എന്നും നമ്മുടെ നാവിൻ തുമ്പിൽ രുചിവൈവിധ്യമേറിനിന്ന ഈ മത്സ്യത്തിന്റെ സംരക്ഷണത്തിനും കൃഷിവ്യാപനത്തിനും ഇത് കൂടുതൽ സഹായകമായി. വളരെ വിചിത്രമെന്നു പറയട്ടെ ഇതര മത്സ്യകൃഷിയിൽ നിന്നും വ്യത്യസ്തമായി മലയാളികൾ സ്വന്തം മാറോട് ചേർത്തു നടപ്പാക്കി വിജയ ഗാഥ കുറിച്ച ഒന്നായിരുന്നു കരിമീൻ കൃഷി പ്രോത്സാഹനത്തിനായുള്ള കരിമീൻവർഷ പദ്ധതി.

നല്ല രുചി, ഉയർന്ന പോഷകമൂല്യം, ശുദ്ധജലത്തിലും ഓരുജലത്തിലും ഒരുപോലെ വളരുവാനും പ്രജനനം നടത്തുന്നതിനുമുള്ള കഴിവ്, കൃത്രിമ തീറ്റ സ്വീകരിച്ച് ശരീരഭാരം വർധിപ്പിക്കുന്നതിനുള്ള കഴിവ്, എല്ലാ കാലയളവിലുള്ള പ്രജനന സാധ്യത, കാലാവസ്ഥയിലുണ്ടാകുന്ന ചെറിയ വ്യതിയാനങ്ങളെ അതിജീവിക്കുവാനുള്ള കഴിവ്, വിപണിയിലെ വൻ ഡിമാന്റ്, അലങ്കാരമത്സ്യ വിപണിയിലെ സാധ്യത എന്നിവയെല്ലാം ഇവയെ വളർത്തുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങളാണ്.

### അഴീക്കോട് ഹാച്ചറിയും കരിമീൻ വിത്തുത്പാദനവും

ഇന്ത്യയിൽ വ്യാവസായികാടിസ്ഥാനത്തിൽ ചെമ്മീൻ കുഞ്ഞുങ്ങളുടെ ഉത്പാദനത്തിനായി സർക്കാർ ആരംഭിച്ച ആദ്യ ഹാച്ചറിയാണ് തൃശൂർ ജില്ലയിലെ അഴീക്കോട് സ്ഥിതിചെയ്യുന്ന മേഖലാ ചെമ്മീൻ വിത്തുത്പാദന കേന്ദ്രം. കർഷകർക്ക് ആവശ്യമായ ചെമ്മീൻ കുഞ്ഞുങ്ങളെ ഗുണനിലവാരം ഉറപ്പാക്കി മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിൽ എന്നും ജനപക്ഷത്ത് നിന്നിട്ടുള്ള ഈ ഹാച്ചറി 1978–79 കാലഘട്ടത്തിൽ, ഇന്ത്യയിൽ കൃത്രിമമായി മത്സ്യക്കുഞ്ഞ് ഉത്പാദിപ്പിക്കുന്നതിലും ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഏറെ സഹായിച്ചിട്ടുള്ള പ്രൊഫ. കെ.എ. അലിക്കുഞ്ഞിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ആരംഭിച്ചതാണ്. ഈ സമയത്ത് അദ്ദേഹം കേരള സർക്കാരിന്റെ ഫിഷറീസ് ഉപദേശകൻ കൂടിയായിരുന്നു. ഇതിലെല്ലാം ഉപരിയായി അഴീക്കോട് സ്വദേശികൂടിയായ ഇദ്ദേഹത്തിന്റെ നിസീമമായ സഹകരണവും പ്രോത്സാഹനവും എന്നും ഹാച്ചറിയുടെ മുന്നോട്ടുള്ള പ്രയാണത്തിലെ കെടാവിളക്കാണ്.

കർഷകരിൽ നിന്നുള്ള നിരന്തരമായ ആവശ്യം കണക്കിലെടുത്ത് 2002 വർഷത്തിലാണ് ഹാച്ചറിയിൽ കരിമീനിനെ സിമന്റ് ടാങ്കുകളിൽ പ്രജനനം നടത്തു

ന്നതിനുള്ള ശ്രമങ്ങളാരംഭിച്ചത്. ഹാച്ചറിയുടെ തെക്കുഭാഗത്തുകൂടി ഒഴുകി കടലിൽ പതിക്കുന്ന പെരിയാർ എന്നും കരിമീനിന്റെ പ്രജനനത്തിന് ഏറെ അനുയോജ്യമായ സങ്കേതമായിരുന്നു. പൈതൃകത്തിലും പെരുമയിലും പേരുകേട്ട അഴീക്കോടിന് സിമന്റ് ടാങ്കുകളിൽ കരിമീൻ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാൻ ഏറെയൊന്നും ബുദ്ധിമുട്ടേണ്ടിവന്നില്ല. 2003 മുതൽ ഹാച്ചറിയിൽ നിന്നും സിമന്റ് ടാങ്കുകളിൽ ഉത്പാദിപ്പിച്ച കരിമീൻ കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്ത് കൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

### കരിമീൻ പ്രത്യേകതകൾ


ഏതാണ്ട് ദീർഘവൃത്താകൃതിയിൽ പാർശ്വങ്ങളിൽ നിന്ന് പതിഞ്ഞ ശരീരമാണ് കരിമീനിന്റേത്. കീഴ്ത്താടിയേക്കാൾ അൽപ്പം മുന്നോട്ട് തള്ളിനിൽക്കുന്ന മേൽത്താടി, മുതുച്ചിറകിലെ നീണ്ടു മൂർച്ചയുള്ള പതിനെട്ട് മുള്ളുകൾ, ഒലിവ് പച്ച കലർന്ന തവിട്ടുനിറമുള്ള ശരീരം, ശൽക്കങ്ങളിലും ചിറകുകളിലും സ്വർണ്ണനിറത്തിൽ കാണുന്ന പുള്ളികൾ, മുതുകിൽ നിന്നും വയർവരെ കുറുകനെ കറുത്ത് വീതികൂടിയ എട്ടു പാളികൾ. ഇതിൽ ആദ്യപാളി ചെകിളയുടെ അടുത്തും അവസാനത്തേത് വാൽച്ചിറകിലുമാണ്. ശരീരത്തിലാകെ മുത്തുമണികൾ പോലെ കാണുന്ന വെളുത്ത ബിന്ദുക്കൾ ഇവയുടെ പേൾസ്പോട്ട് എന്ന പേര് അന്വർഥമാക്കുന്നു. സിക്ലിഡേ കുടുംബത്തിൽപ്പെട്ട കരിമീനിന്റെ ശാസ്ത്രനാമം എട്രോപ്ലസ് സുററ്റൻസിസ് എന്നാണ്. കരിമീൻ കുടുംബത്തിലെ മറ്റംഗങ്ങളാണ് എട്രോപ്ലസ് മാക്കുലേറ്റസും എട്രോപ്ലസ് കനാറെൻസിസും.

### ആഹാരക്രമം

കരിമീൻ ഏറിയകൂറും സസ്യഭുക്കാണ്. ഡയാറ്റമുകൾ, മൂടിപ്പായലുകൾ, ജലസസ്യങ്ങളുടെ ചീഞ്ഞളിഞ്ഞ അവശിഷ്ടങ്ങൾ എന്നിവയാണ് മുഖ്യാഹാരം. മൂടിപ്പായലുകളോടാണ് കൂടുതൽ പ്രതിപത്തി. കോപ്പിപോഡുകൾ, ഡാഫ്നിയ തുടങ്ങിയ ജന്തുപ്ലവങ്ങളും കരിമീൻ ആഹാരമാക്കുന്നു. പുഴുക്കൾ, ചെമ്മീനുകൾ, ജലപ്രാണികളുടെ ലാർവകൾ എന്നിവയും ഈ മത്സ്യത്തിന്റെ തീറ്റയിൽപ്പെടുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.


### വിശ്വസ്ത ദാമ്പത്യം, സന്താനവാത്സല്യം

കരിമീനിന്റെ പ്രജനനരീതികൾ വളരെ രസകരമാണ്. എട്ടൊൻപതു മാസം പ്രായവും 10-15 സെന്റിമീറ്റർ വലുപ്പവും എത്തുന്നതോടെ കരിമീൻ ലൈംഗിക പക്വത കൈവരിക്കുന്നു. ആൺ പെൺ മത്സ്യങ്ങളെ തിരിച്ചറിയുക ഏറെ ബുദ്ധിമുട്ടാണ്. എന്നാൽ പ്രജനനകാലമാകുമ്പോൾ ജനനേന്ദ്രിയത്തിൽ വരുന്ന വ്യത്യാസവും നിറവ്യത്യാസവും ഇവയെ തിരിച്ചറിയുന്നതിന് സഹായിക്കുന്നു. പ്രജനന സമയത്ത് പെൺ മത്സ്യങ്ങൾ കൂടുതൽ വർണാഭമായി സ്വർണനിറത്തിലാവും. എന്നാൽ ആൺ മത്സ്യങ്ങൾ കൂടുതൽ ഇരുണ്ട നിറം കാണിച്ച് ശൗര്യസ്വഭാവമുള്ളവ ആകും. ലവണ ജലത്തിലും ശുദ്ധ ജലത്തിലും ഒരുപോലെ പ്രജനനം നടത്തുന്ന ഇവ സന്താനവാത്സല്യത്തിന്റെ ഉദാത്ത മാതൃകയാണ്. കൂടാതെ ഒരു ഇണ ചേരൽ കാലത്തേക്കെങ്കിലും ഏക ഭാര്യാ ഭർത്തൃ വ്രതക്കാരായി കഴിയുകയും ചെയ്യുന്നു.



കരിമീനുകളുടെ കുടുംബജീവിതം സന്താനവാത്സല്യത്തിന്റെ ഉത്തമ മാതൃകയാണ്. മാതാപിതാക്കൾ ഭക്ഷണം പോലുമുപേക്ഷിച്ച് മുട്ടകൾക്ക് കാവൽ നിൽക്കുന്നു. ഏതെങ്കിലും കഠിന പ്രതലത്തിൽ മുട്ടകൾ ഒട്ടിച്ചുവയ്ക്കുന്ന പ്രകൃതക്കാരാണിവ. ആദ്യം പെൺമത്സ്യം മുട്ടയിടുന്നു. തുടർന്ന് ആൺമത്സ്യം അതിന് മുകളിൽ ബീജം വർഷിച്ച് ജീവസംയോഗം സാധ്യമാക്കുന്നു. ബീജസംയോഗം നടന്ന മുട്ടകൾ വിരിയുവാൻ 72 മുതൽ 84 മണിക്കൂർ വരെ ആവശ്യമാണ്. അതുവരെ തള്ളമത്സ്യങ്ങൾ പാർശ്വചിറകുപയോഗിച്ച് വീശിയും ഊതിയും മുട്ടകൾക്ക് പ്രാണവായു നൽകുന്നു. മുട്ടകൾ വിരിഞ്ഞശേഷം ഏതാണ്ട് ഒരു മാസക്കാലം കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ സംരക്ഷണത്തിലായിരിക്കും. ഇതാണ് കരിമീനിന്റെ പ്രജനനം ആവാസവ്യവസ്ഥയിൽ നടന്നുവരുന്നത്. ഈ രീതിയിൽ നിന്നും ചെറിയ വ്യതിയാനങ്ങൾ വരുത്തിയും കരിമീൻ ദമ്പതികളെ കബളിപ്പിച്ചും മുട്ട ഒട്ടിച്ചുവയ്ക്കുന്നതിനുള്ള കൃത്രിമ പ്രതലങ്ങൾ കൂടുതലായി ക്രമീകരിച്ചും കരിമീനിന് തടങ്ങളുണ്ടാക്കി കുഞ്ഞുങ്ങളെ സംഭരിക്കുന്നതിന് മൺതിട്ടകൾ തീർത്തുമാണ് ഹാച്ചറിയിൽ കരിമീൻ കുഞ്ഞുത്പാദനം സാധ്യമാക്കുന്നത്.





## ടാങ്ക് സജ്ജീകരിക്കൽ


കരിമീൻ പ്രജനനത്തിനായി 8000 ലിറ്റർ സംഭരണശേഷിയുള്ളതും (4 മീറ്റർ : 2 മീറ്റർ : 1 മീറ്റർ) വലുപ്പത്തിലുമുള്ള ടാങ്കുകളാണ് സജ്ജീകരിച്ചിട്ടുള്ളത്.

ഇതിന്റെ വിസ്തൃതിയുടെ 1/3 ഭാഗത്ത് അഞ്ചു സെന്റീമീറ്റർ കനത്തിൽ മണൽ നിറയ്ക്കുന്നു. ഇങ്ങനെ മണൽ നിറച്ച ഭാഗത്തും അല്ലാതെയും കരിമീൻ മുട്ടകൾ ഒട്ടിച്ച് വയ്ക്കുന്നതിന് അനുകൂല സാഹചര്യമൊരുക്കുന്നതിനായി ഓടിൻകഷണം, ആസ്ബറ്റോസ് ഷീറ്റ്, കല്ല്, പൈപ്പ് എന്നിവ ക്രമീകരിക്കുന്നു. തുടർന്ന് 60 മുതൽ 75 സെന്റീമീറ്റർ വരെ ഉയരത്തിൽ വെള്ളം നിറയ്ക്കുന്നു. അതിനുശേഷം രണ്ട് അല്ലെങ്കിൽ മൂന്നു ജോഡി ആരോഗ്യമുള്ള കരിമീനിനെ നിക്ഷേപിക്കുന്നു. തുടർന്ന് ദിവസവും മത്സ്യത്തിന്റെ ശരീരഭാഗത്തിന്റെ മൂന്നു ശതമാനത്തിൽ അധികരിക്കാത്ത രൂപത്തിൽ കടലപിണ്ണാക്ക്, തവിട് എന്നിവയുടെ മിശ്രിതമോ പെല്ലറ്റ് തീറ്റകളോ ദിവസത്തിൽ രണ്ടു പ്രാവശ്യം എന്ന ക്രമത്തിൽ നൽകുന്നു. തീറ്റയോടൊപ്പം 500 മില്ലീഗ്രാം, കിലോഗ്രാം എന്ന ക്രമത്തിൽ വിറ്റാമിൻ ഇയും നൽകിവരുന്നു. ആഴ്ചയിൽ ഒരിക്കൽ പൈപ്പ് ഉപയോഗിച്ച് ടാങ്കിന്റെ അടിത്തട്ടിൽ നിന്നും മത്സ്യവിസർജ്യങ്ങളും ആഹാരാവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും സൈഫണിങ് പ്രക്രീയയിലൂടെ നീക്കം ചെയ്യുകയും ആവശ്യമുള്ളപക്ഷം 30 ശതമാനം വരെ വെള്ളം മാറ്റുകയും ചെയ്യുന്നു.

ടാങ്കിൽ നിക്ഷേപിച്ച മത്സ്യങ്ങൾ ഇണകളാകുന്നതിനും അവയ്ക്ക് മുട്ടയിടുന്നതിനും വേണ്ടി ടാങ്കുമായി പൊരുത്തപ്പെട്ടുവരുന്നതിന് ഏകദേശം ഒരു മാസം വരെ സമയമെടുക്കുന്നു. ഇതിനുള്ളിൽത്തന്നെ ഇണകളായ മത്സ്യങ്ങൾ മുട്ടയിടാനുള്ള പ്രതലം ഒരുക്കുന്നതും മുട്ട വിരിഞ്ഞുവരുന്ന കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ കുഴികൾ തയാറാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തുന്നത് നമുക്ക് കാണുവാൻ കഴിയും. ഇങ്ങനെ വൃത്തിയാക്കിയ പ്രതലത്തിൽ ആദ്യം പെൺ കരിമീൻ മുട്ടകൾ ഒട്ടിച്ചുവയ്ക്കുന്നു. തുടർന്ന് ആൺമത്സ്യം ഇതിനുമേൽ ബീജങ്ങൾ വർഷിച്ച് ബീജസംയോഗം സാധ്യമാകുന്നു. ഇങ്ങനെ ബീജസംയോഗം നടന്ന മുട്ടകൾ 72 മുതൽ 84 മണിക്കൂറിനുള്ളിൽ വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവരുന്നു. ആദ്യം ഇളംമഞ്ഞ നിറത്തോടുകൂടിയ മുട്ടകൾ ഭ്രൂണവളർച്ച നടക്കുന്നതിന്റെ ഭാഗമായി തവിട്ടും തുടർന്ന് കടും തവിട്ടു നിറത്തിലേക്കും എത്തുന്നു. മുട്ട വിരിഞ്ഞ് പുറത്തുവരുന്ന ചെറുനൂൽക്കഷ്ണം പോലുള്ള കുഞ്ഞുങ്ങൾ മുട്ട ഒട്ടിച്ചുവെച്ചിരുന്ന പ്രതലത്തിൽത്തന്നെ പറ്റിപിടിച്ച് തൂങ്ങിനിൽക്കുന്നതായി കാണാം. ഏകദേശം രണ്ടു ദിവസം വരെ ഈ രൂപത്തിൽ കാണുന്ന കുഞ്ഞുങ്ങൾ ആഹാരത്തിനായി യോക്കിനെ ആശ്രയിക്കുന്നു. തുടർന്ന് ഈ കുഞ്ഞുങ്ങളെ മാതാപിതാക്കൾ ശേഖരിച്ച് നേരത്തെ തയാറാക്കിയിട്ടുള്ള തടത്തിൽ നിക്ഷേപിക്കുന്നു.

മൂന്നു മുതൽ അഞ്ചു ദിവസം പ്രായമാകുമ്പോൾ ചെറു തീറ്റകൾ എടുക്കുന്നതിന് തയാറാകുകയും തടത്തിൽ ചെറിയ കറുത്ത ഉറുമ്പുകൾ സഞ്ചരിക്കുന്നതുപോലെ സഞ്ചരിക്കുന്നതായും കാണുവാൻ കഴിയും. ഈ സമയം ടാങ്കിലെ ജലനിരപ്പ് കുറച്ച് 100 മൈക്രോൺ വലകളുപയോഗിച്ച് ഇവയെ കൂട്ടത്തോടെ ശേഖരിച്ച് നാലു മീറ്റർ : രണ്ട് മീറ്റർ : ഒരു മീറ്റർ വലുപ്പമുള്ള മറ്റൊരു ടാങ്കിലേക്ക് മാറ്റുന്നു (റിയറിങ് ടാങ്ക്). ഈ സമയത്ത് കുഞ്ഞുങ്ങൾ കൂട്ടമായി സഞ്ചരിക്കുന്ന സ്വഭാവമുള്ളവയാണ്. ഇവയുടെ സഞ്ചാരം കണ്ടാൽ ഒരു പന്ത് ചലിക്കുന്നതുപോലെയേ നമുക്ക് തോന്നുകയുള്ളൂ. റിയറിങ് ടാങ്കിൽ ഇവയ്ക്ക് തീറ്റയായി ചെമ്മീനിന്റെ ലാർവൽ തീറ്റയും സ്പൈറുലൈനയും ആദ്യ രണ്ട് ആഴ്ചകളിലും തുടർന്ന് പി.എൽ. ഫീഡുകൾ / മത്സ്യത്തീറ്റ എന്നിവ ചെറു കഷണങ്ങളാക്കിയുമാണ് നൽകിവരുന്നത്. റിയറിങ് ടാങ്കിൽ പ്ലവകവളർച്ച ത്വരിതപ്പെടുത്തുന്നിനായി ആവശ്യമെങ്കിൽ ചെറിയ തോതിൽ രാസവളപ്രയോഗവും നടത്താവുന്നതാണ്. 35 മുതൽ 45 ദിവസത്തിനുള്ളിൽ 20 മില്ലീമീറ്റർ വലിപ്പമെത്തുന്ന കരിമീൻ കുഞ്ഞുങ്ങളെ കർഷകർക്ക് കൃഷിക്കായി നൽകാവുന്നതാണ്. ആരോഗ്യമുള്ള ഒരു കരിമീനിൽ നിന്നും 1000 മുതൽ 2000 വരെ കുഞ്ഞുങ്ങളെ ഇങ്ങനെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കഴിയും. കാർപ്പ് മത്സ്യങ്ങളെപ്പോലെ കരിമീനിന്റെ അണ്ഡാശയത്തിൽ മുട്ടകൾ ഒരേ സമയം പാകമാകുന്നില്ല. കരിമീനിന്റെ അണ്ഡാശയം പരിശോധിക്കുകയാണെങ്കിൽ വ്യത്യസ്ത വലുപ്പത്തിലും വളർച്ചാഘട്ടത്തിലുമുള്ള ധാരാളം മുട്ടകൾ കാണുവാൻ കഴിയും. അണ്ഡാശയത്തിന്റെ ഈ പ്രത്യേകതമൂലം കാർപ്പ് മത്സ്യങ്ങളെപ്പോലെ ഇവയിൽ നമുക്ക് ഹോർമോൺ ഉപയോഗിച്ചുള്ള കൃത്രിമ പ്രജനനം സാധ്യമാക്കാൻ കഴിയുന്നില്ല. എന്നിരുന്നാലും വളരെ ശ്രദ്ധാപൂർവം പരിചരിക്കുകയാണെങ്കിൽ ഒരു ജോഡി കരിമീനിൽ നിന്നും വർഷത്തിൽ ആറു മുതൽ എട്ടു വരെ പ്രാവശ്യം പ്രജനനം സാധ്യമാകും.

20 മില്ലീമീറ്റർ വലിപ്പമുള്ള കരിമീൻകുഞ്ഞുങ്ങൾക്ക് ആറു രൂപയും 30 മീറ്റർ വലിപ്പമുള്ളവയ്ക്ക് എട്ടു രൂപയുമാണ് സർക്കാർ വില. ■



*ലേഖകൻ ഫിഷറീസ് വകുപ്പിൽ റിസേർച്ച് അസിസ്റ്റന്റാണ്*



വെടിയൊച്ചകൾക്കു നടുവിൽനിന്നാണ് ജീവനും കയ്യിലെടുത്ത് ആ മാലാഖമാരെത്തിയത്. 46 പേർ. യുദ്ധഭൂമിയായി മാറിയ ഇറാഖിലെ തിക്രിതിൽനിന്ന് സംഘർഷം നിറഞ്ഞ ദിനങ്ങൾക്കും സംസ്ഥാനവും കേന്ദ്രവും യോജിച്ച് കൈക്കൊണ്ട ഫലപ്രദമായ നയതന്ത്ര ശ്രമങ്ങൾക്കും ശേഷം ജന്മനാട്ടിലേക്ക് കേരളത്തിന്റെ പുത്രിമാർ തിരിച്ചെത്തിയപ്പോൾ ഒരു ജനതയുടെ മുഴുവൻ പ്രാർഥനകൾ കൂടിയാണ് സഫലമായത്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഇറങ്ങിയ അവരെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരിച്ച നിമിഷങ്ങളിലൂടെ...



# കേരളം ആഹ്ലാദക്കണ്ണീരണിഞ്ഞ നിമിഷങ്ങൾ






















■ ജലീഷ് പീറ്റർ



# ഫിഷറീസ് സയൻസ് മികച്ച തൊഴിൽ സാധ്യതകൾ

ജന്തുശാസ്ത്രത്തിൽ താത്പര്യമുള്ളവർക്ക് തിരഞ്ഞെടുക്കാവുന്ന മികച്ച പഠന മേഖലയാണ് ഫിഷറീസ് സയൻസ്. മത്സ്യകൃഷി പരിപാലനവുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങൾ ഈ പഠനത്തിലുൾപ്പെട്ടിരിക്കുന്നു. ശാസ്ത്രീയ മത്സ്യകൃഷി, രോഗപ്രതിരോധ മാർഗങ്ങൾ, വിളവെടുപ്പ്, മത്സ്യസംസ്കരണം, മത്സ്യവിഭവ നിർമാണം തുടങ്ങിയവയിൽ പരിജ്ഞാനം പകർന്നു നൽകുന്ന പഠന ശാഖയാണ് ഫിഷറീസ് സയൻസ്.




## തൊഴിൽ സാധ്യതകൾ

സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ കീഴിലുള്ള മത്സ്യഗവേഷണ സ്ഥാപനങ്ങൾ, സർവകലാശാലകൾ എന്നിവിടങ്ങളിൽ നിന്നും ഫിഷറീസ് സയൻസ്, അനുബന്ധ കോഴ്സുകളിൽ ബിരുദ-ബിരുദാനന്തര യോഗ്യത നേടിയവർക്ക് ഒട്ടേറെ തൊഴിലവസരങ്ങളുണ്ട്. മത്സ്യകൃഷി, മത്സ്യഗവേഷണം, മത്സ്യത്തീറ്റ ഉത്പാദനം, മത്സ്യവിഭവ നിർമാണ സംസ്കരണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സ്വകാര്യമേഖലയിലെ സ്ഥാപനങ്ങളിലും ഉയർന്ന വേതനത്തിൽ മികച്ച കരിയർ കണ്ടെത്താൻ ഈ യോഗ്യതയുള്ളവർക്ക് കഴിയും. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) പോലുള്ള സ്ഥാപനങ്ങളിൽ ഫിഷറീസ് സയൻസ് പഠിച്ചവർക്ക ഒട്ടേറെ തൊഴിലവസരങ്ങളുണ്ട്. അധ്യാപന-ഗവേഷണ രംഗത്തും സർക്കാർ-സ്വകാര്യ മേഖലകളിലും വിജയത്തിന്റെ പടവുകൾ കയറാൻ ഈ വിഷയത്തിലെ ഉയർന്ന യോഗ്യതകൾ സഹായിക്കുന്നു.

## പഠനം എവിടെ?

ഫിഷറീസ് സയൻസിൽ നിലവാരമുള്ള കോഴ്സുകൾ നടത്തുന്ന അംഗീകൃത സ്ഥാപനങ്ങൾ രാജ്യത്തുണ്ട്. ബി.എസ്.സി ഫിഷറീസ് സയൻസ് കോഴ്സിന് നാലു വർഷമാണ് ദൈർഘ്യം. സയൻസ് പഠിച്ച് പ്ലസ് ടു ആണ് പ്രവേശന യോഗ്യത. ഫിഷറീസ് സയൻസിൽ ബിരുദ-ബിരുദാനന്തര ഗവേഷണ കോഴ്സുകൾ നടത്തുന്ന കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) ഇന്ത്യയിലെ പ്രഥമ ഫിഷറീസ് സർവകലാശാലയാണ്.

## സമുദ്രപഠനത്തിന്റെ ആഴങ്ങൾ തേടി കുഫോസ്

ഇന്ത്യയിലെ ആദ്യത്തെയും ലോകത്തിലെ അഞ്ചാമത്തെയും ഫിഷറീസ് സർവകലാശാലയാണ് 2011 ഏപ്രിൽ ഒന്നിന് സ്ഥാപിതമായ കേരള ഫിഷറീസ്-സമുദ്രപഠന സർവകലാശാല (കുഫോസ്). എറണാകുളം ജില്ലയിലെ പനങ്ങാടാണ് സർവകലാശാലയുടെ ആസ്ഥാനം. കൂടാതെ പുതുവൈപ്പിൽ (എറണാകുളം) സമുദ്രപഠന കാംപസും തിരുവല്ലത്ത് (തിരുവനന്തപുരം) മറ്റൊരു കാംപസും സർവകലാശാലയ്ക്കുണ്ട്.

അനാട്ടമി, ടാക്സോണമി, ഫിസിയോളജി, ജനറ്റിക്സ്, മത്സ്യകൃഷി, എൻജിനീയറിങ്, മത്സ്യങ്ങളിൽ നിന്നുള്ള ഭക്ഷ്യോത്പാദനവും ഭക്ഷ്യസംസ്കരണവും മാനേജ്മെന്റ്, സാമ്പത്തിക ശാസ്ത്രം, കാലാവസ്ഥാവ്യതിയാനം, സമുദ്രപ്രതിഭാസം തുടങ്ങിയവയാണ് ഫിഷറീസ്-സമുദ്രപഠന വിദ്യാഭ്യാസത്തിന്റെ പ്രധാന മേഖലകൾ.

## സർവകലാശാല സ്കൂളുകൾ

1. സ്കൂൾ ഓഫ് അക്വാ കൾച്ചർ ആൻഡ് ബയോടെക്നോളജി
2. സ്കൂൾ ഓഫ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ആൻഡ് ഹാർവെസ്റ്റ് ടെക്നോളജി
3. സ്കൂൾ ഓഫ് അക്വാടിക് ഫുഡ് പ്രോഡക്ട്സ് ആൻഡ് ടെക്നോളജി
4. സ്കൂൾ ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജി
5. സ്കൂൾ ഓഫ് ഓഷ്യൻ എൻജിനീയറിങ് ആൻഡ് അണ്ടർവാട്ടർ ടെക്നോളജി

6. സ്കൂൾ ഓഫ് ഫിഷറീസ് എൻവയോൺമെന്റ്
7. സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ്

## കോഴ്സുകൾ

**1. ബി.എഫ്.എസ്സി**

കേരളത്തിൽ ഈ കോഴ്സുള്ള ഏക സ്ഥാപനം കുഫോസ് ആണ്. നാലു വർഷ (എട്ടു സെമസ്റ്റർ) ബിരുദമാണിത്. സംസ്ഥാന സർക്കാരിന്റെ മെഡിക്കൽ പൊതുപ്രവേശന പരീക്ഷയിലൂടെ തയാറാക്കുന്ന ലിസ്റ്റിലൂടെയാണ് പ്രവേശനം. ആകെയുള്ള 50 സീറ്റിൽ 15 ശതമാനം വീതം കേന്ദ്ര കാർഷിക ഗവേഷണ കൗൺസിലിനും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വേണ്ടി സംവരണം ചെയ്തിട്ടുണ്ട്.

**2. എം.എഫ്.എസ്സി.**

a) അക്വാട്ടിക് എൻവയോൺമെന്റ് മാനേജ്മെന്റ്
b) ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ്
c) അക്വാകൾച്ചർ
d) ഫിഷ് പ്രോസ്സസിങ് ടെക്നോളജി
e) ഫിഷ് ന്യൂട്രീഷൻ ആൻഡ് ഫീഡ് ടെക്നോളജി
f) ഫിഷറീസ് ഇക്കണോമിക്സ്
g) അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ്
h) ഫിഷറീസ് എൻജിനീയറിങ് ആൻഡ് ടെക്നോളജി
i) ഫിഷ് ബയോടെക്നോളജി
j) ഫിഷ് ജനറ്റിക്സ് ആൻഡ് ബ്രീഡിങ്

**3. എം.എസ്സി.**

a) ഫിസിക്കൽ ഓഷ്യനോഗ്രഫി ആൻഡ് ഓഷ്യൻ മോഡലിങ്
b) ബയോളജിക്കൽ ഓഷ്യനോഗ്രഫി ആൻഡ് ബയോഡൈവേഴ്സിറ്റി
c) അപ്ലൈഡ് ജിയോസയൻസ്
d) സ്റ്റാറ്റിസ്റ്റിക്സ്
e) ഓഷ്യൻ റിമോട്ട് സെൻസിങ് ആൻഡ് ജി.ഐ.എസ്.
f) ഫുഡ് സയൻസ് ആൻഡ് ടെക്നോളജി
g) ഡിസാസ്റ്റർ മാനേജ്മെന്റ്
h) ബയോടെക്നോളജി ആൻഡ് ബയോ ഇൻഫർമാറ്റിക്സ്
i) ക്ലൈമറ്റ് സയൻസ്
j) മറൈൻ മൈക്രോബയോളജി ആൻഡ് മറൈൻ ഡ്രഗ്സ്

**4. എം.ബി.എ. (ഫിഷറീസ്/ ഫിനാൻസ്/മാർക്കറ്റിങ്/എച്ച്.ആർ./ റൂറൽ)**

**5. എം.ടെക് (ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ്)**

**6. എൻ.എൽ.എം. (മാരിടൈം ലോ)**

**7. പി.എച്ച്.ഡി.**

ഫിഷറീസ്, ഓഷ്യൻ സ്റ്റഡീസ്, ഓഷ്യൻ എൻജിനീയറിങ്, ക്ലൈമറ്റ് ചെയ്ഞ്ച്, മാനേജ്മെന്റ്

**8. പി.ജി. ഡിപ്ലോമ** - അക്വേറിയം സയൻസ് ആൻഡ് ടെക്നോളജി, ഇൻഡസ്ട്രിയൽ അക്വാകൾച്ചർ

**9. ഡിപ്ലോമ ഇൻ ബ്രായ്ക്കിഷ് വാട്ടർ ആൻഡ് മറൈൻ അക്വാകൾച്ചർ**

കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.kufos.ac.in

## എം.എസ്സി (ഫിഷറീസ് സയൻസ്)

ഫിഷറീസ് സയൻസിൽ ബിരുദമുള്ളവർക്ക് ഉപരിപഠനത്തിന് എം.എസ്സി. ഫിഷറീസ് സയൻസിന് ചേരാം. അധ്യാപന-ഗവേഷണ താത്പര്യമുള്ളവർക്കും ഈ യോഗ്യത ആവശ്യമാണ്. എം.എസ്സി. ഫിഷറീസ് കോഴ്സ് കാലദൈർഘ്യം രണ്ടു വർഷമാണ്. ഈ കോഴ്സ് നടത്തുന്ന പ്രമുഖ സ്ഥാപനങ്ങൾ ഇതോടൊപ്പം.

1. Andra University, Waltair -530 003
2. Dr. Balasaheb Sawant Konkan Krishi Vidyapeeth, Dapoli - 415 712, Maharashtra
3. Goa University, Goa - 403 005
4. Gujarat Agricultural University, Faculty of Agricultur University, Sardarkrishinagar, Gujarath - 385506
5. Imphal Fisheries Training College, Barrackpore, Manipur
6. Kerala Agricultural University, Vellanikkara - 680654
7. Marathwada University, Aurangabad, Maharashtra - 431004
8. Osmania University, Hyderabad - 500067
9. Tamil Nadu Veterinary and Animal Science University, Vepery High Road, Chennai - 600007
10. University of Agricultural Sciences, Gandhi Krishi Vignana Kendra, Banglore - 560065

## സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എഡ്യുക്കേഷൻ

മുംബൈയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എഡ്യുക്കേഷൻ മത്സ്യകൃഷി-ഗവേഷണ രംഗത്ത് രാജ്യത്തെ പ്രമുഖ സ്ഥാപനമാണ്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ്, ഇൻലാൻഡ് അഗ്രിക്കൾച്ചർ, മാരിക്കൾച്ചർ, ഫ്രഷ് വാട്ടർ അക്വാകൾച്ചർ, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി, ഫിഷ് ജനറ്റിക്സ് ബയോടെക്നോളജി, ഫിഷ് പാതോളജി മൈക്രോ ബയോളജി, ഫിഷ് ന്യൂട്രീഷൻ ബയോടെകക്നോളജി, ഫിഷ് ന്യൂട്രീഷ്യൻ ബയോകെമിസ്ട്രി, ഫിഷറീസ് ബിസിനസ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം (എം.എഫ്.എസ്സി) കോഴ്സ് ഇവിടെ നടത്തുന്നു.

യോഗ്യത 10+2+4 സിസ്റ്റം പ്രകാരം ഫിഷറീസ് സയൻസിൽ ബിരുദം. കുറഞ്ഞത് 60 ശതമാനം മാർക്ക്. കുറഞ്ഞ പ്രായം 19 വയസ്സ് (അക്കാദമിക് പ്രവേശന വർഷത്തിലെ ആഗസ്റ്റ് 31 പ്രകാരം).

എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ജൂൺ ആദ്യവാരമാണ് പരീക്ഷ നടത്തുക. മാർച്ച്/ഏപ്രിൽ മാസങ്ങളിൽ പ്രവേശന വിജ്ഞാപനമുണ്ടാകും. ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ്, ഇൻലാൻഡ് അക്വാ കൾച്ചർ, ഫിഷ് ജനറ്റിക്സ്, ഫിഷ് ബയോടെക്നോളജി, ഫിഷ് പതോളജി, ബയോ കെമിസ്ട്രി, ഫിഷറീസ് ബിസിനസ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ പി.എച്ച്.ഡി. സൗകര്യവും ഇവിടെയുണ്ട്.

വിലാസം: Central Institute of Fisheries Education, Fisheries University Road, Seven Bunglow, Versova, Mumbai - 400 061. വെബ്സൈറ്റ്: www.cife.edu.in

## മറ്റ് സ്ഥാപനങ്ങൾ

1. തമിഴ്നാട് ഫിഷറീസ് യൂണിവേഴ്സിറ്റി, ഫസ്റ്റ് ലൈൻ ബീച്ച് റോഡ്, നാഗപട്ടണം – 611001, ഫോൺ: 04365–241444, വെബ്സൈറ്റ് : www.tnfu.org.in, e-mail: registrar@tnfu.org.in
2. School of Marine Sciences, Cochin University of Science and Technology, Ernakulam - 682016
3. Andra University, Waltair, Andra Pradesh - 530003
4. Barkathullah University, Hoshangabad Road, Bhopal - 462026, Madhya Pradash
5. G.B. Pant University of Agricultural, Pant Nagar, Nainittal, Uttaranchal - 263135
6. Goa University, Goa - 403005
7. Gujarat Agricultural University, Faculty of Agricultur University, Sardarkrishinagar, Gujarath - 385506
8. Imphal Fisheries Training College, Barrackpore, Manipur University, Canchipur, Imphal - 795003
9. Marathwada University, Aurangabad, Maharashtra - 431004
10. Osmania University, Hyderabad - 500067

*ലേഖകൻ ഫിഷറീസ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയാണ്*

■ സുരേഷ് ശിവദാസ്

# അതുല്യം, അനന്യം ഈ ദൃശ്യസാമ്രാജ്യം

**സത്യജിത് റേ ഇന്നും ഇന്ത്യയ്ക്ക് ഗൃഹാതുരമായ ഒരു ചലച്ചിത്രാനുഭവമാണ്**

ഇന്ത്യൻ സിനിമകൂടിചേർന്നതാണ് ലോകസിനിമ എന്ന് അടയാളപ്പെടുത്തിയ വിഖ്യാത ചലച്ചിത്രകാരൻ സത്യജിത് റേ, ഇന്ത്യൻ സിനിമയ്ക്ക് ചരിത്രപരമായ അനിവാര്യതയായിരുന്നു. ലോകം മുഴുവൻ ആദരിക്കുന്ന മഹാനായ ഈ ചലച്ചിത്ര കുലപതിയുടെ സിംഹാസനം ഇന്നും ഒഴിഞ്ഞുകിടക്കുന്നു.

പ്രശസ്ത ബംഗാളി സാഹിത്യകാരനും ചിത്രകാരനുമായിരുന്ന സുകുമാർ റേയുടെയും സുപ്രഭയുടെയും മകനായി 1921 ൽ കൊൽക്കത്തയിലായിരുന്നു റേയുടെ ജനനം. രണ്ടര വയസ്സുള്ളപ്പോൾ പിതാവ് മരിച്ചു. തുടർന്ന് അമ്മയോടൊപ്പം അമ്മാവന്റെ വീട്ടിലാണ് റേ താമസിച്ചത്. 'സന്ദേശ്' എന്ന കുട്ടികളുടെ പ്രസിദ്ധീകരണത്തിന്റെ ചുമതല വഹിച്ചിരുന്നത് റേയുടെ പിതൃസഹോദരനായിരുന്നു. അങ്ങനെ പുസ്തകങ്ങളുടെയും ചിത്രരചനയുടെയും ലോകത്തായിരുന്നു റേയുടെ ബാല്യം.


സത്യജിത് റേ

സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ റേ ഒരുവിധപ്പെട്ട പുസ്തകങ്ങളൊക്കെ വായിച്ചുകൂട്ടിയിരുന്നു. സംഗീതമായിരുന്നു ഇഷ്ടമുള്ള മറ്റൊരു വിഷയം. ആരാധ്യസംഗീതജ്ഞൻ ബിഥോവനും. മെട്രിക്കുലേഷനുശേഷം പ്രസിഡൻസി കോളേജിൽ നിന്നും ധനതത്വശാസ്ത്രത്തിൽ ബിരുദമെടുത്ത സത്യജിത്റേ രവീന്ദ്രനാഥ ടാഗോറിന്റെ ശാന്തിനികേതനിൽ ചിത്രകലാപഠനത്തിനായി ചേർന്നു. ശാന്തിനികേതനിലെ പരിശീലനം റേയെ ഇന്ത്യൻ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ശക്തനായ പ്രണേതാവാക്കി മാറ്റിയെങ്കിലും അവിടെ അദ്ദേഹത്തിന് പഠനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 1942ൽ ശാന്തിനികേതന്റെ പടിയിറങ്ങിയ റേ ആറു മാസങ്ങൾക്കുശേഷം ഒരു ബ്രിട്ടീഷ് പരസ്യകമ്പനിയിൽ പബ്ലിസിറ്റി ഡിസൈനറായി. അക്കാലത്താണ് ലോകസിനിമയിലെ ക്ലാസിക്കുകൾ കാണാനിടയായത്. ലണ്ടൻ വാസത്തിനിടയിൽ അഞ്ചു മാസം കൊണ്ട് 99 ചലച്ചിത്രങ്ങൾ റേ കണ്ടുതീർത്തു! ഹോളിവുഡ് ചിത്രങ്ങൾ അസാധാരണമാംവിധം മികച്ചവയായിരുന്നെങ്കിലും വിട്ടോറിയോ ഡിസീക്കയുടെ ഇറ്റാലിയൻ നിയോറിയലിസ്റ്റ് ചിത്രമായ 'ബൈസിക്കിൾ തീവ്സ്' ആണ് റേയെ ഏറെ ആകർഷിച്ചത്. ആ ചിത്രം അദ്ദേഹത്തിന്റെ ചലച്ചിത്രദർശനത്തിന് അടിത്തറപാകി. അതോടെയാണ് ചലച്ചിത്രകാരനാകണമെന്ന മോഹം റേയിൽ ശക്തമായത്.

കൊൽക്കത്തയിൽ തിരിച്ചെത്തിയ റേ, 1947 ൽ പ്രശസ്ത ചലച്ചിത്ര നിരൂപകനായ ചിദാനന്ദദാസ് ഗുപ്തയുമായി ചേർന്ന് കൽക്കത്ത ഫിലിം സൊസൈറ്റിക്ക് രൂപം നൽകി. ഇന്ത്യയിൽ പുരാണ കഥാചിത്രങ്ങൾ മാത്രം നിർമിക്കപ്പെട്ടിരുന്ന കാലത്ത് ആസ്വാദകർക്കിടയിൽ ഒരു പുതിയ ചലച്ചിത്ര സംസ്കാരം വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമമായിരുന്നു അത്. ഇതിനിടയിൽ രേഖാചിത്രങ്ങളും പുസ്തകത്തിന്റെ പുറംചട്ടയും വരയ്ക്കുന്ന ഒരാളെന്ന നിലയ്ക്ക് റേ ലബ്ധപ്രതിഷ്ഠനായി കഴിഞ്ഞിരുന്നു. 1959 ൽ സ്ഥാപിച്ച ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റി ഓഫ് ഇന്ത്യയുടെ (എഫ്.എഫ്.എസ്.ഐ.) ആദ്യത്തെ പ്രസിഡന്റ് സത്യജിത് റേ ആയിരുന്നു. ഇന്ദിരാഗാന്ധി വൈസ് പ്രസിഡന്റുമാരിൽ ഒരാളും.

ബിഭൂതിഭൂഷൻ ബാനർജിയുടെ 'പഥേർ പാഞ്ജലി' എന്ന നോവലിന്റെ പുതിയ പതിപ്പിന്റെ ചിത്രം വരയ്ക്കുവാനുള്ള അവസരം ലഭിച്ചതോടെയാണ് ആ നോവലിനോടുള്ള കമ്പം റേയിൽ മുളയ്ക്കുന്നത്. വർഷങ്ങളോളം സുപ്താവസ്ഥയിൽ അത് മനസ്സിൽ ഒളിഞ്ഞുകിടന്നു.

ഇന്ത്യൻ നവസിനിമയുടെ ചരിത്രം എഴുതപ്പെടുന്നത് ഇവിടംതൊട്ടാണ്. 1955 ൽ ബംഗാൾ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നിയോറിയലിസ്റ്റ് ശൈലിയിൽ നിർമിച്ച 'പഥേർ പാഞ്ജലി' (ചെറുവഴിത്താരയുടെ ഗീതം) ആണ് ഇന്ത്യയിലെ ആദ്യത്തെ നവസിനിമ. നാല്പതുകളിലെ ക്ഷാമത്തിനുശേഷമുള്ള ദരിദ്ര ബംഗാളിന്റെ നേർക്കാഴ്ചയാണ് പ്രേക്ഷകന് നൽകുന്നത്. കൊൽക്കത്തയിൽ നിന്ന് 60 നാഴിക ദൂരെ ബോറൽ എന്നു പേരുള്ള ഒരു കൊച്ചു ഗ്രാമത്തിലായിരുന്നു പഥേർ പഞ്ജാലിയുടെ ചിത്രീകരണം. സത്യജിത് റേയ്ക്കൊപ്പം അഭിനേതാക്കളും ഛായാഗ്രാഹകനായ സുബ്രതോ മിത്രയും കലാസംവിധായകൻ ബെൻസി ചന്ദ്രഗുപ്തയും ഉൾപ്പെടെ എട്ടാളുകൾ മാത്രമാണ് ആദ്യ യൂണിറ്റിൽ ഉണ്ടായിരുന്ന്. ഇവരിൽ കലാസംവിധായകനു മാത്രമേ സിനിമാരംഗവുമായി മുൻപരിചയമുണ്ടായിരുന്നുള്ളൂ. സ്വാഭാവിക ലൊക്കേഷനുകളും അറിയപ്പെടാത്ത അഭിനേതാക്കളും ചിത്രത്തിന് സ്വീകാര്യമായ ചേരുവകളായി മാറി. ഈ ചിത്രം ഇന്ത്യൻ സിനിമയ്ക്ക് പുതിയ ചലച്ചിത്രഭാഷയും വ്യാകരണവും നൽകി.

1955 ആഗസ്റ്റ് 26 ന് ന്യൂയോർക്കിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ടിൽ സബ് ടൈറ്റിലുകൾ ഇല്ലാതെയാണ് 'പഥേർ പാഞ്ജലി'യുടെ പ്രഥമ ദർശനം നടന്നത്. ആദ്യദിവസം സിനിമ കഴിയുമ്പോൾ റേ തിയേറ്ററിനു മുന്നിലുണ്ടായിരുന്നു. കരയുന്ന കണ്ണുകളുമായി ആളുകൾ പുറത്തേക്കു വരുന്നത് അദ്ദേഹം കണ്ടു. വെള്ളക്കാരും നീഗ്രോകളുമായിരുന്നു പ്രേക്ഷകർ. അവരിൽ ചെറുപ്പക്കാരും വയസ്സന്മാരുമുണ്ടായിരുന്നു.

കൊൽക്കത്തയിലെ ഒരു വലിയ തിയേറ്റർ പഥേർ പാഞ്ജാലി ആറാഴ്ചക്കാലം പ്രദർശിപ്പിച്ചു. എന്നാൽ വൻ തുകമുടക്കി നിർമിച്ച ഒരു തട്ടുപൊളിപ്പൻ തമിഴ് ചിത്രത്തിന്റെ കരാർ കാരണം ചിത്രം തുടർന്ന് പ്രദർശിപ്പിക്കാനായില്ല. കൊൽക്കത്തയിലെ തന്നെ മറ്റൊരു തിയേറ്ററിൽ ഏഴാഴ്ച്ചക്കാലം 'പഥേർ പാഞ്ജലി' വീണ്ടും പ്രദർശിപ്പിച്ചു. ബംഗാളിലാകമാനം ചിത്രത്തിന് ലഭിച്ച വൻ വിജയം റേയുടെയും ചലച്ചിത്ര തുടർപ്രയാണത്തിന് പ്രചോദനമായി. തിയേറ്റർ കളക്ഷനിലൂടെ നിർമാണത്തുകയുടെ ഇരുപത് ഇരട്ടിയാണ് ചിത്രം നേടിക്കൊടുത്തത്.

'പഥേർ പാഞ്ജലി'ക്ക് ലഭിച്ച രാഷ്ട്രപതിയുടെ സ്വർണമെഡൽ വാങ്ങുവാൻ ഡൽഹിക്ക് പോയത് പശ്ചിമബംഗാൾ ഗവൺമെന്റിന്റെ പബ്ലിസിറ്റി ഡയറക്ടറാണ്. സത്യജിത് റേയ്ക്ക് ക്ഷണം പോലുമില്ലായിരുന്നു. ബംഗാളിൽ അത് പ്രതിഷേധത്തിന്റെ അലകളുയർത്തി. ഒടുവിൽ മുഖ്യമന്ത്രി ഡോക്ടർ ബി.സി. റോയിയുടെ നിർദേശപ്രകാരം സത്യജിത് റേയെയും കൂട്ടുകാരെയും ആദരിക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടുവന്നു.

'ഏറ്റവും നല്ല മനുഷ്യകഥ' എന്ന് കാൻ ചലച്ചിത്രോത്സവത്തിൽ 'പഥേർ പാഞ്ജലി' പ്രകീർത്തിക്കപ്പെട്ടപ്പോൾ ലോകസിനിമാ ഭൂപടത്തിൽ ഇന്ത്യ ഇടം നേടുകയായിരുന്നു. വിശ്വ ചലച്ചിത്രരംഗത്തെ അതികായന്മാരായ ഇംഗ്മർ ബർഗ്മാൻ, അകിരാ കുറസോവ, വിട്ടോറിയോ ഡിസീക്ക എന്നിവരുടെ നിരയിലേക്ക് ആദ്യചിത്രം കൊണ്ടുതന്നെ സത്യജിത് റേ ഉയർന്നു, പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതകഥ ചലച്ചിത്ര ചരിത്രമാണ്.

അറുപതുകളിൽ 'ദ ഏലിയൻ' എന്ന ഹോളിവുഡ് ചലച്ചിത്രം സംവിധാനം ചെയ്യാൻ സത്യജിത് റേയ്ക്ക് ക്ഷണം ലഭിച്ചെങ്കിലും അത് അനുഭാവപൂർവം അദ്ദേഹം നിരസിക്കുകയാണ് ചെയ്തത്. സ്വന്തം ഭാഷയ്ക്കും അനുഭവതലങ്ങൾക്കും അകത്തുനിന്ന് ജീവിതത്തെ വ്യാഖ്യാനിക്കുകയാണ് ചലച്ചിത്രകാരനെന്ന നിലയിൽ തന്റെ സാംസ്കാരിക ദൗത്യം എന്ന ഉറച്ച നിലപാടായിരുന്നു റേയുടേത്. ആദ്യ നാലു ചിത്രങ്ങൾ പുറത്തുവന്നപ്പോഴേ കൊളംബിയ പിക്ചേഴ്സ് ഉൾപ്പെടെയുള്ള ഹോളിവുഡ് നിർമാണ കമ്പനികൾ റേയെക്കൊണ്ട് ചിത്രങ്ങൾ സംവിധാനം ചെയ്യിക്കാനുള്ള നിരവധി ശ്രമങ്ങൾ നടത്തിയിരുന്നു.

ജനങ്ങളുടെ അംഗീകാരം നേടാൻ തന്റെ അനുഭവസീമകൾക്കു പുറത്തുപോകുവാനല്ല, അവയിലേക്ക് ലോകത്തെ കൊണ്ടുവരാനാണ് റേ കഠിനമായി യത്നിച്ചത്. ഹോളിവുഡിനെ പ്രണയിക്കുകയും. എന്നാൽ അതിന്റെ ഭ്രമാത്മക ചുഴികളിൽപ്പെടാതിരിക്കുകയും ചെയ്തു എന്നതാണ് റേയുടെ സവിശേഷതയെന്ന് നിരൂപകർ ചൂണ്ടിക്കാട്ടുന്നുണ്ട് (അരുൺ ഭാനോട്-സ്പാൻ-99).



**തന്റെ ഏറ്റവും മികച്ച സിനിമയായി റേ കണക്കാക്കിയ ചാരുലതയുടെ (1964) അമ്പതാം വർഷമാണിത്**

യഥാർത്ഥവും വ്യക്തവും നൂതനവുമായ ഒരു ചലച്ചിത്ര പാതയാണ് തുടക്കം മുതൽ റേ പിന്തുടർന്നത്. മുപ്പത്തിയേഴു വർഷത്തെ അനുസ്യൂതമായ സർഗപ്രക്രിയയിൽ അദ്ദേഹത്തിന്റെ പ്രതിഭ വ്യാപരിക്കാത്ത തലങ്ങളില്ല. 'പഥേർ പാഞ്ജലി' മുതൽ 'അഗാന്തുക്' വരെ 29 ഓളം വിശ്വോത്തര ക്ലാസിക്കുകളിലൂടെ ഒരു ചലച്ചിത്രകാരന് ആർജിക്കുവാൻ കഴിയുന്ന യശസ് മുഴുവൻ നേടുവാൻ റേയ്ക്കു കഴിഞ്ഞു. ചലച്ചിത്ര കലയ്ക്കു നൽകിയ ആജീവനാന്ത സംഭാവനകളെ മാനിച്ച് അമേരിക്കൻ അക്കാദമി ഓഫ് മോഷൻ പിക്ചേഴ്സ് നൽകിവരുന്ന പ്രത്യേക ഓസ്കർ പുരസ്കാരം ലഭിച്ച ആദ്യത്തെ ഇന്ത്യൻ ചലച്ചിത്രകാരൻ എന്ന ബഹുമതിയും റേയ്ക്ക് സ്വന്തം.

ചിത്രകാരൻ, കാർട്ടൂണിസ്റ്റ്, സംഗീതജ്ഞൻ, കഥാകൃത്ത്, ചലച്ചിത്രകാരൻ എന്നിങ്ങനെ ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയായ ഈ ചലച്ചിത്ര പ്രതിഭയിൽ നിന്നും പിറന്നുവീണ ചിത്രങ്ങൾ ലോക ചലച്ചിത്ര വേദിയുടെ തന്നെ അംഗീകാരവും ആദരവും പിടിച്ചുപറ്റി. പഥേർ പാഞ്ജലി (1995), അപരാജിതോ (1956), ജൽസാഗർ (1958), അപൂർ സൻസാർ (1959), കാഞ്ചൻ ഗംഗ (1962) ചാരുലത (1964), നായക് (1966), പ്രതിദ്വന്തി (1970), ഗണശത്രു (1989), അഗാന്തുക്ക് (1991) തുടങ്ങിയവ അവയിൽ ചിലതുമാത്രം.

ഇന്ത്യൻ സിനിമ നൂറ്റിയൊന്ന് വർഷം പിന്നിടുമ്പോഴും റേയ്ക്ക് തുല്യനായ ഒരു ചലച്ചിത്രകാരൻ ഇനിയും ഇന്ത്യയിൽ ഉണ്ടായിട്ടില്ല, അനന്യമായ ഒരു ക്ലാസിക്കായി ഇന്നും പരിഗണിക്കപ്പെടുന്ന പഥേർ പാഞ്ജലിക്ക് തുല്യമായ ഒരു ചലച്ചിത്രവും. ■

രാജേഷ് കെ. എരുമേലി

**എന്നും അർഥവത്തായ കലാപം കൂട്ടിയ തൂലികയായിരുന്നു പൊൻകുന്നം വർക്കിയുടേത്. വർക്കി വിടപറഞ്ഞിട്ട് ജൂലൈ രണ്ടിന് പത്ത് വർഷം തികഞ്ഞു**



# കാതലുള്ള ധിക്കാരി

എന്നെ എന്റെ പുരയിടത്തിൽ സംസ്കരിക്കണം കാശു കൊടുത്തും, പള്ളിയിൽ വച്ചും സംസ്കാരം വേണ്ട" നവോത്ഥാന കാലഘട്ടം സംഭാവന ചെയ്ത വിട്ടുവീഴ്ചയില്ലാത്ത പുരോഗമന സാഹിത്യകാരൻ പൊൻകുന്നം വർക്കിയുടെ വാക്കുകളാണിത്. വർക്കി വിടപറഞ്ഞിട്ട് ജൂലൈ രണ്ടിന് പത്ത് വർഷം തികയുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ മലയാള സാഹിത്യത്തിൽ പുതിയ ഉണർവ് നൽകിയ മറ്റ് എഴുത്തുകാരായിരുന്നു തകഴി, കേശവദേവ്, ബഷീർ എന്നിവർ. മത പൗരോഹിത്യത്തിനെതിരെയും, അവരുടെ യാഥാസ്ഥിതിക മനോഭാവത്തിനെതിരെയും ശക്തമായ നിലപാടുകൾ സ്വീകരിച്ചു എന്നതാണ് മറ്റ് എഴുത്തുകാരിൽ നിന്നും വർക്കിയെ വേറിട്ടു നിർത്തുന്നത്.

"യാത്ര ചെയ്യുന്നവരിൽ ചിലർക്ക് അവരുടെതായ ചില വഴിത്താരകൾ ഉണ്ടായിരിക്കുമല്ലോ. വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചാണ് ഞാൻ എന്റെ വഴിത്താര വെട്ടിത്തുറക്കുക. അവിടെ ചിലടത്തൊക്കെ ഞാൻ ഭീരുവാകാതിരുന്നിട്ടില്ല. കഴിയുന്നിടത്തോളം സ്വതന്ത്രമായി സഞ്ചരിക്കാനാണ് ആഗ്രഹിച്ചിട്ടുള്ളത്. എന്റെ സാഹിത്യനിർമാണത്തിലും, സഞ്ചാരക്രമത്തിലും, പള്ളി മതത്തിനെതിരായിട്ടുള്ള നീക്കങ്ങൾ പലേടത്തും കാണാവുന്നതാണ്. വഴിത്തിരിവിന്റെ പശ്ചാത്തലം ഒന്നു കുറിക്കുമ്പോൾ എന്റെ മനുഷ്യാംശവും, സ്വാതന്ത്ര്യദാഹവും, എത്രത്തോളം വിയർപ്പണിഞ്ഞിട്ടുണ്ടെന്ന് നിഷ്പക്ഷമായ ഒരു പഠനത്തിന് വായനക്കാർക്ക് അവസരമുണ്ടാക്കുന്നു. (എന്റെ വഴിത്തിരിവ്)

## ഒറ്റയാൾ പോരാട്ടം

ജീവിച്ച ചുറ്റുപാടുകളേയും, മനുഷ്യ ജീവിതാവസ്ഥയേയും വളരെ സൂക്ഷ്മമായി നോക്കിക്കണ്ട എഴുത്തുകാരനായിരുന്നു പൊൻകുന്നം വർക്കി. മതവും, പൗരോഹിത്യവും മാനവികതക്കും സ്വതന്ത്ര്യ ചിന്തയ്ക്കും മേൽ നടത്തിയ കടന്നു കയറ്റങ്ങളെ ശക്തമായി പ്രതിരോധിക്കാൻ വർക്കിയുടെ തൂലികക്ക് കഴിഞ്ഞു. നവോത്ഥാനകാല എഴുത്തുകാർക്കെല്ലാം പല രംഗത്തു നിന്നും വലിയ എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. ക്രിസ്ത്യൻ പൗരോഹിത്യത്തിന്റെ ശക്തമായ എതിർപ്പുകളാണ് പൊൻകുന്നം വർക്കിക്ക് നേരിടേണ്ടി വന്നത്. പൗരോഹിത്യത്തിന്റെ മാനുഷിക വിരുദ്ധ നിലപാടിനെതിരെ ഉറച്ചു നിൽക്കാൻ പ്രേരിപ്പിക്കുന്നതായിരുന്നു ഇത്തരം നിലപാടുകൾ. പല എഴുത്തുകാരും യുവത്വത്തിന്റെ കാലഘട്ടത്തിൽ പുരോഗമന വേഷമിട്ടു മതങ്ങളേയും, അന്ധവിശ്വാസങ്ങളേയും എതിക്കുകയും വാർധക്യത്തിൽ മതത്തിനോട് പതുക്കെ അടുക്കുകയും ചെയ്യുമ്പോൾ പൊൻകുന്നം വർക്കി മരണം വരെ നിലപാടിൽ ഉറച്ചു നിന്നു. ഒറ്റയാനെപ്പോലെ പൊരുതിക്കൊണ്ട് സുഖലോലുപരായ പൗരോഹിത്യത്തിനെയും, സാമൂഹിക വ്യവസ്ഥയെയും എഴുത്തിലൂടെ വിപ്ലവകരമായി മാറ്റിയെടുക്കാനാണ് വർക്കി ശ്രമിച്ചത്.

കഥാകാരൻ, നാടകകൃത്ത്, നോവലിസ്റ്റ്, അധ്യാപകൻ, സാംസ്കാരിക പ്രവർത്തകൻ, സ്വാതന്ത്ര്യ സമരസേനാനി, ചലച്ചിത്ര തിരക്കഥാകൃത്ത്, സാമൂഹിക പരിഷ്കർത്താവ്, വാഗ്മി, നാടക-ചലച്ചിത്ര പ്രവർത്തകൻ തുടങ്ങി ബഹുമുഖ വ്യക്തിത്വത്തിനുടമയായിരുന്ന പൊൻകുന്നം വർക്കി എന്ന വി.എ. വർക്കി 1910 ജൂലായ് ഒന്നിന് ആലപ്പുഴയിലെ എടത്വയിൽ കട്ടപ്പുറത്ത് തറവാട്ടിൽ ജനിച്ചു. മൂന്നാമത്തെ വയസിൽ പിതാവ് മരിച്ചതോടെ അമ്മ വീടായ പൊൻകുന്നത്തെ വാഴേപ്പറമ്പിൽ വീട്ടിലേക്ക് 1917 ൽ താമസമാക്കി. മലയാളം ഹയറും, വിദ്വാനും ജയിച്ച ശേഷം കോട്ടയം കത്തോലിക്ക സഭ വക സ്കൂളിലും കോട്ടയം ട്രെയ്നിങ് കോളേജിലും അധ്യാപകനായി. കത്തോലിക്ക സഭയെ വിമർശിച്ചതിന്റെ പേരിൽ സഭ വക സ്കൂളിലെ ജോലി ഉപേക്ഷിച്ചു. 1942 ൽ ഗവ. സ്കൂൾ അധ്യാപകനായിരിക്കുമ്പോഴാണ് പാമ്പാടി പെരിഞ്ചേരി വീട്ടിൽ താമസമാക്കിയത്.

മാനുഷിക സമത്വത്തിനു വേണ്ടിയുള്ള ആഗ്രഹം, അനീതികളോടുള്ള എതിർപ്പ്, എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടാണ് വർക്കി എഴുത്തിലേക്ക് കടന്നു വന്നത്. പുരോഗമന ആശയങ്ങൾ മുന്നോട്ടുവച്ച എഴുത്തുകാരിൽ തകഴി, ദേവ്, ബഷീർ, വർക്കി എന്നിവർ നവോത്ഥാന കാലഘട്ടത്തിന്റെ സംഭാവനയാണ്.

സമാനാശയമുള്ള എഴുത്തുകാർ ആദ്യമായി 1937 ൽ തൃശൂരിൽ ഒത്തുകൂടി ജീവൽസാഹിത്യ സംഘടന രൂപവത്കരിച്ചു. തുടർന്ന് 1944 ൽ ഷൊർണൂരിൽ സാഹിത്യകാരന്മാർ സംഘടിച്ച് സംഘടനയുടെ പേര് പുരോഗമന സാഹിത്യ സംഘം എന്നാക്കി. കേരളത്തിലെ ഒട്ടുമിക്ക എഴുത്തുകാരും ഇവരുടെ പിന്നിലണിനിരന്നു. മുഖ്യമായും ഇവർ മുന്നോട്ടുവെച്ച ആശയം സാഹിത്യാദികലകൾ ന്യൂനപക്ഷത്തിന്റെ ഉപകരണം എന്ന നിലവിട്ട് സാധാരണക്കാരുടേതാകണം എന്നതാണ്. സമൂഹത്തിന്റെ പൂരോഗതിയും മാറ്റവുമായിരിക്കണം കലയുടെ ലക്ഷ്യം. കല കലയ്ക്കു വേണ്ടിയല്ലെന്നും ജീവിതത്തിനു വേണ്ടിയാണെന്നും അവർ വാദിച്ചു. ഈ പ്രസ്ഥാനത്തിൽ പ്രവർത്തിച്ച ഒരാളായിരുന്നു വർക്കിയും.

മാനുഷിക സമത്വത്തിനു വേണ്ടിയുള്ള ആഗ്രഹം, അനീതികളോടുള്ള എതിർപ്പ്, എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടാണ് വർക്കി എഴുത്തിലേക്ക് കടന്നു വന്നത്. പുരോഗമന ആശയങ്ങൾ മുന്നോട്ടുവച്ച എഴുത്തുകാരിൽ തകഴി, ദേവ്, ബഷീർ, വർക്കി എന്നിവർ നവോത്ഥാന കാലഘട്ടത്തിന്റെ സംഭാവനയാണ്

## കലാപം കൂട്ടിയ തൂലിക


1939 ൽ തിരുമുൽകാഴ്ച എന്ന ഗദ്യകവിതാ സമാഹാരവുമായാണ് വർക്കി മലയാള സാഹിത്യത്തിൽ രംഗപ്രവേശം ചെയ്തത്. 1933 ജനുവരിയിൽ സാഹിത്യ പരിഷത്ത് മാസികയിലാണ് കഥ പ്രസിദ്ധീകരിച്ചത്. ഭരണകൂടത്തിനോടുള്ള എതിർപ്പ് ധീരമായി പ്രകടിപ്പിക്കുന്ന കഥകളാണ് പിന്നീട് ഉണ്ടായത്. സർ. സി.പി രാമസ്വാമി അയ്യരുടെ ദുർഭരണത്തിനോട് അമർഷം വെളിപ്പെടുത്തുന്ന 'മന്ത്രിക്കെട്ട്', 'മോഡൽ' എന്നീ കഥകളുടെ പേരിൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്നു. പൂജപ്പുര സെൻട്രൽ ജയിലിൽ ഇക്കാലത്ത് ആറു മാസം തടവിൽ കഴിഞ്ഞിട്ടുണ്ട്. മതാധികാരം അടിച്ചേല്പിക്കാൻ ശ്രമിച്ച പൗരോഹിത്യത്തിനെതിരെ വിമർശനം അഴിച്ചു വിട്ട കഥകളാണ്, 'അന്തോണീ നീയും അച്ചനായോടാ', 'പളങ്കോടൻ' എന്നിവ. ഈ കഥയുടെ പിറവി പുരോഹിത വർഗത്തിന്റെ എതിർപ്പിനു കാരണമായി.

1943 ൽ 'ഹൃദയനാദം' എന്ന സമാഹാരത്തിന്റെ മുഖവുരയായി അദ്ദേഹം ഇങ്ങനെ പറഞ്ഞു: മർദനം, ചൂഷണം, വഞ്ചന, സ്നേഹാദാസം എന്നിതുകളിൽ നിസഹായരായി കഴിയുന്ന സഹജാതരുടെ ആർത്തനാദം കേൾക്കുമ്പോൾ എന്റെ മനുഷ്യത്വം പരവശമായി തീരുന്നു. ആ വേദന കണ്ട് ഞാൻ തളരുന്നു. ആ അനീതി കണ്ടു ഞാൻ ഞെട്ടുന്നു. ഈ വിധത്തിൽ അധ്വാനിക്കുന്ന മനുഷ്യർക്കു വേണ്ടിയാണ് പൊൻകുന്നം വർക്കി തൂലിക ചലിപ്പിച്ചത്.

'അന്തിത്തിരി', 'അണിയറ, നാട്ടുവെളിച്ചം, ഏടുകൾ, ഇടിവണ്ടി, പൊട്ടിയ ഇഴകൾ, ജയിലിൽനിന്ന് എന്നീ സമാഹാരങ്ങൾ സമൂഹത്തിന്റെ തിന്മകൾക്കു നേരെയുള്ള ശക്തമായ പ്രതിഷേധത്തെ സൂചിപ്പിക്കുന്നു. സമൂഹത്തിലെ അനീതിയേയും, അക്രമത്തേയും എതിർത്ത് മാനവികതക്കു വേണ്ടി തന്റെ കഥാലോകത്തിന്റെ വിശാലമായ കാഴ്ചപ്പാടുകൾ അദ്ദേഹം അവതരിപ്പിച്ചു. ചുറ്റുപാടിൽ നിന്ന് വേദനിക്കുന്ന മനുഷ്യന്റെ നൊമ്പരങ്ങൾ അക്ഷരങ്ങളിലൂടെ പകർന്നു നൽകുന്ന കഥയാണ് 'ശബ്ദിക്കുന്ന കലപ്പ'.

'ആർക്കു വേണ്ടി' എന്ന കഥ പുരോഗമന ചിന്തകനായ പ്രൊഫ. എം.പി. പോളിനെ തെമ്മാടിക്കുഴിയിൽ അടക്കം ചെയ്തതിലുള്ള പ്രതിഷേധമാണ്. വർഗസമരത്തിനു പ്രേരിപ്പിക്കുന്ന കഥകളെഴുതിയെന്നതിന്റെ പേരിലാണ് സി.പിയുടെ ഭരണകൂടം വർക്കിയെ ജയിലിലാക്കിയത്. പുന്നപ്ര വയലാർ സമരം നടന്നതും അധ്വാനവർഗത്തെ ശ്വാസം മുട്ടിച്ചിരുന്നതുമായ കാലഘട്ടത്തെ ഓർമിപ്പിക്കുന്ന കഥകളാണ് 'മന്ത്രിക്കെട്ട്, രണ്ടു സെന്റ് സ്ഥലം', 'തൊഴിലാളി റേഷൻ' തുടങ്ങിയവ. 'എന്റെ വഴിത്തിരിവ്' (ആത്മകഥ) 'തൂലികാ ചിത്രങ്ങൾ' (സ്മരണകൾ) എന്നിവയാണ് മറ്റു കൃതികൾ.

വിവിധ സാംസ്കാരിക കേന്ദ്രങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും പ്രവർത്തനങ്ങളിൽ വർക്കി പ്രധാന പങ്ക് വഹിച്ചുട്ടുണ്ട്. സാഹിത്യ അക്കാദമി പ്രസിഡന്റ്, സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിഡന്റ്, പുരോഗമന സാഹിത്യ സംഘടനാ സെക്രട്ടറി, കേരളാ സർവകലാശാലാ സെനറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരളാ സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം, മദിരാശി സർവകലാശാലയുടെ സമ്മാനം, എഴുത്തച്ഛൻ പുരസ്കാരം, വള്ളത്തോൾ പുരസ്കാരം, ലളിതാംബികാ അന്തർജനം അവാർഡ്, സ്വാതന്ത്ര്യ സമര സേനാനിക്കുള്ള താമ്രപത്രം, പത്മപ്രഭാ പുരസ്കാരം, എം.പി. പോൾ അവാർഡ്, മാക്ടാ വിശിഷ്ടാംഗത്വം എന്നിവ ലഭിച്ചിട്ടുണ്ട്. 2004 ജൂലായ് 2-നാണ് വർക്കി നമ്മെ വിട്ടു പിരിഞ്ഞത്. ■



വർഷം മുഴുവൻ നിദ്രയിലാണ്ട് ചിത്രാപൗർണമിനാൾ മിഴിതുറക്കുന്ന ദേവിയെ കാണാനും ആ പ്രദേശമൊക്കെ ചുറ്റിക്കാണാനുമായി എല്ലാ വർഷവും നിരവധി സഞ്ചാരികൾ എത്തുന്നു

# അരണ്യശാന്തതയിലെ മംഗളാദേവി

പാണ്ഡ്യരാജ്ഞിയുടെ ചിലമ്പ് മോഷ്ടിച്ച കുറ്റം ചുമത്തപ്പെട്ട കോവലനെ വധിച്ചതിൽ കോപാന്ധയായ പത്നി കണ്ണകി, സംഹാരമൂർത്തിയായി മധുരാപുരി ചുട്ടെരിച്ച് ചോരകിനിയുന്ന അറ്റുപോയ മാറിടവും അഴിഞ്ഞ ചികുരഭരവുമായി പെരിയാർ വനത്തിലെ സുരുളി മലയിലെ( മുരുഗവേൽ കുണ്ട്രം) തിരുച്ചെങ്കുന്നിലെത്തി ഒരു വേങ്ങമരത്തിനു കീഴിൽ നിലയുറപ്പിച്ചു, വിണ്ണിലേക്കു വിടചൊല്ലിയ പതിയേയും കാത്ത്...

കുമളിയുടെ നിതാന്ത ശാന്തതയിൽ ആ കോപാഗ്നി ശമിച്ചുവെന്നും വിണ്ണിൽ നിന്ന് സുവർണരഥത്തിൽ ഭൂമിയിലെത്തിയ കോവലൻ കണ്ണകിയേയും കൊണ്ട് സ്വർലോകം പൂകിയെന്നുമാണ് വിശ്വാസം. ഒരു ചിത്രാപൗർണമി ദിവസമായിരുന്നു അത്. സീമന്തിനിയായ അവൾ വീണ്ടും കൈവളകളണിഞ്ഞു, പ്രതികാരാഗ്നിയിൽ ജ്വലിച്ച മനസ്സ് ആർദ്രമായി. ചിത്തിരമാസത്തിലെ പൗർണമിരാവുകളിൽ കോവലൻ കണ്ണകിയെത്തേടി വിണ്ണുതാണ്ടി വിജനമായ ഈ പുൽമേട്ടിലെത്തുമത്രെ.

പ്രതികാരത്തിന്റെ, സ്നേഹത്തിന്റെ, ഊഷ്മളതയുടെ, വാത്സല്യത്തിന്റെ, സ്ത്രീത്വത്തിന്റെ, പാതിവ്രത്യത്തിന്റെ, സഹനത്തിന്റെ ഒക്കെ പ്രതിരൂപമായി, കാലാന്തരങ്ങളെ അതിജീവിച്ച്, ഒടുവിൽ മാതൃത്വത്തിൽ വിളങ്ങി നിന്ന ഒരമ്മ- അതാണ് മംഗളാദേവി. ദൂരെദൂരെ മലമുകളിൽ സഞ്ചാരികളുടെ പദചലനങ്ങൾക്കായി



മംഗളാദേവിയിലെ തീർഥാടകർ

കാതോർത്ത്, സുരുളിമലയിൽ തന്നെത്തേടിയെത്തുന്ന കോവലനായുള്ള ഒരു വർഷം നീണ്ടുനിൽക്കുന്ന കാത്തിരിപ്പ്... നിതാന്തമായ ആ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് വർഷം തോറുമെത്തുന്ന ചിത്രാപൗർണമി.

ഏകാന്തതയുടെ ആ മുന്നൂറ്ററുപത്തഞ്ചേകാൽ ദിനരാത്രങ്ങൾ പിന്നിട്ട് ഒരോ സഞ്ചാരിയുമെത്തുമ്പോൾ കണ്ണകീദേവിയ്ക്കുണ്ടാകുന്ന ആത്മസാക്ഷാത്കാരം. കാലങ്ങളായി കാത്തിരുന്ന മക്കൾ മാതൃസന്നിധിയിലെത്തുമ്പോൾ അമ്മയ്ക്കുണ്ടാകുന്ന ആത്മനിർവൃതി പോലെ, ഇഷ്ടഭോജ്യങ്ങളുമൊരുക്കിയുള്ള ആ കാത്തിരിപ്പ്. അതാണ് മംഗളാദേവിയിലെത്തുമ്പോൾ അനുഭവപ്പെടുക.

സുരുളിമലമുകളിൽ നിന്നു നോക്കിയാൽ പൂർവഘട്ടത്തിന്റെ വിഹഗദൃശ്യവും തമിഴ്നാടൻ ഗ്രാമങ്ങളുടെ ചാരുതയും കാണാം. സമുദ്രനിരപ്പിൽ നിന്ന് 1337 മീറ്റർ ഉയരത്തിൽ കേരളത്തിന്റേയും തമിഴകത്തിന്റേയും അതിർത്തിയിലാണ് ഗതകാല പ്രൗഢി വിളിച്ചോതുന്ന ഈ കാനനക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഏപ്രിൽ -മെയ് മാസങ്ങളിൽ ചിത്രാപൗർണമി നാളിൽ മാത്രമാണ് ആളുകൾക്ക് പ്രവേശനം അനുവദിച്ചിട്ടുള്ളത്.



വർഷം മുഴുവൻ നിദ്രയിലാണ് ചിത്രാപൗർണമിനാൾ മിഴിതുറക്കുന്ന ദേവിയെ കാണാനും ആ പ്രദേശമൊക്കെ ചുറ്റിക്കാണാനുമായി എല്ലാ വർഷവും നിരവധി സഞ്ചാരികൾ എത്തുന്നു. ചിത്രാപൗർണമി ദിവസം രാവിലെ ആറുമണി മുതൽ വനപാലകർ തീർത്ഥാടകർക്കായി മംഗളാദേവിക്ഷേത്രത്തിലേക്കുള്ള കാനനപാത തുറന്നു കൊടുക്കും. കുമളി ബസ്സ്റ്റാന്റിൽ നിന്ന് ജീപ്പ് സർവീസുണ്ട്. അഞ്ചുമണിമുതൽ ആരംഭിച്ചതാണ് വാഹനത്തിനായുള്ള തീർത്ഥാടകരുടെ ഈ കാത്തിരിപ്പ്. ഇരുട്ടുനീങ്ങിത്തുടങ്ങുമ്പോഴേക്ക് വരിയ്ക്ക് നീളവും വണ്ണവും വെച്ചിരുന്നു. നീളംവെച്ചുവരുന്ന വരിയ്ക്കിടയിലേക്ക് തന്ത്രപൂർവം നുഴഞ്ഞുകടന്ന് ജീപ്പിൽ കയറിപറ്റുന്നവർ. പലയിടങ്ങളിൽ നിന്നുവന്നവർ സംഘങ്ങളായി ജീപ്പുകളിൽ കയറിപ്പറ്റുന്നു. എന്റെ ഊഴം വരുമ്പോഴേക്കും മിക്കവാറും അടുത്ത ഉത്സവമാകും. അവിടെ നിന്നു മടുത്തപ്പോൾ വരികൾക്കിടയിൽ നിന്ന് പുറത്തുകടന്ന് മത്സരിച്ചോടുന്ന വാഹനങ്ങൾക്കിടയിലൂടെ കൂർത്ത കല്ലുകളും കുഴികളുമുള്ള മലമ്പാതയിലൂടെ നടത്തമാരംഭിച്ചു. ഇരുവശത്തും പുൽമേടുകളും വൻമരങ്ങളും ചോലവനങ്ങളും പിന്നിട്ടുവേണം പോകാൻ.



## വനസ്ഥലിയിലൂടെ ഒരു കാൽനടയാത്ര

ജീപ്പുകൾ ഹെയർപിൻ വളവുകളിലൂടെ പൊടി പറത്തി ആടിയുലഞ്ഞ് കയറ്റം കയറി പായുന്നു. ദൂരെ കുറേയേറെ കുന്നുകൾക്ക് ഇടയിലുള്ള ഒരു കുന്നിന് മുകളിൽ ഉറുമ്പിൻകൂട്ടം പോലെ എന്തോ ചില നിഴലനക്കങ്ങൾ കണ്ടു. മലമുകളിൽ ചിത്രാപൗർണമി ദർശനത്തിനെത്തിയവരാണ്. ഞങ്ങൾക്കുപോകേണ്ട സ്ഥലം അതാണെന്ന് ആരോ കാണിച്ചുതന്നു. അത് കണ്ടപ്പോൾ തന്നെ മനസ്സിലൊരാവേശം അലയടിച്ചുയർന്നു.

പ്രകൃതിയുടെ കയറ്റിറക്കങ്ങളിലൂടെ ചെങ്കുത്തായ കാട്ടുപാതകൾ പിന്നിട്ട് കാൽനടയായി പതിനാലുകിലോമീറ്ററോളമുള്ള ദുർഘടമായ യാത്ര അതിസാഹസം തന്നെ. വിരലിലെണ്ണാവുന്ന സ്ത്രീകൾ മാത്രമേയുണ്ടായിരുന്നുള്ളൂ, നടക്കാൻ. കാൽനടക്കാരെ പിറകിലാക്കി, പുകയും പൊടിയും തുപ്പിക്കൊണ്ട് സഞ്ചാരികൾക്കുനേരെ പുച്ഛിച്ചുചിരിച്ചുകൊണ്ട് വാഹനങ്ങൾ ചീറിപ്പാഞ്ഞുപോയി. കൂട്ടത്തിൽ സർക്കാർ വാഹനങ്ങളുമുണ്ട്. വഴിയിലുടനീളം കുടിവെള്ളവും ചികിത്സാസംവിധാനങ്ങളും ആംബുലൻസും മറ്റുമുൾപ്പെടെ യാത്രികർക്കുവേണ്ടിയുള്ള സൗകര്യങ്ങളൊരുക്കാനുള്ള തത്രപ്പാടിലാണ് ആരോഗ്യവകുപ്പ്. സുരക്ഷാപരിശോധനയും ശക്തമാണ്. ബോംബ്സ്ക്വാഡും രംഗത്തുണ്ട്. മുമ്പിവിടെ തമിഴ്നാടും കേരളവും തമ്മിൽ അവകാശത്തർക്കമുണ്ടായിരുന്നതിനാൽ തീർത്ഥാടകരുടെ സുരക്ഷയിൽ ജാഗരൂകരാണ് അധികൃതർ.

നാടിന്റെ ചൂടും ചൂരുമൊന്നുമില്ലെങ്കിലും അധിവാസവും തീർത്ഥാടനവും കുമളിയേയും മലിനമാക്കിയിട്ടുണ്ട്. ആനകളും കാട്ടുപോത്തുമൊക്കെ ദാഹം തീർക്കാനെത്തുന്ന തടാകങ്ങളും നീരുറവകളുമൊക്കെ കണ്ടു. കൗതുകത്തോടെ കാട്ടിനകത്തേക്കെത്തി നോക്കി. കാട്ടാനപോയിട്ട് ഒരു കുഴിയാനപോലും ഉണ്ടെന്നു തോന്നുന്നില്ല. ഒരു ചെങ്കീരിയെ കണ്ടതുമാത്രം മിച്ചം. വാഹനങ്ങളുടെ ചീറിപ്പാച്ചിലിൽ മുഖരിതമായ കാട്ടുപാതകളിൽ നിന്ന് അവയെല്ലാം ഓടിയൊളിച്ചിട്ടുണ്ടാവണം. പ്ലാസ്റ്റിക് നിരോധനം ശക്തമാക്കിയിട്ടുണ്ട്. ഇത്തരം വൈകിയെത്തിയ നിരോധനങ്ങ





ളിലൂടെയെങ്കിലും കാടിന്റെ ജൈവത സജീവമാക്കി നിലനിർത്താനായെങ്കിൽ... അല്ലെങ്കിൽ തന്നെ ഈ കുളിരും നീർച്ചാലുകളും പച്ചപ്പുമൊക്കെ ഇനിയുമെത്രനാൾ? ആഗോളതാപമാപിനിയുടെ കയറ്റിറക്കങ്ങൾക്കായി കാതോർത്ത് കിടക്കുന്ന വനസ്ഥലികൾക്ക് ഇനിയുമൊരു അതിജീവനം സാധ്യമാവുമോ?

അതിരാവിലെ ആരംഭിച്ച യാത്ര അവസാനിച്ചത് ഒമ്പതുമണിയോടെയാണ്. കയറ്റം കയറി മലമുകളിലെത്തിയപ്പോൾ കണ്ടത് ഇടിഞ്ഞുപൊളിഞ്ഞ ഒരു കരിങ്കൽക്ഷേത്രം മാത്രം. ആയിരത്താണ്ടുകളുടെ പഴമയും ഗരിമയും പ്രൗഢിയുമൊക്കെ വിളിച്ചോതുന്ന ഒരു പുരാതനക്ഷേത്രം. കരിങ്കൽഫലകങ്ങൾ ചേർത്തുവെച്ച് കോട്ടയുടെ രീതിയിലാണ് ക്ഷേത്രം പണിതുയർത്തിയിട്ടുള്ളത്. ഉള്ളിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന മൂന്നാലു ക്ഷേത്രസമുച്ചയങ്ങൾ. ജീർണിച്ച് നിലംപരിശായ ഈ ശിലാശേഷിപ്പുകൾ മാത്രമാണുള്ളത്. പ്രകാരങ്ങളുടേയും മുഖമണ്ഡപങ്ങളുടേയും ശ്രീകോവിലിന്റേയും കമാനങ്ങളുടേയും അവശേഷിപ്പുകൾ. അതിൽ താൽക്കാലിക കുരുത്തോലപ്പന്തലുകളും തോരണങ്ങളും കൊണ്ട് ഉത്സവച്ഛായ പകർന്നിരിക്കുന്നു. ക്ഷേത്രത്തിനകത്ത് ആദ്യം കാണുന്നത് കറുപ്പസ്വാമിയുടെ കോവിലാണ്. ശിവപ്പെരുമാൾ, വിനായകൻ എന്നീ ഉപദൈവങ്ങളുമുണ്ട്. മംഗളാദേവിയുടെ കോവിൽ പാടെ നിലംപതിച്ചിരിക്കുന്നു. ചിത്രാപൗർണമിക്ക് പൂജനടത്തുന്ന പഞ്ചലോഹവിഗ്രഹം കമ്പത്തുനിന്ന് കൊണ്ടുവന്നതാണ്.

ഈ സമുച്ചയങ്ങളൊന്നിലെ ഇടനാഴിയിലൊരു നിലവറ ഇരുമ്പുചങ്ങലയിട്ട് സംരക്ഷിച്ചിരിക്കുന്നു. കൃഷ്ണപ്പെരുമാളിന്റേതെന്നു വിശ്വസിക്കുന്ന കൂട്ടത്തിൽ വലിയ നാശമില്ലാത്ത കോവിലിനടിയിൽ മധുരമീനാക്ഷിക്ഷേത്രത്തിലേക്കും പാണ്ഡ്യരാജധാനിയിലേക്കും എത്താനുള്ള തുരങ്കമുണ്ട്. മധുരയിൽ നിന്നും കണ്ണകി കടന്നുവന്നതെന്ന് വിശ്വസിക്കപ്പെടുന്ന ഈ തുരങ്കമിപ്പോൾ മണ്ണടിഞ്ഞുനശിച്ചുപോയിരിക്കുന്നു.

ഒറ്റച്ചിലമ്പണിഞ്ഞ് ക്രോധാഗ്നിയെ സ്നേഹാഗ്നിയായിമാറ്റിയ കണ്ണകിയുടെ തകർന്ന വിഗ്രഹം...അതോ തകർത്തതോ? വൈകല്യം ബാധിച്ച സമൂഹത്തിനും അധികാരദുരാഗ്രഹികൾക്കും നേരെ തകർന്നുപോയ ഈ ദേവീരൂപം കൊഞ്ഞനം കുത്തുന്നു.

## തമിഴകത്തിന്റെ കണ്ണകി, കേരളത്തിന്റെ ദുർഗ

ഒരുകാലിൽ ചിലമ്പണിഞ്ഞ, അരയ്ക്കുമുകളിൽ ശൂന്യമായ ഒറ്റക്കൽപ്രതിമ മാത്രമാണ് കണ്ണകീപ്രതിഷ്ഠയിലേക്ക് വിരൽ ചൂണ്ടുന്നത്. കേരളവും തമിഴകവും സംയുക്തമായാണ് ഉത്സവം സംഘടിപ്പിക്കുന്നത്. തമിഴർ കണ്ണകിയായും മലയാളികൾ ദുർഗയായും വെവ്വേറെ ഇടങ്ങളിൽ പൂജ നടത്തുന്നു. പാതിവൃത്യത്തിന്റെ മൂർത്തീരൂപമായ കണ്ണകിക്കുമുന്നിൽ കുപ്പിവളകളും മഞ്ഞൾതാലിയും പൂജിച്ചണിയുന്ന തമിഴ്സ്ത്രീകൾ. പൊങ്കാലയടുപ്പുകൂട്ടുന്ന കേരളീയ വനിതകൾ. കമ്പത്തുള്ള കണ്ണകിയമ്മൻ ട്രസ്റ്റ് പ്രവർത്തകർ മഞ്ഞക്കുപ്പായമിട്ട് അന്നദാനവുമായി ഓടിനടക്കുന്നു. പേരറിയാത്ത പ്രതിഷ്ഠകൾക്കു മുന്നിൽ പ്രണമിച്ചുകൊണ്ട് കടന്നുപോകുന്ന തീർത്ഥാടകസംഘങ്ങൾ.

മംഗളാദേവിയിലെ പൗരാണികക്ഷേത്രത്തിന് 2000 വർഷത്തെ പഴക്കമുണ്ട്. ക്ഷേത്രസംബന്ധമായി മതിയായ രേഖകളൊന്നും ഇന്നേവരെ ലഭിച്ചിട്ടില്ല. നാട്ടുകാർ വിശ്വസിക്കുന്നത് പുരാതന തമിഴകത്തെ ചേരരാജാവായ ചെങ്കുട്ടുവനാണ് അനുജൻ ഇളങ്കോ അനശ്വരമാക്കിയ കണ്ണകിക്കുവേണ്ടി ക്ഷേത്രം നിർമിച്ചതെന്നാണ്. പെരിയാർ തീരത്ത് ചേരൻ ചെങ്കുട്ടുവനൊപ്പമെത്തിയ ഇളമുറത്തമ്പുരാൻ ഇളങ്കോ, കുലവണിഗ സാത്തനാരിൽ നിന്ന് കേട്ടറിഞ്ഞ കണ്ണകീചരിതം ചിലപ്പതികാരകാവ്യത്തിലാക്കി; ചേരരാജൻ അനുജന്റെ അനശ്വരകാവ്യം ശിലാകാവ്യമാക്കി. ചെത്തിമിനുക്കിയ ശിലാപാളികൾ കൊണ്ട് പാണ്ഡ്യശില്പകലാശൈലിയിലാണ് ക്ഷേത്രം നിർമിച്ചിരിക്കുന്നത്. വിഗ്രഹം ഹിമാലയത്തിൽ നിന്ന് കൊണ്ടുവന്ന ശില കൊണ്ടാണ് നിർമിച്ചിട്ടുള്ളത്. കല്ലിൽ കൊത്തിയെടുത്ത കണ്ണകീചരിതത്തിന്റെ ശില്പചാതുരി മനോഹരമാണ്. ഗജബാഹുകഗാമിനി എന്നറിയപ്പെടുന്ന ലങ്കൻ രാജാവ് ഗജബാഹുവിനെപോലുള്ള പ്രമുഖർ വിഗ്രഹപ്രതിഷ്ഠാവേളയിൽ പങ്കെടുത്തിരുന്നതായി (c.114 - 136 CE) വിശ്വസിക്കുന്നു.

ചേരരാജാക്കൻമാരുടെ അധീനതയിലുണ്ടായിരുന്ന പ്രദേശം പൂഞ്ഞാർ രാജവംശം അധികാരത്തിലേറിയതോടെ പ്രൗഢിയും പ്രശസ്തിയും ക്ഷയിച്ച് നാശോന്മുഖമായി. കണ്ണകീദേവിയെപ്പോലെത്തന്നെ ക്ഷേത്രവും അവഗണനയിലായി. പിന്നീടത് കാട്ടുകളളൻമാരുടെ ആവാസകേന്ദ്രമായി. നിധിയെടുക്കാനും മറ്റുമായി സാമൂഹികവിരുദ്ധരുടെ അഴിഞ്ഞാട്ടമൊന്നു വേറെയും. ഇവരെല്ലാം ചേർന്ന് ക്ഷേത്രം തകർത്തെന്നു വേണം കരുതാൻ. എഴുപതുകളോടെയാണ് ക്ഷേത്രം അധികൃതരുടെ ശ്രദ്ധയിൽപെടുന്നത്. കേരളമണ്ണിൽ തമിഴ്നാട്ടുകാർ ആരാധന നടത്തുന്നുണ്ടെന്ന് കേട്ടറിഞ്ഞ അധികാരികൾ സ്വതന്ത്രസഞ്ചാരത്തിന് നിയന്ത്രണമേർപ്പെടുത്തുകയായിരുന്നു.

പെരിയാർ കടുവ സംരക്ഷണകേന്ദ്ര



ത്തിനുള്ളിലാണ് ക്ഷേത്രം. റവന്യൂ-ഫോറസ്റ്റ്-ഹെൽത്ത് വകുപ്പുകൾ സുഗമമായ ക്ഷേത്രദർശനത്തിന് അവസരമൊരുക്കുന്നു. വണ്ണാത്തിപ്പാറ എന്നും കണ്ണകി കോട്ടമെന്നും മംഗളാദേവി കണ്ണകി ക്ഷേത്രമെന്നും അറിയപ്പെടുന്ന സ്ഥലത്ത് മുമ്പ് പതിവായി പൂജാദികർമങ്ങൾ നടന്നിരുന്നു. ഇന്ന് ചിത്രാപൗർണമി നാളിൽ മാത്രമേ നട തുറക്കുകയുള്ളൂ. മറ്റു ദിവസങ്ങളിൽ പ്രവേശനത്തിന് തേക്കടി വൈൽഡ് ലൈഫ് വാർഡന്റെ അനുമതി ലഭിക്കണം.

തമിഴ്നാടിലെ കമ്പം, തേനി, ഗൂഡല്ലൂർ, വൈഗാനദി, കേരളത്തിലെ മുല്ലപ്പെരിയാർ, കുമളി എന്നിവ അതിർവരമ്പുകളിടുന്ന ഈ പ്രദേശം കുമളി-തേക്കടി റേഞ്ചിനകത്ത് അമ്പത്തിനാലുസെന്റിലാണ് സ്ഥിതി ചെയ്യുന്നത്. റവന്യൂ-പോലീസ് എന്നിവരുടെ സഹകരണത്തിൽ കമ്പം-തേനി-ഇടുക്കി ജില്ലാ കലക്ടർമാരാണ് ഉത്സവത്തിന്റെ പ്രധാന നടത്തിപ്പുകാർ. അതിനുവേണ്ട അണിയറയൊരുക്കങ്ങൾ നടത്തുന്നതാകട്ടെ വനം വകുപ്പും. വനമേഖലയ്ക്കകത്തായതിനാൽ ഉത്സവത്തിന് കൊട്ടും പാട്ടും ശബ്ദഘോഷങ്ങൾക്കുമൊക്കെ നിരോധനമുണ്ടെന്നു തോന്നുന്നു. എങ്കിലും തമിഴ്സ്റ്റൈലിൽ താളമേളങ്ങളില്ലാത്ത വിൽപ്പാട്ടും കുംഭകൊടം ചാടലും കേരളരീതിയിൽ പൊങ്കാലയിടലുമൊക്കെ നിശ്ശബ്ദമായിത്തന്നെ അരങ്ങേറുന്നുണ്ട്. ഗൂഡല്ലൂർ കണ്ണകിയമ്മൻ കോവിലിൽ നിന്ന് ഇരുപതുനാളത്തെ വ്രതമെടുപ്പിന് ശേഷമാണ് ഭക്തർ ഉത്സവത്തിനെത്തുന്നത്. തർക്കഭൂമിയിൽ ഇരുസംസ്ഥാനക്കാരും ഒത്തൊരുമയോടെ പൂജ നടത്തുമ്പോൾ മേളവും മേളപ്പെരുക്കവുമൊക്കെ വിസ്മൃതിയിലാണ്ടുപോകുന്നു.

തമിഴ്നാട്ടിലെ തേനിയിൽ നിന്ന് 63 കി.മീയും കൊച്ചി എയർപോർട്ടിൽ നിന്ന് 140 കി.മീ. യും കോട്ടയം റെയിൽവേ സ്റ്റേഷനിൽ നിന്ന് 107 കി.മീ. ദൂരവുമുണ്ട് ഇവിടെയെത്താൻ. തേനി ജില്ലയിലെ പഴിയങ്കുടിയിൽ നിന്ന് ഏഴ് കി.മീറ്ററും ഇടുക്കിയിലെ തേക്കടിയിൽ നിന്ന് 15 കി.മീറ്ററും അകലം. മധുരയിൽ നിന്നും കമ്പത്തുനിന്നുമൊക്കെ മഞ്ഞ വസ്ത്രങ്ങളുമായി തീർത്ഥാടകരെത്തുന്നു. ക്ഷേത്രത്തിലെ പ്രസാദവും സന്നദ്ധപ്രവർത്തകർ വിതരണം ചെയ്യുന്ന അന്നദാനവുമെല്ലാം സഞ്ചാരികളുടെ വിശപ്പടക്കി. കമ്പത്തുനിന്ന് ട്രാക്ടറുകളിൽ സ്വാദിഷ്ഠമായ തമിഴ്വിഭവങ്ങൾ കൊണ്ടുവരുന്നു. കോട്ടയത്തെ കണ്ണകി ട്രസ്റ്റും ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്. നാലുമണിയോടെ ഉത്സവാഘോഷങ്ങൾക്ക് വിരാമമിട്ടുകൊണ്ട് സഞ്ചാരികളെ പടിയിറക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു അധികൃതർ. അതിനുമുന്നോടിയായി രണ്ടുമണിയ്ക്കുതന്നെ താഴെ നിന്ന് സഞ്ചാരികളെ വഹിച്ചുകൊണ്ടുള്ള വാഹനങ്ങൾ നിർത്തിയിരുന്നു.

വെന്തുരുകുന്ന വേനൽ ചൂടിൽ നിന്നൊരു മോചനം. ആശ്വാസദായകമായ കുളിര് മെയ്യിനും സുഖകരമായ തണുപ്പ് മനസ്സിനും. ചിത്രാപൗർണമിരാവിന്റെ കുളിരും നുണഞ്ഞ് നറുനിലാവിൽ കുളിച്ചുനിൽക്കുന്ന മംഗളാദേവിയുടെ മുഗ്ധലാവണ്യവും നുകർന്ന് രാവെളുക്കുവോളം പൗർണമിത്തിങ്കളേയും നോക്കിയിരിക്കാൻ കഴിഞ്ഞെങ്കിൽ...വെറുതെ ആശിക്കാനെങ്കിലും! ഗൃഹാതുരത തിങ്ങും മനസ്സുമായ് സഞ്ചാരികൾ വനമധ്യത്തിലെ മഞ്ഞുപെയ്യും രാവിനെക്കുറിച്ചോർത്ത് പതിയെ കുന്നിറങ്ങുമ്പോഴേക്കും നിറഞ്ഞ മനസ്സോടെ അടുത്ത പൗർണമിയെ വരവേൽക്കാനായി ദേവി കാത്തിരിപ്പ് തുടങ്ങിയിരുന്നു.



സൂര്യൻ ആകാശമിറങ്ങിത്തുടങ്ങുമ്പോൾ അഞ്ചുമണിയോടെ തീർഥാടകരെ വനപാലകർ ഒഴിപ്പിച്ചുതുടങ്ങും. പൗർണമിനിലാവിൽ നീരാടാനെത്തുന്ന മംഗളാദേവിക്കുവേണ്ടി വഴിമാറിക്കൊടുത്തുകൊണ്ട് ഞങ്ങൾ-തീർത്ഥാടകർ, മലയിറങ്ങിത്തുടങ്ങി. തിരിഞ്ഞുനോക്കുമ്പോൾ മന്ദസ്മിതത്തോടെ ഒരുകൊല്ലത്തെ കാത്തിരിപ്പിന്റെ നിദ്രയിലേക്ക് ദേവി വിലയം പ്രാപിച്ചു കഴിഞ്ഞിരുന്നു. ■

■ ടി.വി. അബ്ദുറഹിമാൻകുട്ടി

# പുണ്യം പൂത്തുലയുന്ന പെരുന്നാൾ ഓർമകൾ



**അരനൂറ്റാണ്ടുമുമ്പുള്ള പൊന്നാനിയിലെ പെരുന്നാൾക്കാലത്തിന്റെ ഓർമകളിലൂടെ ഒരു യാത്ര**

പൊന്നാനി വലിയ ജാറം തറവാട്

ത്യാഗത്തിന്റെയും വിശുദ്ധിയുടെയും റംസാൻ മാസത്തിലെ ദിനരാത്രങ്ങൾ ഒരിക്കൽകൂടി ആഗതമായി. അഞ്ച് പതിറ്റാണ്ട് മുമ്പ് പൊന്നാനി ടി.ഐ.യു.പി. സ്കൂളിൽ പഠിക്കുന്ന സമയത്ത് സഹപാഠികളുമൊത്ത് ആഴ്ചകൾക്ക് മുമ്പെ റംസാൻ മാസത്തിന്റെ ആരംഭം പ്രതീക്ഷിച്ച് കൈവിരലുകൾ മടക്കി ദിവസങ്ങൾ 'എണ്ണി' തിട്ടപ്പെടുത്തിയിരുന്ന പുണ്യത്തിന്റെ പൂക്കാലമായ നോമ്പിനെ കുറിച്ചുള്ള ആദ്യ ഓർമകൾ. അക്കാലത്ത് ഇവിടത്തെ സ്കൂളുകൾ മദ്ധ്യ വേനലവധി രണ്ടായി ഭാഗിച്ച് മുസ്‌ലിം കലണ്ടറനുസരിച്ച് റംസാൻ നോമ്പിനും ചെറിയ പെരുനാളിനും കൂടി ഒരു മാസത്തിലധികം ഒഴിവ് നൽകിയിരുന്നു. അതായിരുന്നു വിദ്യാഭ്യാസ വർഷത്തിലെ ദൈർഘ്യമുള്ള അവധിയും. പലർക്കും പട്ടിണിയുടെയും പരിവട്ടത്തിന്റെയും നാളുകളായിരുന്നുവെങ്കിലും റംസാൻ മാസം കുട്ടികളായ ഞങ്ങൾക്ക് അതിരറ്റ ഭയഭക്തിയുടെയും സന്തോഷത്തിന്റെയും ദിനങ്ങളായിരുന്നു.

ശഅബാൻ മാസം ആദ്യം മുതൽ തന്നെ പള്ളികളും വീടുകളും വെള്ള പൂശി അടിച്ചുതെളിയും ശുദ്ധീകരണവും നടത്തും. വീട്ടിന്റെ മുക്കും മൂലയും കുഞ്ഞിക്കയിൽ മുതൽ ചെമ്പുപാത്ര സാമാനങ്ങൾവരെ സകലമാനം സ്പർശിക്കുന്ന രീതിയിലായിരുന്നു കൊല്ലത്തിൽ ഒരിക്കലുള്ള ഈ ശുദ്ധീകരണം.

കേരളത്തിൽ മറ്റെവിടെയും കാണാത്ത പൊലിവും ആചാരാനുഷ്ഠാനങ്ങളും മാമൂലുകളും പൊന്നാനിയിലെ വേറിട്ട പതിവ് കാഴ്ചകളായിരുന്നു. മുതിർന്നവരും കുട്ടികളും പുണ്യമാസം ഉൾക്കൊള്ളാൻ മനസാ വാചാ കർമണാ സജ്ജരായിരിക്കും. എല്ലാ വീട്ടുകാരും ഉൽസാഹത്തോടെ നോമ്പിനായുള്ള ഒരുക്കങ്ങൾ ആരംഭിക്കും. കുഞ്ഞൻ നോമ്പുതുറ, വലിയ നോമ്പുതുറ, മുത്താഴം, അത്താഴം എന്നിങ്ങനെ രാത്രി ഭക്ഷണസമയം ക്രമീകരിക്കും.

## നോമ്പിന്റെ ചിട്ടവട്ടങ്ങൾ

നഗരത്തിലെ തറവാട്ടുകാർക്ക് നോമ്പിന്റെ ചിട്ടവട്ടങ്ങൾ ഒന്ന് വേറെ തന്നെയാണ്. ഭാഗികമായി മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്ന ഇവിടെ പുതിയാപ്ലമാർ ഭാര്യ വീട്ടിലാണ് അന്തിയുറങ്ങാറ്. ഭർത്താക്കാന്മാരുടെ വകയായുള്ള മാമൂലുകൾ റംസാന് മുമ്പെ ഭാര്യവീട്ടിലെത്തിക്കും. ഒരു ചാക്ക് അരി, വിറകിന് ആയിരം തേങ്ങ ചകിരി, ഉപ്പു തൊട്ട് കർപ്പൂരം വരെയുള്ള പലവ്യഞ്ജനങ്ങൾ എന്നിവ നിർബന്ധം. അങ്ങാടിയിലെ മൊത്തക്കച്ചവടക്കാരായ ജാവാ കമ്പനിയും ബിസ്മി കമ്പനിയും കുഞ്ഞീനിക്കയുടെയും മായീനിക്കയുടെയും വി.എം. കുഞ്ഞാക്കയുടെയും ഹോൾസെയിൽ പലചരക്കുകടകൾ സജീവമാകും. ചാവക്കാട്, തിരൂർ വരെയുള്ള ഉൾനാട്ടുകാർ സാധനങ്ങൾ വാങ്ങി കനോലികനാലിലൂടെ കെട്ടുവള്ളങ്ങളിലാണ് കൊണ്ടുപോയിരുന്നത്.

അത്താഴം പാകം ചെയ്യാൻ സ്പെഷ്യൽ വേലക്കാരികളെ നിയോഗിക്കും. ഭാര്യ വീട്ടിൽ നിന്ന് അത്താഴം കഴിക്കുകയാണെങ്കിൽ

മാമൂലുകൾ കൂടുതൽ കൊടുത്തയക്കണം. റംസാൻ ഇരുപത് കഴിഞ്ഞാൽ വധുവിന്റെ വീട്ടിലെ വേലക്കാരികൾക്കടക്കം പുതു വസ്ത്രം എത്തിക്കണം. ഓരോരുത്തരുടെ സാമ്പത്തിക ശേഷിക്കനുസരിച്ച് പെരുന്നാൾ ചിലവിലേക്കായി കൂടുതൽ തുക വെറെയും നൽകണം. പകരമെന്നോണം പുതിയാപ്ലമാർക്ക് കുഞ്ഞൻ നോമ്പുതുറ(കുടിവെള്ളം) അവരുടെ തറവാടുകളിലേക്ക് കൊടുത്തയക്കും; കച്ചവടക്കാരാണെങ്കിൽ കടകളിലേക്ക് എത്തിക്കണം. ചില പ്രത്യേക ദിവസങ്ങളിൽ മുത്താഴവും കൊടുത്തയക്കും.

പുതിയാപ്ലള സൽക്കാരത്തിന്റെ അവസരമാണ് നോമ്പിന്റെ ആദ്യപത്തുദിവസങ്ങൾ. പുതിയാപ്പിളയെ പ്രത്യേകമായി ക്ഷണിക്കും. ഈ ദിനങ്ങളിൽ തീൻ സുപ്രയും ഭർത്തൃഗൃഹങ്ങളിലേക്ക് കൊടുത്തയക്കുന്ന നോമ്പ് തുറയും, മുത്താഴവും വിഭവ സമൃദ്ധമായിരിക്കും. മുട്ടമാല, മുട്ട സുർക്ക, കോഴിയട, ചിരട്ടമാല, ഇറച്ചി പത്തിരി, പാലട, വാഴക്ക നിറച്ചത്, മടക്ക് പത്തിരി, മയ്യത്തപ്പം, കിട്ത, കാരക്കപ്പം, തരിക്കേക്ക്, ബിസ്ക്കറ്റപ്പം, അല്ലാഹുഅത്‌ലം തുടങ്ങിയ വിവിധ തരം സ്വാദിഷ്ട പലഹാരങ്ങളാൽ സുപ്രകളും പാത്രങ്ങളും നിറയും.

‘അസ്വൗമുലീ വഅനല്ലദീ അജ്സിഇബീ’-നോമ്പ് എനിക്കുമാത്രമുള്ളതാണ് അതിന്റെ പ്രതിഫലംഞാൻ നൽകും. എന്ന ദൈവിക വചനം നമസ്കാരം ഒഴിച്ചുള്ള ഇതര അനുഷ്ഠാന കർമങ്ങളെക്കാൾ നോമ്പിന്റെ മഹത്വം വിളിച്ചോതുന്നു. നോമ്പ് നോറ്റ് പരിചയമില്ലാത്ത കുഞ്ഞുനാളിൽ പരിശീലനത്തിനായി ഉച്ചവരെ നോമ്പെടുപ്പിക്കും. രണ്ട് ദിവസം ഉച്ചവരെ നോമ്പെടുത്താൽ ഒരു നോമ്പാവുമെന്നാണ് ഉമ്മപറഞ്ഞുതന്ന കുറുംകൗശലം. ആ ദിവസങ്ങളിൽ ഉച്ചക്ക് നോമ്പ് മുറിച്ചാൽ തലേ ദിവസത്തെ പഴഞ്ചോറും പുളിച്ച കറിയുമാണ് ലഭിക്കുക. കൂട്ടാൻചട്ടിയിൽ കൂട്ടിക്കുഴച്ചുള്ള ആ ചോറിന്റെ ഓരോ ഉരുളയും അത്താഴച്ചോറിനേക്കാൾ സ്വാദിഷ്ടമായിരുന്നു.

ചെറിയ പെരുന്നാളിന് ശേഷം ആറു നോമ്പ് കഴിഞ്ഞ് ഓത്തുപള്ളിയിലും സ്കൂളിലും ക്ലാസ്സുകൾ സാധാരണ നിലയിലായാൽ നോറ്റ നോമ്പുകളുടെ എണ്ണം അഭിമാനത്തോടെ ഞങ്ങൾ വിളിച്ചുപറയും.

## നറുമണമുയരുന്ന ഓർമകൾ

അസർ നമസ്ക്കാരം കഴിഞ്ഞാൽ നോമ്പ് തുറയുടെ സമയം പ്രതീക്ഷിച്ചായിരിക്കും കാത്തിരിപ്പ്. മിക്കവാറും കൂട്ടുകാരുമൊത്ത് കടൽ തീരത്തേക്ക് പോയി സൂര്യാസ്തമയത്തിന് അൽപം മുമ്പുള്ള തിരിച്ചുവരവായിരുന്നു പ്രധാന നേരംപോക്ക്. അന്ന് കടപ്പുറം വിശാലവും വിജനവുമായിരുന്നു. കുഞ്ഞു കാലുകൾക്കൊണ്ട് നടന്ന ക്ഷീണം മാറ്റാൻ കടലിനടുത്തായിരുന്നിട്ടു കൂടി ഉപ്പ് രസം ചേരാത്ത ജലാശയങ്ങൾ(ആവികൾ) ആയിരുന്നു തെല്ലൊരു ആശ്വാസം.

ഉച്ചതിരിഞ്ഞാൽ അടുക്കളയിൽ നിന്ന് ഉയർന്ന് വരുന്ന കറിക്കൂട്ടുകളുടെ നറുമണവും ശറഫുറ്റ ദിവസങ്ങളിൽ ഉമ്മ പ്രത്യേകം തയാറാക്കി തന്നിരുന്ന മധുര പലഹാരങ്ങളുടെയും ബാപ്പ പള്ളിയിൽ നിന്ന് വിതരണം ചെയ്തിരുന്ന ചീരണിയുടെയും രുചി ആലോചിക്കുമ്പോൾ ഇന്നും നാവിൽ നിന്ന് വെള്ളമൂറും. ഇത്തരം വേളകളിൽ കോമു മുക്രിക്ക ബാപ്പയെ സഹായിക്കാൻ സന്നദ്ധനായി വരും.

തേങ്ങാപാൽ പുരട്ടിയ നേരിയ പത്തിരിയും ഇറച്ചിക്കറിയും ജീരകകഞ്ഞിയും പച്ചപ്പഴം വരട്ടിയതും ചെറുമീൻ മുളകിട്ട കറിയുമാണ് ഉമ്മ നോമ്പ് തുറക്കുന്നതിന് ഒരുക്കുന്ന മറ്റൊരു പധാന വിഭവം. ഇന്നത്തെപ്പോലെ ഇറച്ചിക്കോഴികൾ സുലഭമായിരുന്നില്ല. ദഹനത്തിനും ക്ഷീണമകറ്റാനും ഉതകുന്ന ഔഷധ വീര്യമുള്ള ജീരകക്കഞ്ഞി നോമ്പുതുറയിലെ പ്രധാന ഇനമാണ്. പഴുത്ത പഴവും അൽപം നെയ്യും പഞ്ചസാരയും ചേർത്തായിരിക്കും മിക്കവാറും അത്താഴച്ചോറിന്റെ അവസാന ഉരുളകൾ.

തറാവീഹ് നമസ്കാരം കഴിഞ്ഞാൽ അർധരാത്രി രണ്ടുമണിക്ക് അത്താഴം കഴിക്കുന്നതുവരെ ഉറങ്ങാറില്ല. സമയം തള്ളിനീക്കാനുള്ള നേരംപോക്ക് മുത്താഴക്കുറ്റികളാണ്. മൂപ്പെത്തിയ മുളയുടെ അടിഭാഗം മൂന്നരയടി നീളത്തിൽ മുറിച്ച് ചൂടിക്കയർ കെട്ടിവരിഞ്ഞ് നിർമിച്ച മുത്തായ കുറ്റികളുടെ കിടപ്പ് കണ്ടാൽ പീരങ്കിയുടെ ചെറിയ രൂപമാണെന്നേ തോന്നൂ. അടിഭാഗത്തെ ചെറിയ ദ്വാരത്തിലൂടെ മണ്ണെണ്ണ ഒഴിച്ച് ചൂടാക്കി ഊതി തീകൊളുത്തിയാൽ പരിസരമാകെ മുഖരിതമാകും.

## സാഹോദര്യവും സമത്വവും

നോമ്പുതുറയ്ക്കും അത്താഴത്തിനും ശബരിമലനാളുകളിൽ പുലർച്ചെയും സൈറൻ മുഴങ്ങും ആ കൃത്യം നിർവഹിക്കാനുള്ള ചുമതല പഞ്ചായത്ത് നൽകിയത് പാതാറിലെ ഇബ്രാഹിംമൂപ്പനെയാണ്. ഇന്നത്തെ പോലെയുള്ള സമൂഹ നോമ്പുതുറ പള്ളികളിൽ കുറവായിരുന്നു. ചില പള്ളികളിൽ കാരക്കയും വെള്ളവും മറ്റിടങ്ങളിൽ മൺകലത്തിലുള്ള ശുദ്ധജലവും മാത്രമെ ഉണ്ടാകൂ. വീടുകളിൽ ചെറിയ നോമ്പുതുറയ്ക്ക് പഴ വർഗങ്ങൾക്ക് പകരം പൊരിച്ച പലഹാരങ്ങളും തരിക്കഞ്ഞിയുമാണ് മുഖ്യയിനം. അന്നും ഇന്നും പൊന്നാനിയുടെ ദേശീയ പലഹാരമായ മുട്ടചേർക്കാത്ത മുട്ടപ്പത്തിരിയും സ്ഥാനം പിടിക്കും. മസാലവടയും, നേരിയ പത്തിരിയും ചേർന്നാൽ അതിന്റെ രുചി ഒന്നു വേറെ തന്നെയാണ്. പടാപ്പുറത്തും കൊട്ടിലിലും പായ വിരിച്ച് സുപ്രക്ക് ചുറ്റും വട്ടം വളഞ്ഞിരുന്ന് ചുരുങ്ങിയത് പത്ത് പേർക്കെങ്കിലും ഒരുമിച്ച് ഭക്ഷണം കഴിക്കാവുന്ന വലിയ പാത്രത്തിൽ നി



ന്നായിരുന്നു വീടുകളിലെ നോമ്പുതുറ. ജാതിപ്പിശാച് മുക്കിലും മൂലയിലും അടക്കിവാണിരുന്ന അക്കാലത്ത് മുതലാളിയും തൊഴിലാളികളും കുടുംബാംഗങ്ങളും ഒന്നിച്ചിരുന്ന് ഒരേ പാത്രത്തിൽ നിന്നാണ് നോമ്പുതുറ. ഇത് മുസ്‌ലിം സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും മായാമുദ്രകളാണ്.

തറാവീഹ് നമസ്കാരത്തിന് ശേഷം സൗഹൃദ കൂട്ടായ്മയായി സ്വാദിഷ്ട വിഭവങ്ങളാൽ മുത്താഴ സദസ്സുകൾ സജീവമാകും. ബീഡി തെറുപ്പ് വ്യാപകമായിരുന്ന അക്കാലത്ത് വാസന പുകയില ബീഡി റംസാൻ സ്പെഷലായി സുലഭമായി വിപണിയിൽ ലഭിക്കും. തറാവീഹിന് ശേഷം നാട്ടു കാരണവന്മാരുടെ സദസ്സുകളിൽ വാസന പുകയിലയും മറ്റിനങ്ങളും ചേർത്ത ഹുക്കകളും സ്ഥാനം പിടിച്ചിരുന്നു.

തറാവീഹിന് 'അലം തറ കൈഫ' മുതൽ 'സൂറത്തുന്നാസ്' വരെ ചെറിയ സൂറത്തുകളാണ് ഓതാറ്. ചില ദിവസങ്ങളിൽ സൂറത്തുറഹ്മാനും, വാകിഅത്തും ഓതും. ഇന്നത്തെ പോലെ ഖുറാൻ പൂർണമായും മനഃപാഠമാക്കിയ ഹാഫിസീങ്ങളെ പള്ളികളിൽ നിയമിക്കുന്ന പതിവില്ല. ചില വീടുകളിൽ തറാവീഹ് നമസ്ക്കാരത്തിന് സ്ത്രീകൾക്കായുള്ള ജമാഅത്ത് സംഘടിപ്പിക്കാറുണ്ട്. അപൂർവം വീട്ടുകാർ അഞ്ച് വകത്ത് നമസ്ക്കാരങ്ങൾക്കും ഈ പതിവ് തുടരാറുണ്ട്.

സമ്പന്നർ മൊത്തവ്യാപാരത്തിലും സ്റ്റേഷനറി ഷോപ്പുകളിലും ഏർപ്പെട്ടപ്പോൾ സാധാരണക്കാർ ഇടത്തരം കച്ചവടത്തിലും പീടിക തൊഴിലിലും ചുമട്ടു തൊഴിലിലും ബീഡിതെറുപ്പിലും മറ്റുജോലികളിലും വ്യാപൃതരായി. അപ്പം പൊരിച്ച് വിൽക്കലും ആടുവളർത്തി പാൽ വിതരണവും ബീഡിതെറുപ്പും മുസ്‌ലിം സ്ത്രീകളുടെ കുടിൽ വ്യവസായമായിരുന്നു. കടലിൽ മത്സ്യബന്ധനം നടത്തിയും വെണ്ണീർകോരിയും പുഴയിലിറങ്ങി കക്കവാരിയും പൊടിച്ചെമ്മീൻ അരിച്ചും ചെറുവഞ്ചികളിൽ പോയി വലവീശിയും കയർ പിരിച്ചും ഓല മെടഞ്ഞും വഞ്ചികുത്തിയും ഉപജീവനം കഴിച്ചിരുന്ന ഒരു തലമുറ ഇവിടത്തെ കടലോരത്തും പുഴയോരത്തും കനാലോരത്തും കായലോരത്തും ജീവിച്ചിരുന്നു. ഒരു നേരവും രണ്ടു നേരവും കഞ്ഞികുടിച്ചപ്പോഴും അർധപട്ടിണിയിലും മുഴുപട്ടിണിയിലും ഓലപ്പുരകളിലും ചെറ്റപ്പുരകളിലും ഓട് വീടുകളിലും അന്തിയുറങ്ങിയപ്പോഴും ദുരിതങ്ങളുടെ തിരയടിയിലും റംസാന്റെ പൊലിവും ആദരവും സംസ്കൃതിയും അവർ കൈ വെടിഞ്ഞില്ല.

## ലൈലത്തുൽ ഖദർരാവിലേക്ക്

ദിവസവും വീടുകൾ തോറും മൊല്ലാമാരുടെ ഖത്തം ഓത്ത് (ഖുർആൻ പാരായണം) വ്യാപകമായിരുന്നു. ഖുർആൻ ഹിസ്ബ് ക്ലാസുകൾ പള്ളികളിലും സംഘടനകളുടെ നിയന്ത്രണത്തിലും സജീവമായിരുന്നു. മദ്രസകൾ കുറവായിരുന്ന അക്കാലത്ത് തജ്‌വീദ് അനുസരിച്ചുള്ള ഖുർആൻ പഠനം സജീവമായിരുന്നത് ഇത്തരം ക്ലാസുകളിലൂടെയായിരുന്നു. മുസ്‌ലിം സാംസ്കാരിക സംഘടനകളുടെ കീഴിൽ കഞ്ഞി



പാർച്ചയും വസ്ത്രവിതരണവും നടന്നിരുന്നു. റിലീഫ് വ്യാപകമല്ലാത്ത അക്കാലത്ത് വലിയ കാര്യങ്ങളായിരുന്നു അതെല്ലാം. പതിനാറാം ഖുനൂത്ത് ഇരുപത്തിഒന്നാം രാവ്, ഇരുപത്തിയേഴാം രാവ് തുടങ്ങിയവയായിരുന്നു പ്രത്യേക ദിനങ്ങൾ.

അവസാന പത്തായാൽ ദിന രാത്രങ്ങളുടെ വേഗത വർധിച്ചതായി തോന്നും. വലിയ പള്ളിയിൽ വിവിധ നാടുകളിൽ നിന്ന് ഇഅ്തികാഫ് (ഭജന) ഇരിക്കാൻ ഭക്തർ ഇവിടെ എത്തും. നാട്ടിലും മറുനാട്ടിലുമുള്ള വിശ്വാസികൾ രാത്രിയുടെ അന്ത്യയാമങ്ങളിൽ ഉറക്കമിളച്ച് പ്രാർഥനയിലും ആരാധനയിലും ഖുർആൻ പാരായണത്തിലും മുഴുകും. പാപമോചനത്തിന്‌വേണ്ടി മതിവരുവോളം കണ്ണീർ വാർത്ത് പശ്ചാത്തപിക്കും. ആയിരം മാസങ്ങളെക്കാൾ അനുഗൃഹീതമായ 'ലൈലത്തുൽ ഖദർ' രാവാണ് മുഖ്യലക്ഷ്യം.

അങ്ങാടിയലെ വ്യാപാര സ്ഥാപനങ്ങൾ അർധരാത്രിവരെ അടയ്ക്കാറില്ല. ജുമാമസ്ജിദ് റോഡിൽ പുലർച്ചവരെ ആൾക്കൂട്ടങ്ങൾ കാണാം. വ്യാപാരി നേതാവ് ഖയ്യൂമുക്കയുടെ ബേക്കറി രാത്രികാലങ്ങളിലാണ് കൂടുതൽ സജീവം. വലിയ പള്ളിയിൽ നിന്ന് സുബഹി ബാങ്ക് വിളിച്ചാലാണ് ചായ പീടികകൾ നിരപ്പലകകൾ ഇട്ട് അടയ്ക്കാറ്. ധനാഢ്യർ സക്കാത്തിന്റെ ഒരു വിഹിതം വലിയ പള്ളിയിൽവെച്ചായിരുന്നു വിതരണം ചെയ്തിരുന്നത്. നാലണ, എട്ടണ, ഒരു രൂപ തുട്ടുകളായിരുന്നു അധികവും. പണ്ഡിത ശ്രേഷ്ഠന്മാർക്ക് രണ്ട് രൂപയും അപൂർവമായി അഞ്ചുരൂപയും നൽകാറുണ്ട്.

വലിയ പള്ളിയിൽ സുബഹി നമസ്കാരത്തിന് മുമ്പ് മഖ്ദൂം കുഞ്ഞാട്ടി മുസ്‌ലിയാരുടെ 'അല്ലാഹുമ്മ യാ വാജിബൽ വുജൂദ്' എന്നാരംഭിക്കുന്ന ഭക്തി നിർഭരമായ ദുആ മധ്യവയസ്കരുടെ സ്മരണയിൽ ഇന്നും മായാത്ത ഓർമയാണ്. തുടർന്ന് നമസ്ക്കാരാനന്തരം പണ്ഡിതന്മാരും നാട്ടുകാരണവന്മാരും ചേർന്ന് അകത്തെ പള്ളിയിൽ വിളക്കുകൾ അണച്ച് ചൊല്ലിയിരുന്ന ഔറാദ് ദിക്ക്റുകൾ ഭക്തിമയവും കർണാനന്ദകരവുമായിരുന്നു. ഇന്നത്തെ പോലെ രാത്രിയുടെ അന്ത്യയാമങ്ങളിൽ നൂറുകണക്കിന് ഭക്തർ പങ്കെടുത്ത് മുക്കാടിയിലെ മസ്ജിദ് ഉമ്മുമറിയമിൽ കൂട്ടമായി നമസ്കരിക്കുന്ന ഖിയാമുലൈൽ പതിവില്ലായിരുന്നു. പകരം തസ്ബീഹ് നിസ്കാരം നടന്നിരുന്നു. ഇരുപത്തിയേഴാം രാവ് കഴിഞ്ഞാൽ പള്ളികളിൽ വിശ്വാസികളുടെ എണ്ണം കുറഞ്ഞുവരും.

കാരക്ക, ഓമക്കായ, ചെറുനാരങ്ങ തുടങ്ങിയവ പാകം ചെയ്ത് പ്രത്യേകം തയാറാക്കിയ പൊന്നാനി അച്ചാറുകൾ ഇവിടം സന്ദർശിക്കുന്നവർക്ക് അന്നും ഇന്നും രുചിക്കൂട്ടുകളുടെ മധുരിക്കുന്ന ഓർമ്മകളാണ്. പല പ്രത്യേക ആചാരാനുഷ്ഠാനങ്ങളാലും പൊലിവുകളാലും സമ്പന്നമായിരുന്നു പൊന്നാനിയിലെ റംസാൻ കാലം. ■

*(ലേഖകൻ അധ്യാപകനും ചരിത്രാന്വേഷകനുമാണ്)*

■ ബി.എസ്. നിസാമുദ്ദീൻ

# ജ്വലിക്കുന്ന സ്മരണയിൽ ജാലിയൻവാലാബാഗ്

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഏറ്റവും രക്തരൂക്ഷിത സംഭവമായ ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് 95 വർഷം തികഞ്ഞിരിക്കുന്നു. ധീര ദേശാഭിമാനികളുടെ രക്തം വീണ് കുതിർന്ന ജാലിയൻവാലാബാഗിലേക്ക് ഒരു യാത്ര.

താജ്മഹലിന്റെ നാടായ ആഗ്രയിൽനിന്ന് രാജസ്ഥാനിലെ ജയ്പൂരിലേക്കും അവിടെനിന്ന് ഒരു രാത്രിയുടെ ഇടവേളയിൽ ന്യൂഡൽഹിയിലേക്കുമുള്ള നീണ്ട ബസ് യാത്രയുടെ കടുത്ത ക്ഷീണത്തോടെയാണ് ഡൽഹി ഹസ്റത്ത് നിസാമുദ്ദീൻ സ്റ്റേഷനിലെത്തിയത്. സമയം വൈകിട്ട് 6.30 കഴിഞ്ഞു. 12903 നമ്പർ മുംബൈ അമൃത്സർ ഗോൾഡൻ ടെമ്പിൾ മെയിലിലെ സെക്കൻഡ് ക്ലാസ് കോച്ചിൽ കയറുമ്പോൾ വലിയ പ്രതീക്ഷയായിരുന്നു, ഇനി സ്വസ്ഥമായി ഇരുന്ന് വേഗം ഉറങ്ങാം.

പക്ഷേ, ടിക്കറ്റ് പ്രകാരമുള്ള സീറ്റിലെത്തിയപ്പോൾ പഞ്ചാബി കുടുംബം കയ്യേറിയിരിക്കുന്നു. കുട്ടികളുൾപ്പെടുന്ന സംഘം സീറ്റിൽ ഒന്ന് ഇരിക്കാൻപോലും സമ്മതിച്ചില്ല. നിവൃത്തിയില്ലാതെ, ഞങ്ങളുടെ സംഘത്തിലെ ചിലർ അവസാന നിമിഷം യാത്ര റദ്ദാക്കിയതിലൂടെ ഒഴിവുവന്ന സീറ്റിൽ ഇടംപിടിച്ചു. ട്രെയിൻ കൃത്യസമയത്ത് നീങ്ങി. പഞ്ചാബ് തലസ്ഥാനമായ അമൃത്സറിലെ ജാലിയൻവാലാബാഗും സുവർണക്ഷേത്രവും ഇന്ത്യാ പാക്കിസ്ഥാൻ അതിർത്തിയായ വാഗയുമാണ് ലക്ഷ്യം. കേരള സർക്കാരിന്റെ ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പും കണ്ണൂർ പ്രസ് ക്ലബ്ബും ചേർന്ന് മാധ്യമ പ്രവർത്തകർക്ക് ഒരുക്കിയ പഠനയാത്രയാണ് ഉത്തരേന്ത്യൻ പര്യടനത്തിന് അവസരം നൽകിയത്.

ഉത്തർപ്രദേശിലെ ഗാസിയാബാദും മീററ്റും മുസഫർനഗരവും പിന്നിട്ട ട്രെയിൻ പുലർച്ചെ 2.50 ന് പഞ്ചാബിലെ ലുധിയാനയിലെത്തി. 515 കിലോമീറ്റർ പിന്നിട്ട് രാവിലെ ആറുമണിയോടെ അമൃത്സർ റെയിൽവേ സ്റ്റേഷനിലിറങ്ങി. പ്രഭാതഭക്ഷണം കഴിഞ്ഞയുടൻ ജാലിയൻവാലാബാഗിലേക്ക്. സ്കൂളിലും കോളേജിലും പാഠപുസ്തകങ്ങളിൽ പഠിച്ച ജാലിയൻവാലാബാഗ് കൂട്ടക്കൊല നടന്ന സ്ഥലം നേരിൽക്കാണാൻ ഇനി നിമിഷങ്ങൾ മാത്രം. ചരിത്രവിദ്യാർഥിയെന്ന നിലയിൽ മനഃപാഠമാക്കിയ വരികൾ ഓർത്തു. ചുറ്റുപാടും കെട്ടിടങ്ങൾകൊണ്ട് വലയം ചെയ്ത ജാലിയൻവാലാബാഗ് മൈതാനത്തേക്ക് ഇടുങ്ങിയ കവാടത്തിലൂടെ നടക്കുമ്പോൾ പെട്ടെന്ന് വൻ തിരക്ക്. ഇരുഭാഗത്തുനിന്നും ഉന്തും തള്ളും. ഒഴുകിവന്ന തിരമാലപോലെ ആ തിരക്ക് ഇല്ലാതായ ആശ്വാസത്തിൽ അകത്തെത്തി.

ജാലിയൻവാലാബാഗ് മൈതാനത്തിന്റെ ഒരു മൂലയിലുള്ള കിണറിന് സമീപം നിന്നപ്പോൾ, ശ്വാസംമുട്ടിയും വെടിവെപ്പിൽ ഗുരുതര പരിക്കേറ്റിട്ട് ചികിത്സ ലഭിക്കാതെയും ഈ കിണറ്റിൽ മരിച്ചവരുടെ ദയനീയ ചിത്രങ്ങൾ മുന്നിൽ തെളിഞ്ഞു. അന്നും ഇതുപോലെ ഞായറാഴ്ചയായിരുന്നു. 1919 ഏപ്രിൽ 13. ബ്രിട്ടീഷ് ഭരണകൂടം നടപ്പാക്കിയ 'റൗലറ്റ് ആക്ടി'നെതിരെ പ്രതിഷേധിക്കാൻ തടിച്ചുകൂടിയ 15,000 നും 20,000 നും ഇടയിൽ ഇന്ത്യക്കാർക്കുനേരേയാണ് ഈ മൈതാനത്ത് ജനറൽ ഡയറിന്റെ പട്ടാളം വെടിയുതിർത്തത്. പഞ്ചാബിലെ വൈശാഖി ദിവസം കൂടിയായതിനാൽ വൈശാഖി തീർഥാടകരിൽ നല്ലൊരു ശതമാനം യോഗസ്ഥലത്തുണ്ടായിരുന്നു.

ജാലിയൻ വാലാബാഗിൽ മരിച്ചത് 373 പേരാണെന്നാണ് ബ്രിട്ടീഷുകാരുടെ ഔദ്യോഗിക കണക്ക്. ഏതാണ്ട് 1,100 പേർക്ക് പരിക്ക്. എന്നാൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കണക്കു പ്രകാരം ആയിരത്തിലേറെ പേർ മരിച്ചു. കിണറ്റിൽ നിന്ന് 120 മൃതദേഹങ്ങൾ ലഭിച്ചെന്നാണ് ഇവിടെ സ്ഥാപിച്ച ഫലകത്തിലുള്ളത്. 'രക്തസാക്ഷികളുടെ കിണർ' എന്നു പേരിട്ട സ്മാരകത്തിനകത്താണ് ഇപ്പോൾ കിണർ.

ജാലിയൻവാലാബാഗിൽ ജീവത്യാഗം ചെയ്തവർക്ക് ഉചിതമായ ആദരം നൽകാൻ സ്മാരകം നിർമിക്കണമെന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് തീരുമാനിത്തതിന്റെ




അടിസ്ഥാനത്തിൽ പണ്ഡിറ്റ് മദൻമോഹൻമാളവ്യ അധ്യക്ഷനായി 1920 ൽ പ്രത്യേക ട്രസ്റ്റ് രൂപവത്കരിക്കുകയും 1923 ൽ ഈ ഭൂമി വിലക്കു വാങ്ങുകയും ചെയ്തു. 1951 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമപ്രകാരം 'ജാലിയൻവാലാബാഗ് മെമ്മോറിയൽ നാഷണൽ ട്രസ്റ്റ്' ഔദ്യോഗികമായി നിലവിൽവന്നു.

അമേരിക്കൻ വാസ്തുശില്പി ബെഞ്ചമിൻ പോളക് രൂപകല്പന ചെയ്ത സ്മാരകത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ 1960 അവസാനത്തോടെ പൂർത്തിയായി. 1961 ഏപ്രിൽ 31 ന് ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് ഉദ്ഘാടനം നിർവഹിച്ചു. രാജസ്ഥാൻ ചെങ്കല്ല് ഉപയോഗിച്ചാണ് സ്മാരകഗോപുരം നിർമിച്ചത്. രക്തസാക്ഷികളെ കുറിച്ച് അണയാത്ത സ്മരണകൾ ഇന്നും നിലനിർത്തി, തീജ്വാലയുടെ മാതൃകയിലാണ് സ്മാരകം ഒരുക്കിയത്. 'രക്തസാക്ഷികളുടെ സ്മരണയ്ക്ക്, 13 ഏപ്രിൽ 1919' എന്ന് വിവിധ ഭാഷകളിൽ രേഖപ്പെടുത്തി. ഇതിന്റെ നാലു ഭാഗത്തും കൽവിളക്കുകളുണ്ട്. ദൂരെനിന്ന് നോക്കുമ്പോൾ അറ്റം ജ്വലിക്കുന്നതുപോലെ തോന്നുന്ന ഈ കൽവിളക്കുകളിൽ അശോക ചക്രം മുദ്രണം ചെയ്തിട്ടുണ്ട്. ജാലിയൻവാലാബാഗിലേക്ക് ബ്രിട്ടീഷ് പട്ടാളം ഇരച്ചുകയറിയ ഏക ഇടനാഴി അതേപടി ഇന്നുമുണ്ട്. ഇതിലൂടെ അകത്തു പ്രവേശിക്കുമ്പോൾ വലതുഭാഗത്ത് സദാസമയവും ജ്വലിക്കുന്ന വിളക്കു കാണാം.

ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയേറ്റ കെട്ടിടങ്ങളും മാറ്റമില്ലാതെ സംരക്ഷിച്ചിട്ടുണ്ട്. മൈതാനത്തിന്റെ മധ്യഭാഗത്തെ ചെറിയ കെട്ടിടത്തിലും രണ്ടു ഭാഗങ്ങളിലുമുള്ള വലിയ കെട്ടിടങ്ങളിലും വെടിയുണ്ടകളേറ്റ അടയാളങ്ങൾ കാണാം. സന്ദർശകരുടെ ശ്രദ്ധയിൽപ്പെടാൻ ഈ അടയാളങ്ങൾക്കു ചുറ്റും വെളുത്ത നിറത്തിൽ ചതുരങ്ങളുണ്ട്. ഓരോ കെട്ടിടത്തിലും ഇത്തരം എത്ര ബുള്ളറ്റ് മാർക്കുകളുണ്ടെന്ന് രേഖപ്പെടുത്തിയ ബോർഡുകൾ കാണാം.

ജാലിയൻവാലാബാഗിൽ പിന്നീട് ഒരുക്കിയ ഗാർഡനിൽ ബ്രിട്ടീഷ് സൈനികർ വെടിയുതിർക്കുന്നതിന്റെ ദൃശ്യങ്ങളും ചിത്രീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫോട്ടോ എടുക്കാൻ പലരും പ്രത്യേക താത്പര്യം കാണിക്കുന്നതുകണ്ടു. നേരിയ ഇരുമ്പുകമ്പികൊണ്ട് രൂപങ്ങൾ നിർമിച്ച് അതിനുമുകളിൽ പച്ചപ്പുണ്ടാക്കുകയാണ് ചെയ്തത്. പട്ടാളക്കാർ നിന്നും ഇരുന്നും കിടന്നും വെടിവെക്കുന്ന ദൃശ്യങ്ങൾ കാണാം.

ഇന്ത്യയിലെ മറ്റു ചരിത്രസ്മാരകങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ അന്തരീക്ഷമാണ് ജാലിയൻവാലാബാഗിലെത്തുമ്പോൾ അനുഭവപ്പെടുന്നത്. രാവിലെ തിരക്കു കാരണം വേണ്ടവിധത്തിൽ കാണാൻ സാധിച്ചില്ലെന്നു തോന്നിയതിനാൽ കഷ്ടിച്ച് അഞ്ചു മിനിട്ട് നടക്കാവുന്ന ദൂരത്തിലുള്ള സുവർണ ക്ഷേത്രത്തിൽ നിന്ന് മടങ്ങുമ്പോൾ വീണ്ടും അവിടെയെത്തി. ദുരന്തം വന്നെത്തിയ ഇടുങ്ങിയ വഴിയിലൂടെ തിരിച്ചുനടക്കുമ്പോൾ ഇതിന്റെ ഒരുവശത്തെ ചുമരിൽ രേഖപ്പെടുത്തിയ വാചകങ്ങൾ കണ്ടു, 'നിരപരാധികളായ ഇന്ത്യൻ ജനക്കൂട്ടത്തിനുനേരെ വെടിവെക്കാൻ ജനറൽ ഡയർ തന്റെ പട്ടാളക്കാരുമായി വന്നത് ഈ വഴിയിലൂടെയാണ്'. ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി, ഉറുദു ഭാഷകളിലുള്ള ഫലകത്തിന് സമീപം നിന്നപ്പോൾ അറിയാതെ കണ്ണു നിറഞ്ഞു.



ഉച്ചയ്ക്കുശേഷം ഞങ്ങൾ ഇന്ത്യാപാക് അതിർത്തിയായ വാഗയിലേക്ക് തിരിച്ചു. ഇന്ത്യയുടെയും പാകിസ്ഥാന്റെയും ദേശീയ പതാകകൾ താഴ്ത്തുന്ന ചടങ്ങ് കഴിഞ്ഞ് രാത്രി വീണ്ടും അമൃത്സറിലെത്തി.

ഗോൾഡൻ ടെമ്പിൾ മെയിലിൽ റിസർവേഷനുണ്ടായിട്ടും ഫലമില്ലാത്ത അവസ്ഥ. ജനറൽ ടിക്കറ്റുമായി റിസർവേഷൻ കംപാർട്ടുമെന്റിൽ ഇടിച്ചുകയറിയവരുടെ വൻ തിരക്ക്. അങ്ങോട്ടും ഇങ്ങോട്ടും നടന്ന ടി.ടി.ഇ ആരുടെയും ടിക്കറ്റ് ചോദിച്ചില്ല. ഫലം റിസർവേഷനുള്ളവർ പുറത്ത്; മറ്റുള്ളവർ അകത്ത്. അപ്പോഴാണ് കേരളത്തിലെ ടിക്കറ്റ് പരിശോധകരുടെ പെരുമാറ്റത്തെക്കുറിച്ചോർത്തത്. ബഹളത്തിൽ ഉറക്കം നഷ്ടപ്പെട്ട് സമയം തള്ളിനീക്കുമ്പോളും പലതവണ മുടങ്ങിയ ഉത്തരേന്ത്യൻയാത്ര സാധ്യമായതിന്റെ സന്തോഷത്തിൽ നാളത്തെ ഡൽഹി കാഴ്ചകൾ മനസ്സിൽ സങ്കല്പിച്ച് പുറത്തേക്കു നോക്കിയിരുന്നു. ■



# ലഹരിമുക്ത വിദ്യാലയത്തിന് ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് പദ്ധതി




**കേ**രള ജനതയുടെ പ്രത്യാശകൾ ചുമലിലേറ്റുന്ന ഭാവിതലമുറയെ ലഹരിവിമുക്തമാക്കാനുള്ള നൂതന പരിപാടിയായ ക്ലീൻ ക്യാംപസ്, സേഫ് ക്യാംപസ് പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. സംസ്ഥാനത്ത് പുകയില ഉത്പന്നങ്ങൾക്കുള്ള നികുതി നിരക്ക് വർധിപ്പിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. ആഭ്യന്തര, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ആവിഷ്കരിച്ച പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം സെന്റ് മേരീസ് സ്കൂളിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിച്ചു. പുകയില ഉത്പന്നങ്ങളുടെയും മറ്റ് ലഹരി പദാർഥങ്ങളുടെയും ഉപയോഗം പരമാവധി കുറച്ചു കൊണ്ടുവരാൻ വലിയ പരിശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ബോധവത്കരണവും നിയമവിരുദ്ധ വില്പന തടയലുമാണ് ഇവയിൽ പ്രധാനം. മറ്റൊരു മാർഗം ഉത്പന്നങ്ങളുടെ നികുതി നിരക്ക് വർധിപ്പിച്ച് ഉപയോഗം കുറയ്ക്കാൻ പ്രേരിപ്പിക്കുകയെന്നതാണ്. പുകയില ഉത്പന്നങ്ങളുടെ നികുതി നേരത്തേ സർക്കാർ വർധിപ്പിച്ചിരുന്നു. അത് ഇനിയും വർധിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് പാൻ മസാല നിരോധിച്ചുവെങ്കിലും പല മാർഗങ്ങളിലൂടെ ഇതിനെ വിഫലമാക്കാനുള്ള ഗൂഢശ്രമങ്ങൾ ഉണ്ടാവുന്നുണ്ട്. അച്ചടക്കവും രാജ്യ സ്നേഹവുമുള്ള പുതിയ തലമുറയെ വാർത്തെടുക്കാനുള്ള സമൂഹത്തിന്റെയും സർക്കാരിന്റെയും പരിശ്രമങ്ങൾക്കെതിരെ ചില വെല്ലുവിളികൾ ഉയരുന്നത് ആശങ്കാവഹമാണ്. കുട്ടികളിൽ ലഹരി പദാർഥങ്ങളോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കാനുള്ള ബോധപൂർവമായ ശ്രമമാണ് ഇവയിലൊന്ന്. ഇതിനെതിരെ ജാഗ്രതപാലിക്കേണ്ടതുണ്ട്. ഇത് ലക്ഷ്യം വച്ചുകൊണ്ടാണ് ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് എന്ന മാതൃകാ പരിപാടി ആരംഭിക്കുന്നതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

സിവിൽ സർവീസ് പരീക്ഷയിലെ ഉന്നത വിജയം പോലുള്ള അഭിമാനാർഹമായ നേട്ടങ്ങൾ കേരളത്തിലെ വിദ്യാർഥികൾ സ്വന്തമാക്കുമ്പോഴും ലഹരി വസ്തുക്കളുടെ ഉപഭോഗശീലത്തിന് ഒരു വിഭാഗം ഇരയാവുന്നത് സമൂഹത്തിന് കളങ്കമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് പറഞ്ഞു.

ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ചടങ്ങിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സംസ്ഥാനത്ത് മദ്യം മയക്കുമരുന്ന് ശീലം പുതുതലമുറയിൽ വ്യാപകമാകുന്നതിന് രാജ്യാന്തര മാഫിയകൾ പ്രവർത്തിക്കുന്നുണ്ടെന്ന് തുടർന്ന് നടത്തിയ പ്രഭാഷണത്തിൽ ആഭ്യന്തര മന്ത്രി പറഞ്ഞു. ഇത്തരം മാഫിയകളുടെ വേരറുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വി.എസ്. ശിവകുമാർ, സംസ്ഥാന പോലീസ് മേധാവി കെ.എസ്. ബാലസുബ്രഹ്മണ്യൻ തുടങ്ങിയവർ പങ്കെടുത്തു.

## ക്യാംപസുകളെ ലഹരിമുക്തമാക്കും: ആഭ്യന്തര മന്ത്രി

**കേ**രളത്തിലെ ക്യാംപസുകളെ ലഹരിമുക്തമാക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ (അനാസി), ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന യൂത്ത് വെൽഫയർ ബോർഡ് എന്നിവയുടെ സഹകരണത്തോടെ തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ കാമ്പസുകളിൽ നിന്നും ലഹരിയുടെ കൈകളെ തുടച്ചുനീക്കുന്നതിന് സംസ്ഥാന സർക്കാർ ക്ലീൻ ക്യാംപസ്, സേഫ് ക്യാംപസ് എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതു കേരളത്തിൽ ഒരു പുതുതലമുറ മുന്നേറ്റത്തിന് കാരണമാകും.

അനാസി ചെയർമാൻ ഡോ.ഷാജി പ്രഭാകരൻ അധ്യക്ഷനായിരുന്നു. മേയർ അഡ്വ. കെ.ചന്ദ്രിക, അനാസി വൈസ് ചെയർമാൻ ഡോ.ശാന്തമ്മ മാത്യു എന്നിവർ മുഖ്യ പ്രഭാഷണം നടത്തി.അനാസി ഡയറക്ടർ കള്ളിക്കാട് ബാബു, ബി.ജയചന്ദ്രൻ, സുകുമാരൻ മുതലായവർ പങ്കെടുത്തു.

# മട്ടുപ്പാവിൽ കൃഷി ചെയ്യാൻ കുടുംബശ്രീ വനിതകളെത്തും




**കുടുംബശ്രീ കൂട്ടായ്മയുടെ മുഖാമുഖം പരിപാടിയിൽ മഞ്ജുവാര്യർ സംസാരിക്കുന്നു. മന്ത്രി ഡോ. എം.കെ. മുനീർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സലകുമാരി സമീപം**

**വീ**ട്ടിൽ വിഷമില്ലാത്ത പച്ചക്കറി കൃഷി ചെയ്ത് വിളവെടുക്കണമെന്ന് ആഗ്രഹമുണ്ടായിട്ടും പലകാരണങ്ങളാൽ സാധ്യമാവാത്തവർക്ക് ആഗ്രഹസാഫല്യവുമായി കുടുംബശ്രീ വനിതകളെത്തുന്നു. മണ്ണും വളവുമിട്ട് ഗ്രോ ബാഗുകളുമായി വന്ന് മട്ടുപ്പാവും വീടിന്റെ പരിസരവും അവർ കൃഷിയിടമാക്കും. വീട്ടിലേയ്ക്ക് ആവശ്യമായ വെണ്ട, വഴുതന, ചീര, തക്കാളി തുടങ്ങിയ ജൈവപച്ചക്കറികളാൽ വീടും പരിസരവും സമൃദ്ധമാവും.

കാർഷിക സമൃദ്ധിക്ക് കുടുംബശ്രീ പദ്ധതി വഴിയാണ് കേരളത്തെ പച്ചക്കറിയിൽ സ്വയം പര്യാപ്തമാക്കാൻ കുടുംബശ്രീ ഒരുങ്ങുന്നത്. പ്രതിമാസം നൂറു രൂപ മാത്രം നൽകിയാൽ കുടുംബശ്രീ വനിതകൾ വീടുകളിലെത്തി കൃഷിയ്ക്ക് സഹായം നൽകും. ബാഗ്, വളം, ജൈവകീടനാശിനി എന്നിവയ്ക്ക് ചെലവ് വീട്ടുകാർ പ്രത്യേകം നൽകണം. ഡ്രിപ് ഇറിഗേഷൻ വേണ്ടവർക്ക് അതിനും സഹായം നൽകും. ഇതിനുപുറമേ ഗ്രാമങ്ങളിൽ കൃഷി വ്യാപകമാക്കി വിളവെടുത്ത് പച്ചക്കറി പായ്ക്ക് ചെയ്ത് വിപണനം നടത്താനും പദ്ധതിയുള്ളതായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വത്സലകുമാരി പറഞ്ഞു. സിനിമാതാരം മഞ്ജു വാര്യരാണ് പദ്ധതിയുടെ ഗുഡ് വിൽ അംബാസഡർ.

# പ്രവാസി വായ്പാ പലിശയിൽ സബ്സിഡി നൽകും മന്ത്രി കെ.സി. ജോസഫ്

**മ**ടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക റൂട്ട്സ് കാനറാബാങ്കിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പ്രവാസി പുനരധിവാസ പദ്ധതിയുടെ ധാരണാപത്രം മാസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ ഒപ്പിട്ടു. പദ്ധതിവഴി നൽകുന്ന ബാങ്ക് വായ്പാ പലിശയിൽ സബ്സിഡി നൽകുമെന്ന് ഗ്രാമവികസന പ്രവാസികാര്യ മന്ത്രി കെ.സി.ജോസഫ് പറഞ്ഞു. സബ്സിഡി സംബന്ധിച്ച തുകയുടെ കാര്യത്തിൽ തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു. പ്രവാസി പുനരധിവാസത്തിനുള്ള സമഗ്ര പദ്ധതിയുടെ തുടക്കമാണിത്. ഒഡെപെക് പോലുള്ള സ്ഥാപനങ്ങൾ വിദേശത്ത് തൊഴിൽ തേടുന്നതിന് വേണ്ടിയാണ് സർക്കാർ തുടങ്ങിയത്. എന്നാൽ തൊഴിൽ നൽകുന്നതിലുപരി മടങ്ങിയെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനാണ് ഈയിടെ കൂടുതൽ ശ്രദ്ധ വേണ്ടിവരുന്നതെന്നും മന്ത്രി പറഞ്ഞു.

നിതാഖത്ത് കാരണം മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കാൻ സർക്കാർ പദ്ധതി തയ്യാറാക്കി. ഇറാഖിൽ നിന്നും മടങ്ങിയെത്തിയ നേഴ്സുമാരെ എങ്ങനെ സഹായിക്കാമെന്ന് ആലോചിച്ചുവരികയാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ഒരു ലക്ഷം കോടി രൂപയാണ് പ്രവാസികളിൽ നിന്നും നിക്ഷേപമായി ബാങ്കുകളിലെത്തുന്നത്. മടങ്ങിയെത്തിയ പ്രവാസികൾക്ക് കാനറാ ബാങ്കുമായി സഹകരിച്ച് 250 വാഹനങ്ങൾ നൽകി. മന്ത്രിയുടെ സാന്നിധ്യത്തിൽ നോർക്ക ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി. സുദീപ്, കാനറാ ബാങ്ക് ജനറൽ മാനേജർ കെ.ആർ. ബാലചന്ദ്രൻ എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പുവച്ചു. നോർക്ക ജനറൽ മാനേജർ ജോർജ് മാത്യുവും സന്നിഹിതനായിരുന്നു.



**നോർക്ക റൂട്ട്സ് കാനറാബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന പ്രവാസ പുനരധിവാസ പദ്ധതി സംബന്ധിച്ച ധാരണാപത്രം മന്ത്രി കെ.സി. ജോസഫിന്റെ സാന്നിധ്യത്തിൽ കൈമാറുന്നു**



**ദേശീയ ഗയിംസ് തീയതി പ്രഖ്യാപനപത്രിക ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് എൻ. രാമചന്ദ്രൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, കേന്ദ്ര കായികമന്ത്രി സർബാനന്ദ സോനാവാൾ എന്നിവർക്ക് കൈമാറുന്നു**

# ദേശീയ ഗെയിംസിനൊരുങ്ങി കേരളം

**35**ാമത് ദേശീയ ഗെയിംസ് നടക്കുന്ന വേളയിൽ കേരളം ഒന്നാകെ ഒരു കായിക നഗരമായി മാറുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. സംസ്ഥാനം ഒട്ടാകെയുള്ള ജനങ്ങൾക്ക് സ്പോർട്സ് മാൻ സ്പിരിറ്റോടെ കായിക മേളയിൽ പങ്കാളികളാകാൻ കഴിയും. 36 ഇനങ്ങളിൽ ഏഴ് ജില്ലകളിലായി മത്സരം ഒരുക്കിയത് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ വേണ്ടിയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. നിയമസഭാ മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ഗെയിംസ് തീയതി പ്രഖ്യാപന ചടങ്ങിൽ തീയതി പ്രഖ്യാപനത്തിന് സജ്ജമാണെന്ന സന്ദേശം നൽകുകയായിരുന്നു മുഖ്യമന്ത്രി. ഗെയിംസ് ഒരുക്കത്തിനുള്ള സജ്ജീകരണങ്ങൾ 90 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഒരുക്കങ്ങൾ വിലയിരുത്താൻ എത്തിയ സംഘം പരിശോധന നടത്തി സംതൃപ്തി അറിയിച്ചിട്ടുണ്ട്.

മത്സരത്തിനപ്പുറം ദേശീയതയും ഐക്യബോധവും ആരോഗ്യകരമായ സൗഹൃദവും വളർത്താൻ ഗെയിംസ് സഹായിക്കുമെന്ന് അധ്യക്ഷ പ്രസംഗത്തിൽ സ്പീക്കർ ജി. കാർത്തികേയൻ പറഞ്ഞു. ഗെയിംസിനോട് അനുബന്ധിച്ച് കേരളത്തിൽ നടക്കുന്ന അടിസ്ഥാന സൗകര്യ വികസനം സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് തീയതി പ്രഖ്യാപനം സ്വീകാര്യമാണെന്ന് അറിയിച്ച് കേന്ദ്ര കായിക മന്ത്രി സർബാനന്ദ സോണോവാൾ പറഞ്ഞു. ഗെയിംസ് കൗണ്ട് ഡൗൺ ക്ലോക്കിന്റെ ഉദ്ഘാടനവും കേന്ദ്ര മന്ത്രി നിർവ്വഹിച്ചു. സോഷ്യൽ മീഡിയ പ്രചരണം പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ നിർവ്വഹിച്ചു. ഗെയിംസിന്റെ ഭാഗ്യചിഹ്നം ഐ.ഒ.എ. ജനറൽ സെക്രട്ടറി രാജീവ് മേത്ത അനാവരണം ചെയ്തു. കായിക മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സ്വാഗതവും ഓർഗനൈസിംഗ് സെക്രട്ടറി ടി.എ.ഹംസ നന്ദിയും പറഞ്ഞു. സംസ്ഥാന മന്ത്രിമാർ, എം.എൽ.എ. മാർ, എം.പി.മാർ വിവിധ കക്ഷി നേതാക്കൾ, സ്പോർട്സ് കൗൺസിൽ ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.

# ടാഗോർ തിയേറ്ററിൽ പച്ചപ്പിന്റെ സ്മൃതിവനം

**പ**രിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സമൂഹം കൂടുതൽ ബോധവാൻമാരാകേണ്ടത് അനിവാര്യമാണെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. തിരുവനന്തപുരത്തെ ടാഗോർ തിയേറ്റർ പരിസരം കൂടുതൽ ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിഭാവനം ചെയ്ത പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഈ വർഷത്തെ പരിസ്ഥിതി ദിനാഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്താകമാനം പത്തു ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചത് പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടാണ്. മഹാകവി രബീന്ദ്രനാഥടാഗോറിന്റെ 153 ാം ജന്മവാർഷികാഘോഷ പരിപാടിയും പരിസ്ഥിതി ദിനാഘോഷവും സമന്വയിപ്പിച്ച് ടാഗോർ തിയേറ്റർ പരിസരത്ത് 153 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് മാതൃകാപരമാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.



**ടാഗോർ തിയേറ്റർ പരിസരത്ത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വൃക്ഷത്തൈ നടുന്നു.**

സമൃദ്ധമായി മഴ ലഭിക്കേണ്ട കാലത്തും സംസ്ഥാനത്ത് മതിയായ തോതിൽ മഴ ലഭിക്കുന്നില്ലെന്നത് പാരിസ്ഥിതികമായ മുന്നറിയിപ്പാണെന്ന് ചടങ്ങിൽ ആമുഖപ്രഭാഷണം നടത്തിയ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി ടാഗോർ സ്മൃതിവനത്തിലെ ആദ്യവൃക്ഷത്തൈ നട്ടു. മന്ത്രിമാരായ കെ.സി. ജോസഫ്, വി.എസ്. ശിവകുമാർ, ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ, പെരുമ്പടവം ശ്രീധരൻ, മലയാളം മിഷൻ ഡയറക്ടർ തലേക്കുന്നിൽ ബഷീർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് സെക്രട്ടറി റാണി ജോർജ്, ഡയറക്ടർ മിനി ആന്റണി, ജി. ശേഖരൻ നായർ, കാട്ടൂർ നാരായണപിള്ള, പ്രൊഫ. ഉമ്മൻ വി. ഉമ്മൻ, നെടുമുടി ഹരികുമാർ, ആർക്കിടെക്ട് ശങ്കർ, ഗായകരായ ശ്രീറാം, കല്ലറ ഗോപൻ, സ്കൂൾ വിദ്യാർഥികൾ തുടങ്ങിയവരും ടാഗോർ തിയേറ്റർ പരിസരത്ത് വൃക്ഷത്തൈകൾ നട്ടു.



# തവളക്കണ്ണൻ മടങ്ങിവന്നു, കൃഷിയിടത്തിൽ ഇനി പാരമ്പര്യത്തിളക്കം

**കാ**സർകോട് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ കുറുഞ്ചേരിയിലെ എൺപതു കഴിഞ്ഞ പരമ്പരാഗത കർഷകൻ കുഞ്ഞമ്പു നായർക്ക് ഇത്തവണത്തെ നെൽകൃഷി കൈവിട്ടുപോയ ഒരു സുവർണകാലത്തിലേക്കുള്ള തിരിച്ചുപോക്കാണ്. ദശാബ്ദങ്ങൾക്കു മുമ്പ് ഈ പ്രദേശങ്ങളിൽ വ്യാപകമായി പ്രചാരത്തിലുണ്ടായിരുന്നതും കാലക്രമത്തിൽ അന്യംനിന്നുപോയതുമായ തവളക്കണ്ണൻ എന്ന നാടൻ നെൽവിത്ത് ഉപയോഗിച്ചാണ് ഇത്തവണ കുഞ്ഞമ്പു നായർ കൃഷിയിറക്കുന്നത്. തവളക്കണ്ണനെ ഉത്തരമലബാറിൽ തിരിച്ചെത്തിക്കാൻ വഴിയൊരുക്കിയതിന്റെ ചാരിതാർത്ഥ്യം പബ്ലിക് റിലേഷൻസ് വകുപ്പിനും കാർഷിക സർവകലാശാലയ്ക്കും.



കുഞ്ഞമ്പുനായർ കൃഷിയിടത്തിൽ

മലയോര മേഖലയിലെ മറ്റു കർഷകരിലേറെയും നാണ്യവിളകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ച കാലത്തും നെൽകൃഷിയെ അതിരറ്റു സ്നേഹിച്ച കർഷകനായിരുന്നു കുഞ്ഞമ്പുനായർ. എല്ലായിടത്തും നെൽപാടങ്ങൾ വ്യാപകമായി നികത്തപ്പെടുന്നതിനിടയിൽ ഒരുകാലത്ത് കവുങ്ങിൻതോട്ടമായിരുന്ന സ്ഥലം പോലും പിന്നീട് വെട്ടിയിറക്കി പാടമാക്കി നെൽകൃഷിയൊരുക്കിയ ചരിത്രം അദ്ദേഹത്തിനു മാത്രം അവകാശപ്പെട്ടതാണ്. പൊതുവേ നാടൻ വിത്തിനങ്ങളാണ് ഇദ്ദേഹം ഉപയോഗിക്കുന്നത്. ഓരോ നാടൻ വിത്തിന്റേയും ഗുണഗണങ്ങളും പ്രത്യേകതകളും അദ്ദേഹം വിവരിക്കും. കഴിഞ്ഞവർഷം കൃഷിയിറക്കിയത് കോട്ടയം ഭാഗത്തുനിന്ന് കുടിയേറ്റക്കാർക്കൊപ്പം കാസർകോട് ജില്ലയിലെത്തിയ കുഞ്ഞൂഞ്ഞ് എന്ന വിത്തിനം ഉപയോഗിച്ചായിരുന്നു.

കൃഷിവകുപ്പിന്റെ ആത്മ പ്രൊജക്ടുമായി ബന്ധപ്പെട്ട് ഒരു ഫീച്ചർ തയ്യാറാക്കുന്നതിന് സഹായികളായി തന്നെ കാണാനെത്തിയ കണ്ണൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസിലെ ജീവനക്കാരോടാണ് കുഞ്ഞമ്പുനായർ തവളക്കണ്ണൻ നെൽവിത്തിനെക്കുറിച്ച് പറഞ്ഞത്. കാർഷികമേഖലയിൽ ആധുനികവൽക്കരണം വന്നതോടെ കൈവിട്ടുപോയ പാരമ്പര്യങ്ങളുടെ കൂട്ടത്തിൽ നിരവധി നാടൻ വിത്തിനങ്ങളും ഉണ്ടായിരുന്നു. പലതും ഇനി തിരിച്ചുകിട്ടാത്ത വിധം നഷ്ടപ്പെട്ടുപോയി. തവളക്കണ്ണനുവേണ്ടി പലയിടങ്ങളിലും അന്വേഷിച്ചുനോക്കിയിട്ടും കാര്യമുണ്ടായിരുന്നില്ല.

കുഞ്ഞമ്പുനായരുടെ അന്വേഷണത്തിന് ഫലം കാണണമെന്ന ആഗ്രഹത്തോടെ പിആർഡി ജീവനക്കാർ ഈ വിത്തിനെക്കുറിച്ചുള്ള അന്വേഷണവുമായി കാർഷിക സർവകലാശാലയുടെ നീലേശ്വരം കാമ്പസ്സിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ടി വനജയുമായി ബന്ധപ്പെട്ടു. തവളക്കണ്ണൻ ഇനത്തിൽപ്പെട്ട നെൽവിത്ത് ഇപ്പോൾ സമീപജില്ലകളിൽ എവിടെയും ലഭ്യമല്ലായിരുന്നു. പക്ഷേ സർവകലാശാലയുടെ കീഴിൽ പട്ടാമ്പിയിലുള്ള നെല്ലുഗവേഷണ കേന്ദ്രത്തിൽ മിക്കവാറും എല്ലാ നാടൻ നെൽവിത്തിനങ്ങളും സംരക്ഷിച്ചുവയ്ക്കാറുണ്ട്. ആ കൂട്ടത്തിൽ തീർച്ചയായും ഉണ്ടായിരിക്കാൻ സാധ്യതയുണ്ടായിരുന്നു.

ഡോ. വനജയുടെ നിർദേശപ്രകാരം പട്ടാമ്പി നെല്ലുഗവേഷണ കേന്ദ്രത്തിലെ പ്ലാന്റ് ബ്രീഡിങ് ആൻഡി ജനറ്റിക്സ് വിഭാഗം അസി. പ്രൊഫസർ ഡോ. പി സിന്ധുമോളുടെ സഹായത്തോടെ നടത്തിയ അന്വേഷണത്തിലാണ് തവളക്കണ്ണൻ വിത്തിന്റെ വെളുപ്പും ചുവപ്പും ഇനങ്ങളുടെ വിത്തുകൾ ലഭ്യമായത്. പട്ടാമ്പിയിൽ നിന്ന് ഡോ.സിന്ധുമോൾ കണ്ണൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസിലേക്ക് അയച്ചുകൊടുത്ത വിത്തുകൾ കുഞ്ഞമ്പുനായരുടെ കൃഷിയിടത്തിലെത്തിയപ്പോൾ പിആർഡി ജീവനക്കാർക്കും അത് മനസ്സറിഞ്ഞൊരു ചാരിതാർഥ്യമായി.

കൃഷിയിറക്കലിലും തുടർന്നുള്ള ഘട്ടങ്ങളിലും കാർഷിക സർവകലാശാലയുടെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാവിധ സഹായങ്ങളും ഡോ. വനജ ഉറപ്പു നല്കി. പട്ടാമ്പിയിൽ നിന്നു ലഭിച്ച നൂറു ഗ്രാം വിത്തിൽനിന്ന് പരമാവധി ഫലം കണ്ടെത്തി ധാന്യവും വിത്തും വരുംതലമുറകൾക്കായി കാത്തുവയ്ക്കാനുറച്ചിരിക്കുകയാണ് കുഞ്ഞമ്പുനായരും മകൻ മുരളീധരനും.

*ശ്രീജിത് കൃഷ്ണൻ, നീതു തോമസ്*
*കോ-ഓർഡിനേറ്റർ, സുതാര്യകേരളം കണ്ണൂർ*




പി.എൻ. പണിക്കർ വാരാചരണം ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു. വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ്, പി.ആർ.ഡി. ഡയറക്ടർ മിനി ആന്റണി ഐ.എ.എസ്. എന്നിവർ സമീപം

# പാലക്കാടിന്റെ വികസനപാതയിലേക്ക് റെയിൽവെ മേൽപ്പാലവും മിനി സിവിൽ സ്റ്റേഷനും

ഏറെ കാലമായി നഗരം കാത്തിരുന്ന പാലക്കാട് ടൗൺ റെയിൽവെ മേൽപ്പാലവും ആലത്തൂർ മിനി സിവിൽ സ്റ്റേഷനും രണ്ടിടങ്ങളിലായി നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നാടിന് സമർപ്പിച്ചു. ശകുന്തള ജംങ്ഷനിലെ റെയിൽവെ ഗയിറ്റ് തുറക്കുന്നതിന് 2.5 കോടിരൂപ സർക്കാർ കെട്ടിവെക്കുമെന്ന് റെയിൽവേ മേൽപ്പാലം ഉദ്ഘാടനം ചെയ്ത് സംസാരിച്ച മുഖ്യമന്ത്രി പറഞ്ഞു. യുഡിഎഫ് സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രഖ്യാപിച്ച നടപ്പാക്കാനുള്ള മുഴുവൻ പദ്ധതികളും മിഷൻ 676 ൽ ഉൾപ്പെടുത്തി സമയബന്ധിതമായി നടപ്പാക്കും. ഇതിന് സാമ്പത്തികം പ്രശ്നമല്ല, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പണമെടുത്തു പൊതുമേഖലയിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ തയാറായതൊടെ സാമ്പത്തികം സർക്കാറിന് പ്രശ്നമല്ലതായിട്ടുണ്ട്. സ്ഥലമെടുപ്പിലെ ബുദ്ധിമുട്ട്, നിർമ്മാണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ എന്നിവയാണ് വികസന പ്രവർത്തനങ്ങളിലെ പ്രധാന തടസ്സങ്ങൾ എന്നാൽ പദ്ധതികൾ സമയബന്ധിതമായി എറ്റെടുത്തു നടപ്പാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്.




ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം.

ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് അധ്യക്ഷത വഹിച്ചു. മുൻ റെയിൽവേ സഹമന്ത്രി ഒ. രാജഗോപാൽ വിശിഷ്ടാതിഥിയായി. എം.ബി. രാജേഷ് എം.പി. മുഖ്യപ്രഭാഷണം നടത്തി.ഷാഫി പറമ്പിൽ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തൻ, നഗരസഭാ ചെയർമാൻ എ. അബ്ദുൾ ഖുദ്ദൂസ്, വൈസ് ചെയർപേഴ്സൺ എം. സഹീദ, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ടി.ഒ. സൂരജ്, ദക്ഷിണ റെയിൽവേ സി.എ.ഒ. എം. സതീശ് തുടങ്ങിയവർ പങ്കെടുത്തു.

ആലത്തൂരിൽ നടന്ന ചടങ്ങിൽ തിങ്ങിനിറഞ്ഞ ആൾകൂട്ടത്തെ സാക്ഷ്യയാക്കി മുഖ്യമന്ത്രി മിനി സിവിൽ സ്റ്റേഷനും നാടിന് സമർപ്പിച്ചു.ആലത്തൂർ സ്വാതി ജങ്ഷനിൽ നടന്ന ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി അടൂർ പ്രകാശ് അധ്യക്ഷതവഹിച്ചു. താക്കോൽദാനകർമ്മം ആലത്തൂർ. എം.എൽ.എ എം. ചന്ദ്രൻ നിർവഹിച്ചു.

പി.കെ. ബിജു,എം.പി. എം.എൽ.എ.മാരായ ഷാഫി പറമ്പിൽ, വി. ചെന്താമരാക്ഷൻ, ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ, എ.ഡി.എം. എൻ.കെ. ആന്റണി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ എ. രാമകൃഷ്ണൻ, ഇന്ദിരാ ചന്ദ്രൻ, ഗ്രാമ പഞ്ചായത്ത പ്രസിഡന്റ് പി എം ജമീല, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങയവർ പങ്കെടുത്തു.

*സി അയ്യപ്പൻ*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്*



പാലക്കാട് ടൗൺ റെയിൽവെ മേൽപ്പാലം ഉദ്ഘാടനം



# മൂന്നാറിന് അലങ്കാരമായി ബൊട്ടാണിക്കൽ ഉദ്യാനം

ഊട്ടി, കൊടൈക്കനാൽ മാതൃകയിൽ മൂന്നാറിൽ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിന് അഞ്ചു കോടി രൂപ അനുവദിച്ചതായി ടൂറിസം മന്ത്രി എ.പി. അനിൽകുമാർ അറിയിച്ചു. മൂന്നാർ ഗസ്റ്റ് ഹൗസ് വളപ്പിൽ അഡീഷണൽ ബ്ലോക്കിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മന്ത്രി.

മൂന്നാറിൽ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിന് 14 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.



ബോട്ടാണിക്കൽ ഉദ്യാനം ശിലാസ്ഥാപന ചടങ്ങ്

പരിസ്ഥിതിക്ക് അനുകൂലമായ വികസനമാണ് മൂന്നാറിൽ നടപ്പാക്കേണ്ടതെന്നാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഇത്തരത്തിലുള്ള മാസ്റ്റർ പ്ലാനിന് രൂപം നൽകും. മൂന്നാറിലും ദേവികുളത്തും പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും മന്ത്രി അറിയിച്ചു.

ടൂറിസം വകുപ്പിന്റെ അതിഥി മന്ദിരത്തോടു ചേർന്നാണ് 4.81 കോടി രൂപ ചെലവിൽ നാല് നിലയിൽ അഡീഷണൽ ഗസ്റ്റ് ഹൗസ് നിർമിക്കുന്നത്. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനാണ് നിർമാണച്ചുമതല. ഒരു വർഷം കൊണ്ട് പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കും.

ശിലാസ്ഥാപനച്ചടങ്ങിൽ എസ്. രാജേന്ദ്രൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ജില്ല കളക്ടർ അജിത് പാട്ടീൽ, സബ് കളക്ടർ ജി.ആർ. ഗോകുൽ, ടൂറിസം വകുപ്പ് അഡീഷണൽ ഡയറക്ടർ എം. രഘുദാസൻ, ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ അംഗങ്ങളായ റോയി കെ. പൗലോസ്, ഇ.എം. അഗസ്തി, ത്രിതല പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

*നിജാസ് ജ്യൂവൽ,*
*അസി. ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി*

# ദൃശ്യവിരുന്നൊരുക്കി ചരിത്ര –പരിസ്ഥിതി പ്രദർശനം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് മേഖലാ ഓഫീസിന്റെ നേതൃത്വത്തിൽ കോഴിക്കോട് ബീച്ച് ആശുപത്രിക്ക് സമീപമുള്ള ഇ. മൊയ്തു മൗലവി സ്മാരക ദേശീയ മ്യൂസിയത്തിൽ സംഘടിപ്പിച്ച ചരിത്ര-പരിസ്ഥിതി പ്രദർശനം നൂറ് കണക്കിന് വിദ്യാർഥികൾക്ക് ദൃശ്യ വിരുന്നൊരുക്കി.



മൊയ്തു മൗലവി സ്മാരക മ്യൂസിയത്തിന്റെയും വനംവകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെയും ഹിമായത്തുൾ ഇസ്ലാം ഹയർ സെക്കന്ററി സ്കൂളിന്റെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

മലബാർ ക്രിസ്ത്യൻ കോളേജിലെ ചരിത്ര വിഭാഗം അധ്യാപകൻ എം.സി. വസിഷ്ഠ് ഒരുക്കിയ ചരിത്ര പ്രദർശനവും ശ്രദ്ധേയമായി. ചലചിത്രതാരം കോഴിക്കോട് നാരായണൻ നായർ പ്രദർശനം ഉദ്ഘാടനം ചെയ്തു. പി. ദാമോദരൻ അധ്യക്ഷത വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്ര വിഭാഗം പ്രൊഫസർ ഡോ. പി. ശിവദാസ് പ്രഭാഷണം നടത്തി. പി.എൻ. പണിക്കർ ഫൗണ്ടേഷൻ ജില്ലാ പ്രസിഡണ്ട് അഡ്വ. എം. രാജൻ, സോഷ്യൽ ഫോറസ്ട്രി ഡെപ്യൂട്ടി കൺസർവേറ്റർ എൻ.ടി. സാജൻ, ഹിമായത്തുൾ ഇസ്ലാം ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ കെ. ഹസൻ കോയ, പി.ടി. മുഹമ്മദ് ബഷീർ മാസ്റ്റർ, പ്രൊഫ. എം.സി. വസിഷ്ഠ്, ഡോ. പി. പ്രിയദർശിനി, പുത്തൂർ മഠം ചന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു. ചരിത്രമ്യൂസിയം സെക്രട്ടറി കൂടിയായ ഐ & പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടർ പി. വിനോദ് സ്വാഗതവും ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഖാദർ പാലാഴി നന്ദിയും പറഞ്ഞു.

*പി. വിനോദ്*
*മേഖല ഡെപ്യൂട്ടി ഡയററക്ടർ, കോഴിക്കോട്*




## ചെറുകിട കർഷക പെൻഷൻ പുതുക്കി



ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 600 രൂപയായി വർധിപ്പിച്ച് ഉത്തരവായി. വർധനയ്ക്ക് 1/04/2014 മുതൽ പ്രാബല്യമുണ്ടായിരിക്കും. 2014-15ലെ ബജറ്റ് നിർദേശത്തിലാണ് തുക വർധിപ്പിച്ചത്.

ഉത്തരവ്: സ.ഉ(എം.എസ്) 147/2014/കൃഷി
തീയതി: 25/06/2014

## ഗുരുവായൂർ ടെമ്പിൾ പൊലീസ് സ്റ്റേഷൻ



ഗുരുവായൂർ ടെമ്പിൾ പൊലീസ് സ്റ്റേഷൻ എന്ന പേരിൽ ഗുരുവായൂരിൽ പുതിയ പൊലീസ് സ്റ്റേഷന് ഭരണാനുമതി നൽകി ഉത്തരവായി. നിലവിലുള്ള പൊലീസ് സ്റ്റേഷൻ കണ്ടാണശ്ശേരിയിലേക്കു മാറ്റും. ക്ഷേത്രത്തിന്റെ സുരക്ഷയും ദിനം പ്രതിയുള്ള തീർഥാടക ബാഹുല്യവും കണക്കിലെടുത്താണ് നടപടി. ഒരു സർക്കിൾ ഇൻസ്പെക്ടർ, മൂന്ന് സബ് ഇൻസ്പെക്ടർമാർ ഉൾപ്പെടെ മുപ്പത് പുതിയ തസ്തികകളും പുതിയ സ്റ്റേഷനായി സൃഷ്ടിച്ചിട്ടുണ്ട്.

ഉത്തരവ്: ജി.ഒ (എം.എസ്) നം.126/214/ഹോം
തീയതി: 21/06/2014

## പത്രപ്രവർത്തക ഭവന സബ്സിഡി

വേജ് ബോർഡിന്റെ നിർവചന പ്രകാരം പത്രപ്രവർത്തകൻ എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്ന പത്രപ്രവർത്തകർക്കുകൂടി ഭവനനിർമാണ സബ്സിഡി അനുവദിച്ചു ഉത്തരവായി. ധന-ഭവന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ പത്രപ്രവർത്തക സംസ്ഥാന തല സമിതിയുടെ യോഗത്തിലെ തീരുമാനമനുസരിച്ചാണ് നടപടി.

ഉത്തരവ്: സ.ഉ (എം.എസ്) നം.13/2014/ഭവനം
തീയതി: 09/06/2014

## വിരമിക്കൽ പ്രായം ഉയർത്തി

ഇൻഷുറൻസ് മെഡിക്കൽ സർവീസസിലെ അലോപ്പതി ഡോക്ടർമാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി. വകുപ്പിൽ നിലനിൽക്കുന്ന ഡോക്ടർമാരുടെ രൂക്ഷമായ ദൗർലഭ്യം കണക്കിലെടുത്താണ് തീരുമാനമെന്ന് ഉത്തരവിൽ പറയുന്നു. ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ പി.എസ്.സി പട്ടികയും നിലവിലില്ല.

ഉത്തരവ്: സ.ഉ (കൈ)നം.74/2014/തൊഴിൽ
തീയതി: 27/062014

## അർബുദ രോഗികളുടെ പെൻഷൻ



ഭർത്താവ്/ഭാര്യ/അച്ഛൻ/അമ്മ/മകൻ എന്നീ ബന്ധുക്കൾ ഉള്ള കാൻസർ രോഗികൾക്ക് പെൻഷൻ നൽകാൻ കഴിയുന്നതല്ല എന്ന അഗതികളായ കാൻസർ രോഗികൾക്ക് ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച 09/11//1976ലെ ഉത്തരവിലെ വ്യവസ്ഥ കാൻസർ രോഗികളായ എല്ലാവർക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാൻസർ പെൻഷൻ നൽകുന്നതാണ് എന്ന് ഭേദഗതി ചെയ്തു.

ഉത്തരവ്: സ.ഉ (കൈ) നം. 192/2014/ ആ.കു.വ
തീയതി: 25/06/2014

## പലിശയിളവ് പിൻവലിച്ചു

വിദ്യാഭ്യാസ വായ്പ എടുത്ത മൂന്നുലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള തൊഴിൽ രഹിതർക്ക് പലിശയിളവ് അനുവദിച്ച ഉത്തരവ് പിൻവലിച്ചു. 2014-15ലെ കേന്ദ്ര ബജറ്റിൽ ഒരു പുതിയ പലിശ സബ്സിഡി സ്കീം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതിനാലാണ് ഈ നടപടി. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി പ്രകാരം 4.5 ലക്ഷം വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് സബ്സിഡി ലഭിക്കുമെന്നതിനാലും സംസ്ഥാന സബ്സിഡി ലഭിക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡി ലഭിക്കാത്തതിനാലുമാണ് ഉത്തരവ് റദ്ദാക്കുന്നത്. സംസ്ഥാന സബ്സിഡി റദ്ദാക്കിയാലും കേന്ദ്ര സബ്സിഡി ലഭിക്കുമെന്നതിനാൽ വായ്പയെടുത്തവർക്ക് ബുദ്ധിമുട്ടുണ്ടാവില്ലെന്ന് മാത്രമല്ല പലിശ സബ്സിഡി ലഭിക്കാനുള്ള നടപടി ക്രമങ്ങൾ ലളിതമാണെന്നും ഉത്തരവിൽ പറയുന്നു.

ഉത്തരവ്: സ.ഉ (കൈയെഴുത്ത്) നം.25/2014/പ്ളാനിങ്
തീയതി: 27/06/2014

എം. ശ്രീനാഥൻ

പദ്ധാരം — വാക്കിന്റെ കേൾക്കാക്കഥകളിലേക്കൊരു സഞ്ചാരം


# അംഗത്തിന്റെ അർഥ സമൃദ്ധികൾ

സംസ്കൃതജന്യമായ 'അംഗം' നാനാർഥസമൃദ്ധമാണ്. ശരീരത്തെ മുഴുവനായും ശരീരഭാഗങ്ങളായ അവയവങ്ങളെ പ്രത്യേകിച്ചും ഉൾക്കൊള്ളാൻ അംഗത്തിനാകുന്നു. കൂട്ടത്തിലൊന്നാണ് ഭാഗം. ഭാഗമെന്ന അർഥധ്വനിയാണ് കുടുംബാംഗം, വേദാംഗം എന്നിവയിലെ അംഗം പങ്കിടുന്നത്. വേദാംഗങ്ങൾ ആറായതിനാൽ 'ആറ്' എന്ന സംഖ്യാർഥവും അംഗത്തിനുണ്ട്. അംഗദേശം ദേശത്തിന്റെ ഭാഗമാണ്. അംഗദേശത്തിന്റെ അധിപതി അംഗപതിയും അംഗഭൂപനുമാണ്. വിശേഷണമായും അപ്രധാനമായും നിൽക്കുന്ന ക്രിയയാണ് അംഗക്രിയയെന്ന് അംഗവിദ്യ അഥവാ വ്യാകരണശാസ്ത്രം. ഭാഗമെന്നതിനോടൊപ്പം അപ്രധധാനമായതെന്നും അംഗത്തിനർഥമുണ്ട്.

മനുഷ്യശരീരത്തെയും അവയവങ്ങളെയും പ്രതിനിധാനം ചെയ്യുന്ന വാക്കുകളാണ് അംഗവും അംഗകവും. കൈകാൽ, മൂർധാവ്, ഉരസ്സ്, പൃഷ്ഠം, ഉദരം എന്നീ ശരീരാവയവങ്ങളാണ് അംഗമായി ശബ്ദതാരാവലിയിൽ കാണുന്നത്. ഓരോ അവയവത്തിലെയും ചെറുതും വലുതുമായ എല്ലാ അവയവങ്ങളും ചേർന്നതാണ് അംഗപ്രത്യംഗം. നാട്യശാസ്ത്രപ്രകാരം അംഗങ്ങളും പ്രത്യംഗങ്ങളും ഉപാംഗങ്ങളുമുണ്ട്. തല, കൈപ്പടം, അരക്കെട്ട്, മാറിടം, വാരി, കാൽപ്പാദം എന്നീ അംഗങ്ങളും കഴുത്ത്, തോള്, കൈകൾ, വയറ്, തുട, കണങ്കാൽ ചേർന്ന പ്രത്യംഗങ്ങളും കണ്ണ്, കൺപോള, പുരികം, മൂക്ക്, ചുണ്ട്, കവിൾ, താടി എന്നീ ഉപാംഗങ്ങളുമുണ്ട്. ശരീരത്തിൽ അഥവാ അംഗത്തിൽ മുളയ്ക്കുന്നതുകൊണ്ട് രോമത്തെ അംഗരുഹമെന്നും അംഗജമെന്നും പറയാറുണ്ട്. ആംഗ്യവും കൈക്രിയയുമാണ് അംഗസംജ്ഞ. ആട്ടക്കാരും മറ്റും ആടുമ്പോൾ കാണിക്കുന്ന കൈക്രിയയാണ് അംഗവിക്ഷേപം. നായകൻ അംഗവീരനാണ്. അവയവങ്ങളുടെ ശരിയായ ചേർച്ചയാണ് സുലക്ഷണം. ലക്ഷണമുള്ള ശരീരത്തിനേ ശരീരബലമുണ്ടാവൂ. അതുകൊണ്ടിവ അംഗസംഹിതിയാണ്. അംഗസത്ത്വരവും ദേഹബലം തന്നെ. സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുന്ന ശരീരകാന്തി അംഗഭംഗിയാണ്. ശരീരത്തിൽ നിന്ന് ജനിച്ച സുന്ദരിയായ പുത്രിയാണ് അംഗജ. സുന്ദരിയായ സ്ത്രീ അംഗനയും സ്ത്രീജനം അംഗനാജനവുമാണ്. അംഗങ്ങൾ നോക്കി ഗുണദോഷം പറയുന്ന സമ്പ്രദായം അംഗവിദ്യയാണ്. പണ്ട് ദൂതലക്ഷണം പ്രസിദ്ധമായിരുന്നു.

ശരീരസംരക്ഷണം ലക്ഷ്യമാക്കിയ മെയ്‌വഴക്കത്തിനുള്ള അഭ്യാസങ്ങളാണ് അംഗകരണങ്ങൾ. തിരുമ്മലും മേലുഴിയലും അംഗസമ്മർദമാണ്. കൈകാൽ തിരുമ്മുന്നവൻ അംഗമർദകനാണ്. ആരോഗ്യമില്ലാത്ത ശരീരത്തെയും രോഗാവസ്ഥയെയും സൂചിപ്പിക്കുന്ന അംഗപദങ്ങളുണ്ട്. അംഗയഷ്ടി മെലിഞ്ഞ ശരീരമാണ്. ശരീരത്തിനു മെലിവുണ്ടാകുന്ന ഒരുതം വാതമാണ് അംഗശോഷം. അംഗവർഷം പക്ഷാവാതമാണ്. ദേഹത്തുണ്ടാകുന്ന ഭയങ്കരമായ നീർവീക്കമാണ് അംഗവള(ർ)പ്പൻ. ശരീരത്തിന്റെ തളർച്ചയാണ് അംഗസാദം. അംഗജ്വരം ഒരുതരം ക്ഷയരോഗമാണ്. രോഗാവസ്ഥയെ പൊതുവിൽ അംഗജമെന്നും പറയാറുണ്ട്. ശരീരത്തിനുണ്ടാകുന്ന കോച്ചൽ, കൊളുത്ത്, ഞരമ്പുവലി തുടങ്ങിയ രോഗബാധകളെ അംഗഗ്രഹമായികാണുന്നു. ശരീരത്തിന്റെ വിറയലാണ് അംഗമേജയത്വം.

ശരീരത്തിന്റെ ഭാവഭേദത്തെയും ആംഗ്യത്തെയും അംഗവൈകാര്യമെന്നും തലകുലുക്കുക, കണ്ണിറുക്കുക മുതലായ വികൃതമായ മുഖഭാവം അകമെയുള്ള വികാരങ്ങളെ പ്രതിഫലിപ്പിക്കുന്നതുകൊണ്ട് അംഗവൈകൃതമായും കാണുന്നു. സുഗന്ധദ്രവ്യമായ അംഗരാഗം ശരീരത്തിൽ പൂശുന്നതിനെ അംഗക്രിയയായും അംഗ



ങ്ങൾക്ക് നിറംപിടിപ്പിക്കുന്നതിനെ അംഗരഞ്ജനമായും കാണുന്നു. ശരീരം ശുദ്ധമാക്കലും കുറിക്കൂട്ട് പൂശി മോടിപിടിപ്പിക്കുന്നതുമാണ് അംഗസംസ്കാരം. മൂരി നിവരൽ അംഗപ്രസാരണമാണ്. ക്ഷേത്രങ്ങളിൽ കിടന്നുകൊണ്ടു ചെയ്യുന്ന പ്രദക്ഷിണമാണ് അംഗപ്രദക്ഷിണം. മരിക്കുന്ന ബന്ധുക്കളുടെ ശരീരത്തിന്റെ ശുദ്ധികർമമാണ് അംഗ പ്രായശ്ചിത്തം.

അംഗങ്ങൾക്ക് വരുന്ന കോട്ടമാണ് അംഗവികൃതി. അംഗവൈരൂപ്യം ശരീരത്തിന്റെ വിരൂപതയായും ഭംഗികേടായും കണക്കാക്കുന്നു. അംഗഭംഗം അവയവ നഷ്ടമാണ്. ശരീരത്തിന്റെ അറ്റകുറ്റത്തെയും ന്യൂനതയെയും അംഗവൈകല്യമായും മുടന്തുള്ള (അറ്റകുറ്റമുള്ള) ശരീരത്തെ അംഗവികലതയായും കണക്കാക്കുന്നു.

കാമവുമായി ബന്ധപ്പെട്ട അംഗകൂട്ടുകളേറെയുണ്ട്. അംഗജം കാമത്തെയും അംഗജരസം ശൃംഗാരത്തെയും അംഗജലീല കാമക്രീഡയെയും സുരതത്തെയും അംഗജനാടകം കാമലീലയെയും സൂചിപ്പിക്കുന്നു. അംഗജൻ, അംഗജനുസ്, അംഗജൻമാവ്, അംഗള എന്നിവ കാമദേവനെയും അംഗജബാണവും അംഗചാപവും കാമദേവന്റെ വില്ലിനെയും സൂചിപ്പിക്കുന്നു. കാമപീഡ അംഗജതാപമോ അംഗജവേദനയോ ആണ് ദേഹസ്പർശം, ശരീരബന്ധം, ആലിംഗനം, സംയോഗം ഇവയൊക്കെ അംഗസംഗമാണ്.

അംഗക്രിയയും അംഗകർമവും യാഗത്തിലെ അപ്രധാനമായ ക്രിയയാണ്. ഉചിതമായ മന്ത്രത്തോടുകൂടി ശരീരസ്പർശം ചെയ്ത് അതിൽ ദേവതയെ സ്ഥാപിക്കുന്നതാണ് അംഗാന്യാസം. യാഗവിശേഷത്തെയും പ്രധാന യാഗത്തിന്റെ ഭാഗമായ താഴ്ന്നതരം ചടങ്ങുകളെയും അംഗയജ്ഞം എന്നു പറയുന്നു. ശ്രാദ്ധകർമത്തിൽ വന്നുപോകുന്ന തെറ്റിനെയും വിഷ്ണുഭജനത്തിലെ സങ്കല്പത്തിലുള്ള ന്യൂനതയെയും അംഗപൈശുണ്യമായി കരുതുന്നു.

അംഗജനാശനും, അംഗജരിപുറവും ശിവനാണ്. അംഗതി ബ്രഹ്മാവാണ്. ഒപ്പം ബ്രാഹ്മണൻ, വാഹനം, അഗ്നി എന്നിങ്ങനെയുള്ള അർഥങ്ങളുമുണ്ട്. അംഗദൻ ഒരു വാനരാധിപതിയാണ്. ദേശവുമായി ബന്ധപ്പെട്ട് അംഗപുരവും അംഗളയും അംഗദേശമാണ്. അംഗദേശം കാളിക്കടുത്തുള്ള ഒരു ദേശമാണ്. അംഗൻ അംഗദേശക്കാരനാണ്. ആറു ദ്വീപുകളിലൊന്നാണ് അംഗദീപം. അംഗദ ദക്ഷിണ ദിക്കരണിയാണ്. അംഗനവും അംഗണവും മുറ്റത്തെ സൂചിപ്പിക്കുന്നു. അംഗമലജം തടാകവനമാണ്.

ഉത്തീയവും മേൽപ്പുടവയും അംഗവസ്ത്രമാണ്. അംഗരക്ഷ കുപ്പായവും കവചവുമാണ്. അംഗരക ഒരുതരം ചെറിയ ഉടുപ്പാണ്.

അംഗനാപ്രിയം മാവും അശോകവുമാണ്. അംഗത കറ്റവാഴയും അംഗലിമേത്തോണിയും അംഗല്യം വേപ്പും അംഗലോസ്യം കാട്ടുവെള്ളരിയോ ഇഞ്ചിയോ ഒരുതലം പുല്ലോ ആണ്. പാലൂറുന്ന കരവിപാല അംഗരക്തമാണ്. അംഗവം ഉണങ്ങിയ കായയെയും പഴം/കനിയെയുമാണ് പറയുന്നത്. അംഗസ്സ് പക്ഷിക്കുഞ്ഞ്.

തോൾവളയാണ് അംഗദം. അംഗപ്പട സൈന്യത്തിലെ ഒരംഗമാണ്. പ്രധാനവിധിയെ ബോധിപ്പിക്കുന്ന ഉപവിധിയാണ് അംഗവിധി. പ്രധാന വാക്യത്തെ ആശ്രയിച്ചുള്ള വാക്യം അംഗ ഉപവാക്യമാണ്. ■




# ചിത്ര – ശില്പകല ആധുനികാനന്തരം വരെ

ഭാരതത്തിലെയും വിദേശങ്ങളിലെയും ആദികാലം മുതലുള്ള പ്രധാന സംക്ഷിപ്ത കലാചരിത്രം, പാരമ്പര്യ സവിശേഷതകൾ, വിദേശങ്ങളിലെയും ഭാരതത്തിലെയും കേരളത്തിലെയും മൺമറഞ്ഞ മുഖ്യ




കലാകാരന്മാർ പ്രതിനിധീകരിച്ച പ്രസ്ഥാനങ്ങളുടെ സവിശേഷതകൾതുടങ്ങിയവയുടെ വിവരണം കഴിഞ്ഞ മുപ്പത്തിമൂന്ന് വർഷങ്ങളിൽ പലപ്പോഴായി പ്രൊഫ. കാട്ടൂർ നാരായണപിള്ള കുറിച്ചുവെച്ചിരുന്നതിന്റെ സമാഹാരമാണ് ഈ പുസ്തകം. നാലു ഭാഗങ്ങളിലായി ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്ന ചരിത്രപരവും സൗന്ദര്യശാസ്ത്രപരവുമായ ഗൗരവമേറിയ വിശദീകരണങ്ങൾ പോയകാലകലയും ഇക്കാല കലയും തമ്മിലുള്ള വ്യത്യാസങ്ങളും ആധുനിക കലയെയും ഉൽക്കൊള്ളുവാനും മനനസ്സിലാക്കുവാനും വായനക്കാർക്ക് പ്രചോദനമേകും. ചിത്ര-ശില്പകലാവിദ്യാർഥികൾക്കും കലാസ്വാദകർക്കും ഒരുപോലെ ലോക-കലാ സവിശേഷതകൾ ലളിതമായി മലയാളത്തിൽ വായിച്ചു ഹൃദിസ്ഥമാക്കുവാൻ തക്ക ഭാഷാ ശുദ്ധതയോടെ പ്രസിദ്ധീകൃതമായിരിക്കുന്ന ഈ ബൃഹദ് പുസ്തകം ഇത്തരത്തിൽ മലയാളത്തിന് അഭിമാനിക്കാവുന്ന പ്രഥമ പുസ്തകമായി വിശേഷിപ്പിക്കാമെന്ന് ഡോ. വി.ആർ. പ്രബോധചന്ദ്രൻ നായർ തന്റെ പ്രകാശന-പ്രഭാഷണത്തിൽ സൂചിപ്പിച്ചു.

പ്രസാധനം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
പേജ് : 220
വില : 700 രൂപ

■ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# നേഴ്സുമാരുടെ മടങ്ങിവരവ്

പ്രതിസന്ധികളെ അതിജീവിച്ച് ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് മലയാളിയുടെ സഹജഭാവമാണ്. അതുകൊണ്ടാണ് ഏതു സാഹസത്തിനും മലയാളി തയാറാകുന്നത്. ലോകമെമ്പാടുമുള്ള ആശുപത്രികളിൽ പണിയെടുക്കുന്ന മലയാളി നേഴ്സുമാർ നമുക്ക് നൽകുന്ന പാഠവും അതാണ്. അപരിചിതമായ അന്യരാജ്യത്ത് പണിയെടുക്കുന്ന നേഴ്സുമാർ സ്വന്തം ജീവിതം കരുപിടിപ്പിക്കുന്നതോടൊപ്പം രാജ്യത്തിന്റെ യശ്ശസും ഉയർത്തിപ്പിടിക്കുന്നുണ്ട്. മലയാളികളുടെ പ്രവാസ ജീവിതത്തിനും തുടക്കമിട്ടതും പിന്നീട് ആക്കം കൂട്ടിയതും നേഴ്സുമാരിലൂടെയാണ്. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും സ്നേഹാദരവുകൾ പിടിച്ചുപറ്റി മലയാണി നേഴ്സുമാർ ജോലി ചെയ്യുന്നു.

എന്നാൽ പലപ്പോഴും വിവാദ സാഹചര്യങ്ങളിലൂടെയാണ് അവർ കടന്നുപോകുന്നത്. ഇപ്പോൾ നാം നേരിട്ട വലിയ പ്രതിസന്ധിയാണ് സംഘർഷഭരിതമായ ഇറാക്കിലെ ആശുപത്രികളിൽ കുടുങ്ങിപ്പോയ മലയാളി നേഴ്സുമാരുടെ പ്രശ്നം. പൊട്ടിച്ചിതറുന്ന ബോംബുകളുടെയും നിലയ്ക്കാത്ത വെടിയൊച്ചകളുടെയും നടുവിൽ മനസ്സാന്നിധ്യം കൈവിടാതെ ആ പ്രതിസന്ധിയെ അവർ നേരിട്ടു. വായ്പ എടുത്തും കടംവാങ്ങിയും കുടുംബ പ്രാരാബ്ധങ്ങളിൽ നിന്ന് കരകയറുവാനാണ് നമ്മുടെ കുട്ടികൾ പ്രതിസന്ധികൾ കണക്കിലെടുക്കാതെ പണിയെടുക്കുവാൻ വിദേശങ്ങളിലേക്ക് പോകുന്നത്.

46 നേഴ്സുമാരെയാണ് ഇപ്പോൾ പ്രതിസന്ധികളെ അതിജീവിച്ച് നമുക്ക് നാട്ടിലെത്തിക്കുവാൻ കഴിഞ്ഞത്. നിശ്ചിതമായൊരു നിയമവാഴ്ചയില്ലാത്ത ഒരു രാജ്യത്തുനിന്നാണ് നമ്മുടെ കുട്ടികളെ സുരക്ഷിതമായി ഇവിടെയെത്തിക്കുവാൻ കഴിഞ്ഞത്. കേന്ദ്രഗവൺമെന്റിന്റെ സൂക്ഷ്മമായ ഇടപെടലുകൾ ഇതിന് സഹായിച്ചു. അനിശ്ചിതത്വങ്ങൾ ധാരാളമുണ്ടായെങ്കിലും അതിനെയൊക്കെ സമചിത്തതയോടെയുള്ള നയതന്ത്രത്തിലൂടെ നമുക്ക് അതിജീവിക്കുവാൻ കഴിഞ്ഞു.

മടങ്ങിയെത്തിയ നേഴ്സുമാരിൽ പലരും കടക്കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. പലരും ശമ്പളമില്ലാതെയാണ് അവിടെ പണിയെടുത്തിരുന്നത്. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സർക്കാർ എല്ലാവിധ സംരക്ഷണവും ഉറപ്പു നൽകുന്നു. മടങ്ങിയെത്തിയ നേഴ്സുമാർക്ക് പകരം തൊഴിൽ കണ്ടെത്തുവാൻ സ്വകാര്യമേഖലകളുമായി സഹകരിച്ച് സർക്കാർ ശ്രമിക്കുന്നുണ്ട്. കൂടാതെ മടങ്ങിയെത്തിയവർക്ക് മൂന്നു ലക്ഷം രൂപവീതം നൽകുവാനും ധാരണയായിട്ടുണ്ട്.

പ്രവാസികൾ നാടിന് നൽകുന്ന സേവനങ്ങളെ വിസ്മരിച്ചുകൊണ്ട് ഒരു സർക്കാരിനും പ്രവർത്തിക്കുവാനാകില്ല. യുദ്ധസമാനമായ സാഹചര്യത്തിൽ നിന്ന് നേഴ്സുമാരെ രക്ഷപെടുത്തുകയെന്നത് വലിയൊരു വെല്ലുവിളിതന്നെയായിരുന്നു. സമാന സാഹചര്യങ്ങളിൽ നേഴ്സുമാർ ഇപ്പോഴും പണിയെടുക്കുന്നുണ്ട്. അവരെയും സുരക്ഷിതമായി നാട്ടിലെത്തിക്കുകയെന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അത് ഫലപ്രദമായി നടപ്പിലാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാമണ്. ■